www.malankaralibrary.com



# സ്നേഹസ്മരണിക

www.malankaralibrary.com

# Snehasmaranika

Published by
Rev. Dr. Thoms Kottarathil
Smaraka Committee
Kallumpurathu Kottarathil
Puthiyakavu, Mavelikara-690101

Members
Most Rev. Dr. Joshua Mar Ignathios (Patron)
(Bishop of Mavelikara)
Rev. Fr. Abraham Pappadiyil
(Vicar, St. Thomas Malankara Catholic Church,
Puthiyakavu)
Mr. T. Thomas John (General Convener)
Mr. K. V. Oommen
Mr. Mathew Panicker

Editorial Board
Most Rev. Dr. Samuel Mar Irenious
Mr. M. V. Thomas
Mr. P. J. Antony
Sr. Rajitha
Dr. P. Antony George (Chief Editor)

Designing
Manu Vijayan (Computer Graphics)
Printing
Computer Graphics, Kottayam. 0481-2584505


www.malankaralibrary.com

*"We must restore hope to young people, help the old, be open to the future, Spread love"*



# POPE FRANCIS

www.malankaralibrary.com



ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ്


www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
## Major Archdiocese of Trivandrum

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos of
The Syro-Malankara Catholic Church &
Major Archbishop of Trivandrum

Major Archbishop House
Pattom, Trivandrum 695 004
Kerala, India

## സന്ദേശം



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവനന്തപുരം അതിരൂപതയിലെ പ്രമുഖ വൈദികനായിരുന്ന റവ. ഡോ. തോമസ് കൊട്ടാരത്തിലച്ചൻ ഈ ലോകത്തോട് വിടപറഞ്ഞിട്ട് ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ അനുയോജ്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കുടുംബാംഗമായ ബഹു. കൊട്ടാരത്തിലച്ചൻ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് തന്റെ വൈദിക ശുശ്രൂഷയിലൂടെ സ്തുത്യർഹമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ് എന്നിവയുടെ പ്രിൻസിപ്പൽ എന്ന നിലയിൽ ബഹു. കൊട്ടാരത്തിലച്ചൻ വളരെ ശ്ലാഘനീയമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്. കലാലയ അച്ചടക്കം ഉറപ്പാക്കുന്നതിനും കോളേജിന്റെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധ പുലർത്തിയ അദ്ദേഹം പാഠ്യവിഷയങ്ങളോടൊപ്പം പാഠ്യേതര കാര്യങ്ങളിലും ഏറെ താല്പര്യത്തോടെ പ്രവർത്തിച്ചു. അതിപ്രഗൽഭനായ അധ്യാപകനായിരുന്ന അദ്ദേഹം വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ഏറെ പ്രിയങ്കരനുമായിരുന്നു. മാർ ഈവാനിയോസ് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്ക് AMICOS എന്ന പേര് നിർദ്ദേശിച്ചതും അത് ആരംഭിച്ചതും ബഹു. കൊട്ടാരത്തിലച്ചന്റെ നേതൃത്വത്തിലാണ്. പൂർവ്വ വിദ്യാർത്ഥികളോടുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ബന്ധവും അവരെ ഒന്നിച്ചു നിർത്താനുള്ള വൈഭവവും അദ്ദേഹം പ്രകടമാക്കി. അതിന്റെ ഫലമായി ഈ പ്രസ്ഥാനം ആഗോളതലത്തിൽ വികസിക്കുവാൻ ഇടയായി.

അതീവ ഹൃദ്യവും ദൈവാനുഭവം ഉളവാക്കുന്നതുമായിരുന്നു ബഹു. തോമസ് കൊട്ടാരത്തിലച്ചന്റെ വിശുദ്ധ കുർബ്ബാന അർപ്പണം. അദ്ദേഹത്തിന്റെ ഇടവകശുശ്രൂഷയും ഇന്നും അനേകർ നന്ദിയോടെ ഓർക്കുന്നു. ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് ക്രിസ്മസിന്റെ സന്തോഷത്തിൽ ഒരു നടുക്കമായിരുന്നു അദ്ദേഹത്തിന്റെ അകാല നിര്യാണം. പൗരോഹിത്യത്തിന്റെ മഹത്വം പുലർത്തിയ പണ്ഡിതനും നിർമ്മലനുമായ ഈ പുരോഹിത ശ്രേഷ്ഠനുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക്, പ്രത്യേകിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന് ബഹു. കൊട്ടാരത്തിലച്ചൻ നൽകിയ പൗരോഹിത്യ ശുശ്രൂഷയ്ക്ക് സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു, അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# DIOCESE OF MAVELIKARA



**JOSHUA MAR IGNATHIOS** **Bishop of Mavelikara**

## അനുഗ്രഹാശംസ

സ്നേഹനിധിയായ തോമസ് കൊട്ടാരത്തിൽ അച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഡിസംബർ 26-ന് 25 വർഷം പൂർത്തിയാകുന്നു. പരിചയപ്പെട്ടവർക്കെല്ലാം ഹൃദയത്തിൽ നൊമ്പരമായിരുന്നു അച്ചന്റെ ആകസ്മിക മരണം. മരണത്തെ അതിജീവിക്കുന്ന നിരവധി ഓർമ്മകൾ അച്ചനെപ്പറ്റിയുണ്ട്. അച്ചന്റെ ജീവിതത്തെക്കുറിച്ച് സ്നേഹിതന്മാർ പങ്കുവയ്ക്കുന്ന ഓർമ്മകൾ കോർത്തിണക്കി തയ്യാറാക്കുന്ന സ്മരണികയ്ക്ക് എന്റെ ഹൃദ്യമായ ആശംസകൾ!

പൗരോഹിത്യത്തിന്റെ മഹത്വം അച്ചന്റെ സവിശേഷ വ്യക്തിത്വത്തെ വേറിട്ടുനിർത്തി. ശാന്തതയും സമചിത്തതയും അതിനു മാറ്റുകൂട്ടി. വിശുദ്ധിയും വിനയവും അച്ചന്റെ ജീവിതത്തെ എപ്പോഴും അലങ്കരിച്ചിരുന്നു. രസതന്ത്രത്തിൽ ഫ്രാൻസിലെ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കിയപ്പോഴും ജീവിതലാളിത്യം അച്ചൻ അഭംഗുരം കാത്തുസൂക്ഷിച്ചു. ഹോസ്റ്റൽ വാർഡൻ, രസതന്ത്ര അധ്യാപകൻ, ബർസാർ, സെൻര് ജോൺസ് കോളേജ് അഞ്ചൽ, മാർ ഈവാനിയോസ് കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രിൻസിപ്പാൾ, കേരള യൂണിവേഴ്സിറ്റിയുടെ വിവിധ അക്കാദമിക് കൗൺസിലുകളിൽ വിശിഷ്ടാംഗം എന്നീ നിലകളിൽ ഉജ്ജ്വലമായി അദ്ദേഹം സേവനമനുഷ്ഠിച്ചു. അധ്യാപകരോടും വിദ്യാർത്ഥികളോടും സഹപ്രവർത്തകരോടും കുലീനത്വം നിറഞ്ഞ പെരുമാറ്റം അച്ചൻ കാത്തുസൂക്ഷിച്ചു. കോളേജിൽ നിന്ന് ഔദ്യോഗികമായി വിരമിച്ച് ചെങ്ങന്നൂർ ജില്ലാവികാരിയായി. ആല, കുറിച്ചിമുട്ടം, ചെങ്ങന്നൂർ ഇടവകകളുടെ വികാരിയായി അച്ചൻ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. ദൈവജനത്തിന്റെ ഹൃദയത്തിലാണ് അച്ചന്റെ നിത്യമായ ഇരിപ്പിടം.

അച്ചനുമായി ഹൃദ്യമായ ഒരു വ്യക്തി ബന്ധം എനിക്കുണ്ടായിരുന്നു. എന്റെ മാതൃ ഇടവകയായ കിഴക്കേതെരുവ് ഇടവകയിൽ നിരവധി തവണ അച്ചൻ വി. കുർബാന അർപ്പിച്ചിട്ടുണ്ട്. ഭക്തിയോടും അതീവശ്രദ്ധയോടും അച്ചൻ വിശുദ്ധ ബലിയർപ്പിച്ചു. അച്ചന്റെ ജന്മനാടായ മാവേലിക്കരയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാവന സ്മരണ നിലനിർത്താൻ സമാരംഭിച്ച തൊഴിൽ സ്ഥാപനത്തിന്റെ പ്രാരംഭ ചിന്തകളും ആസൂത്രണവും അച്ചൻ ഞാനുമായി ഏറെ പങ്കുവെച്ചു. ഔദ്യോഗിക സേവനരംഗത്തുനിന്ന് അച്ചൻ വിരമിക്കുമ്പോൾ മദ്രാസിലെ മാർ ഗ്രീഗോറിയോസ് കോളേജിൽ സേവനത്തിന് ലഭ്യമാക്കാമെന്ന് ഭാഗ്യസ്മരണാർഹനായ ഗ്രീഗോറിയോസ് പിതാവ് എന്നോട് സമ്മതിച്ചിരുന്നു. അനിതരസാധാരണമായ അച്ചന്റെ സമീപനം, തുറവി, ഹൃദയവിശാലത, ഹൃദയനൈർമ്മല്യം എല്ലാം എനിക്ക് പ്രിയപ്പെട്ടതായിരുന്നു. വൈദിക കൂട്ടായ്മയ്ക്ക് ആഭിജാത്യം പകരുന്ന അച്ചന്റെ ശ്രേഷ്ഠ വ്യക്തിത്വം ഇന്നും എനിക്ക് പ്രചോദനമാണ്.

ദൈവസന്നിധിയിൽ ഇരുന്ന് സഭയ്ക്കും സമൂഹത്തിനും വേണ്ടി വിലയേറിയ തന്റെ മാധ്യസ്ഥം അച്ചൻ ഇന്നും തുടരുന്നു. പാവന മദ്ബഹയിൽ വെടിപ്പോടെ ശുശ്രൂഷിച്ച മഹിതാചാര്യനെ ദൈവപിതാവ് അനുഗ്രഹിക്കട്ടെ.

അമലഗിരി

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

1 ഡിസംബർ 2016

www.malankaralibrary.com

# ARCHDIOCESE OF CHANGANACHERRY

**MAR JOSEPH POWATHIL**
**Arch Bishop Emiritus**



## ആശംസ

1955 മുതൽ 1963 വരെ കത്തോലിക്കാ സഭയുടെ പ്രശസ്ത പൂനാ പേപ്പൽ സെമിനാരിയിൽ പഠിച്ചിരുന്ന മലയാള വൈദിക വദ്യാർത്ഥികൾ തമ്മിൽ ഏറ്റവും നല്ല സ്നേഹബന്ധമാണ് ഉണ്ടായിരുന്നത്. അക്കാലത്ത് ഏറ്റവും മികച്ച് രീതിയിൽ പ്രവർത്തിച്ചിരുന്ന മലയാളി സമാജം മലയാളികളെ ഒന്നിപ്പിക്കുന്ന ഒരു സുപ്രധാന സംഘടനയായിരുന്നു. പൂന പേപ്പൽ സെമിനാരിയിൽ ഞാനൻ വൈദീക വിദ്യാർത്ഥിയായിരുന്നപ്പോൾ ബഹു. തോമസ് കൊട്ടാരത്തിൽ (Tom Tom) അച്ചനുമായുള്ള സൗഹൃദം എന്റെ മനസ്സിൽ ഇന്നും പച്ചപിടിച്ച് നിൽക്കുന്നു. പുസ്തക ശേഖരണത്തിലും വായനയിലും ഏറെ താത്പര്യനായിരുന്ന അച്ചനാണ് പല ദൈവശാസ്ത്ര ഗ്രന്ഥങ്ങളുമായി എന്നെ പരിചയപ്പെടുത്തിയത്. ദൈവശാസ്ത്രപരമായ വിഷയങ്ങളിൽ ഞങ്ങൾ പല അവസരങ്ങളിലും ചർച്ചകൾ നടത്തുകയും അത് ഞങ്ങളെ ആത്മ സുഹൃത്തുക്കളാക്കിയ ഒരു സുപ്രധാന ഘടകമാവുകയും ചെയ്തു. വൈദീകരായ ശേഷവും ഞങ്ങളീ സ്നേഹബന്ധം തുടരുകയും അദ്ദേഹം മാർ ഇവാനിയോസ് കോളേജിൽ അദ്ധ്യാപകനായിരുന്നപ്പോഴും, പിന്നീട് പ്രിൻസിപ്പൾ ആയിരുന്നപ്പോഴും ഞങ്ങൾ പരസ്പരം സന്ദർശിക്കുകയും സൗഹൃദം പുതുക്കുകയും ചെയ്തിരുന്നത് ഞങ്ങളുടെ സ്നേഹബന്ധത്തെ കൂടുതൽ ദൃഢമാക്കി. അകാലത്തിൽ സംഭവിച്ച അച്ചന്റെ മരണം എനിക്ക് ഏറെ ദുഃഖ കാരണമായി. അച്ചന്റെ വിടവാങ്ങൽ സഭയ്ക്കും സമൂഹത്തിനും വലിയ നഷ്ടമായി എന്നത് വേദനയോടെ ഞാൻ പറയട്ടെ. സ്ഥലത്തില്ലായിരുന്നതുകൊണ്ട് സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിയാതിരുന്നത് എനിക്ക് വലിയ വിഷമമുണ്ടാക്കി. എങ്കിലും പിന്നീട് മാവേലിക്കരയിൽ പോയി അച്ചനുവേണ്ടി ഒപ്പീസു ചൊല്ലുവാനും പ്രാർത്ഥിക്കുവാനും അച്ചന്റെ മാതാവിനെ സന്ദർശിക്കുവാനും സാധിച്ചു. ഈ ചരമ ജൂബിലി ആചരണം ഒന്നുകൂടി ഓർമ്മകൾ പുതുക്കുവാനുള്ള അവസരമായി ഞാൻ കരുതുന്നു. ദൈവം തന്റെ മഹത്വത്തിലേയ്ക്ക് പ്രവേശിപ്പിച്ചിരിക്കുന്ന ബഹു. ടോം ടോം അച്ചന് എന്റെ ഹൃദയപൂർവ്വമായ ആദരാഞ്ജലികൾ.

1 ഡിസംബർ 2016

**മാർ ജോസഫ് പൗവ്വത്തിൽ**
ആർച്ച് ബിഷപ്പ് എമരിറ്റസ്
ചങ്ങനാശ്ശേരി അതിരൂപത

www.malankaralibrary.com



ആശംസ

## രമേശ് ചെന്നിത്തല
ലീഡർ ഓഫ് ഒപ്പോസിഷൻ

റവ. ഡോ. തോമസ് കൊട്ടാരത്തിൽ ദിവംഗതനായിട്ട് 25 വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുന്നു എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ ഓർമ്മിക്കപ്പെടുന്നതിന് ഈ സ്മരണിക ഉപകരിക്കുമെന്ന് ഞാൻ കരുതുന്നു. എന്റെ ആശംസകൾ.

രമേശ് ചെന്നിത്തല
കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ
തിരുവനന്തപുരം - 695033

ആശംസ

## കൊടിക്കുന്നിൽ സുരേഷ് MP



റവ. ഡോ. തോമസ് കൊട്ടാരത്തിൽ ചരമ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്ന് അറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. റവ. ഡോ. തോമസ് കൊട്ടാരത്തിൽ സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. അദ്ദേഹത്തിന്റെ വേർപാടിന്റെ 25 വർഷം പൂർത്തീകരിക്കുന്ന ഈ വേളയിൽ പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. മലങ്കര കത്തോലിക്കാ സഭയിലെ വൈദിക ശ്രേഷ്ഠന്മാർക്കും അഭ്യുദയകാംക്ഷികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. സ്മരണിക വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

കൊടിക്കുന്നിൽ സുരേഷ് MP

www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com




മനുഷ്യജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട അമൂല്യമായ അറിവ് ഗ്രഹിച്ച് സ്വർഗ്ഗരാജ്യം സ്വായത്തമാക്കുന്നതും അറിയരുതാത്ത കാര്യങ്ങൾ മനസ്സിലാക്കി അജ്ഞാനമാകുന്ന അന്ധകാരത്തിൽ ജീവിതം ഹോമിക്കുന്നതിൽ നിന്നും രക്ഷനേടുന്നതുമാകണം മാനവരുടെ ജീവിതലക്ഷ്യം. പരിപൂർണ്ണമായ  പ്രപഞ്ചത്തിന്റെ അദൃശ്യവും അനാദിയും അനന്തവുമായ പരമചൈതന്യമാണ് എല്ലാത്തിന്റേയും ഉറവിടമെന്ന സത്യം ഗ്രഹിക്കുന്നവരും, ദൈവാനുഭവത്തിൽ ജീവിക്കുന്നവരുമാണ്, ഈശോ സുവിശേഷത്തിൽ വെളിപ്പെടുത്തിയ സ്വർഗ്ഗരാജ്യമെന്ന ആത്മസാക്ഷാത്ക്കാരം നേടുന്ന ആത്മാവിൽ ദരിദ്രരായ മഹാഭാഗ്യശാലികൾ. ലൗകികസുഖങ്ങളിൽ മുഴുകി അജ്ഞാനത്തിന്റെ അന്ധകാരത്തിൽ ജീവിച്ച മനുഷ്യർക്ക് സത്യം വെളിപ്പെടുത്തുവാൻ ഭൂമിയിൽ ജാതനായ ദൈവപുത്രനായ യേശുവാണ് യഥാർത്ഥഗുരുവും മഹാപുരോഹിതനും. യേശു വെളിപ്പെടുത്തിയ സത്യം ഗ്രഹിച്ച് ഈശോയിലേക്ക് മനുഷ്യരെ നയിക്കുന്ന യേശുവിന്റെ പ്രതിനിധികളാണ് ഭൂമിയുടെ പ്രകാശവും ഗുരുസ്ഥാനത്തുള്ള പുരോഹിതർ. അജ്ഞാനത്തിന്റെ ഇരുട്ടിൽ മറഞ്ഞിരിക്കുന്ന ആത്മാവിനെ മനുഷ്യന് വെളിപ്പെടുത്തുവാൻ അവരെ യേശുവിൽ വിശുദ്ധീകരിക്കുന്ന പുരോഹിതർ, സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണരായിരിക്കുന്നതുപോലെ മനുഷ്യരെ പൂർണ്ണരാക്കുന്നതിനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നു. യേശുവിനുവേണ്ടി മനുഷ്യരെ വിശുദ്ധീകരിക്കുന്ന ദൈവിക മർമ്മം നിർവ്വഹിക്കുവാൻ തന്റെ ജീവിതം സമർപ്പിച്ച സ്നേഹസമ്പന്നനും വിനയാന്വിതനും ത്യാഗിയുമായിരുന്ന റവ. ഡോ. തോമസ് കൊട്ടാരത്തിൽ ഈശോയോട് ചേർന്ന് നിന്ന് യഥാർത്ഥ പൗരോഹിത്യമർമ്മം നിർവ്വഹിച്ച ശ്രേഷ്ഠപുരോഹിതനായിരുന്നു. മനുഷ്യമനസ്സുകളിൽ തന്റെ ഹൃദയ നൈർമ്മല്യവും സ്നേഹവും ലാളിത്യവും സർവ്വോപരി അഗാധമായ ദൈവവിശ്വാസം കൊണ്ടും സ്ഥാനംപിടിച്ച കൊട്ടാരത്തിലച്ചൻ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടതിന്റെ 25-ാം ആണ്ട് സ്മരിക്കുന്നത് എന്തുകൊണ്ടും ഉചിതവും ദൈവാനുഗ്രഹപ്രദവുമാണ്. വിശ്വാസികളെ യേശുവിൽ വിശുദ്ധീകരിക്കുന്ന ശ്രേഷ്ഠകർമ്മമാണ് താൻ നിർവ്വഹിക്കുന്നതെന്നുള്ള ബോദ്ധ്യത്തോടെ പൗരോഹിത്യ കർമ്മം നിർവ്വഹിച്ച കൊട്ടാരത്തിലച്ചനെന്ന മോനിയച്ചൻ തന്നെ ഭരമേൽപ്പിച്ച ഏതുദൗത്യവും ഈ ദൈവികമനോഭാവത്തോടെ വളരെ ആത്മാർത്ഥതയോടും സത്യസന്ധതയോടുമാണ് നിർവ്വഹിച്ചത്. പ്രിൻസിപ്പാളിൽ നിന്നും ഇടവക വികാരിയായിദൗത്യം ഏറ്റെടുത്തപ്പോഴും ഏറ്റം സന്തോഷത്തോടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ച് വിശ്വാസികളുടെയും സാധാരണക്കാരുടെയും ഹൃദയങ്ങളിലേക്കിറങ്ങിചെന്ന അതുല്യ വ്യക്തിത്വമായിരുന്നു കൊട്ടാരത്തിലച്ചൻ. വിശ്വാസികളും ശിഷ്യഗണങ്ങളും സ്നേഹിതരും ബന്ധുക്കളും താനുമായി ഏതെങ്കിലും രീതിയിൽ ബന്ധപ്പെട്ടിട്ടുള്ള എല്ലാവരിലും കരതീർന്ന സ്നേഹം പകർന്നുനൽകി അവരുടെയെല്ലാം മനസ്സിൽ ഇടംനേടിയ മോനിയച്ചൻ പൗരോഹിത്യത്തിന് ഉദാത്ത മാതൃകയായിരുന്നു. ലൗകികസുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുന്ന ഇന്നത്തെ തലമുറയെ സ്വാധീനിക്കുവാൻ ആത്മാവിൽ നിറഞ്ഞ് ജീവിച്ച കൊട്ടാരത്തിലച്ചനെപ്പോലെയുള്ളവരുടെ കുറവ് ഒരു വലിയ ആത്മീയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഈ മഹാനുഭാവന്റെ വേർപാടിന്റെ 25-ാം വാർഷികത്തിൽ അച്ചന്റെ ധന്യജീവിതത്തിന്റെ ഒരു ചെറിയ അംശമെങ്കിലും ആവിഷ്കരിക്കാനുള്ള ശ്രമമാണ് ഈ സ്നേഹസ്മരണിക. കൊട്ടാരത്തിലച്ചന്റെ സ്നേഹസമ്പന്നതയും തീഷ്ണദൈവവിശ്വാസവും കരതീർന്ന ലാളിത്യവും വിനയവും അഗാധഭക്തിയും അനാവരണം ചെയ്യുവാനും അത്
ഒരു ഓർമ്മച്ചെപ്പായി സൂക്ഷിക്കപ്പെട്ട് നമുക്ക് പ്രചോദനമായിത്തീരുവാനും ഈ സ്മരണിക ഉപയുക്തമാക്കപ്പെടട്ടെയെന്ന ആത്മാർത്ഥമായ പ്രാർത്ഥനയോടെ നമ്മുടെ പ്രിയപ്പെട്ട കൊട്ടാരത്തിലച്ചന്റെ പാവനസ്മരണക്കു മുമ്പിൽ ഈ സ്നേഹസ്മരണിക ആദരവോടെ സമർപ്പിക്കുന്നു.

സ്നേഹാദരവോടെ

പത്രാധിപസമിതിക്കുവേണ്ടി
**ഡോ. പി. ആന്റണി ജോർജ്**
ചീഫ് എഡിറ്റർ



www.malankaralibrary.com

# ഉള്ളടക്കം


എഡിറ്റോറിയൽ 11

**മുമ്പേ പറന്ന പക്ഷി**

*- ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്* 13

**കർമ്മധീരതയുടെ സ്മാരകങ്ങൾ തീർത്ത അദ്വിതീയൻ**

*- ശ്രീ. പാലോട് രവി* 17

**മലങ്കരസഭയ്ക്ക് മറക്കാനാകാത്ത വൈദിക ശ്രേഷ്ഠൻ**

*- ജോൺ മത്തായി* 19

**മലങ്കര കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മിക വിസ്മയം**

*- തോമസ് ജോൺ തേവരേത്ത്* 20

**പ്രണാമം**

*- ലിസ്സി ജേക്കബ്* 21

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ തുടർച്ചക്കാരൻ**

*- എം.വി. തോമസ്* 22

**നവീനാശയങ്ങളുടെ പ്രയോക്താവ്**

*- തോമസുകുട്ടി കൈമലയിൽ* 24

**എന്റെ ഓർമ്മകളിലെ കൊട്ടാരത്തിലച്ചൻ**

*- ഡോ. സുമ തോമസ്* 26

**അൾത്താരയിലെ അഗ്നി കെടാതെ ആറിലൊരാൾ**

*- ഡോ. ജോൺ റ്റി. എബ്രഹാം* 28

**കുടുംബബന്ധങ്ങളെ സ്നേഹം കൊണ്ട് സമ്പന്നമാക്കിയ ഞങ്ങളുടെ മോനിയച്ചൻ**

*- തോമസ് ആന്റണി, വർഗ്ഗീസ് ആന്റണി* 29

**സ്വപ്നങ്ങളെ താലോലിച്ച കർമ്മയോഗി**

*- റവ. ഡോ. പി.ജി. തോമസ് പണിയ്ക്കർ (കാരിച്ചാൽ)* 30

**അച്ചടക്കവും കരുതലും ഉൾച്ചേർന്നപ്പോൾ**

*- ഡോ. തോമസ് ജോസഫ് തൂങ്കുഴി* 31

**ഗുരുവന്ദനം**

*- സിസ്റ്റർ രാജിത* 32

**റവ. ഡോ. തോമസ് കൊട്ടാരത്തിൽ, എന്റെ ഓർമ്മകളിൽ**

*- വി.ജെ. ആന്റണി* 33

**കൊട്ടാരത്തിലച്ചന്റെ കുടുംബപശ്ചാത്തലവും പാരമ്പര്യവും**

*- ബിജു വർഗ്ഗീസ് ഉമ്മൻ* 34

**സ്നേഹാനുസ്മരണം**

*- വന്ദ്യ ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പാ* 36

**ജീവിതം ഫലദായകം**

*- വന്ദ്യ ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ OIC* 37

**സ്വപ്നങ്ങൾ സഫലീകരിക്കാൻ ബാക്കിവച്ച്**

*- ഡാനിയേൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പാ* 38

**ഓർമ്മകളിലെ കൊട്ടാരത്തിലച്ചൻ**

*- ഡോ. കെ.വൈ. ബനഡിക്ട്* 39

**വിശ്വാസത്തിലും പ്രാർത്ഥനയിലും കുഞ്ഞുങ്ങളെ ആഴപ്പെടുത്തിയ പഞ്ചാരയപ്പച്ചൻ**

*- അഖിൽ ഡി. ഐവാൻ, ലിയോണ മെർലിൻ ആന്റണി* 40

**പൗരോഹിത്യം – വിശ്വാസികളെ ക്രിസ്തുവിൽ വിശുദ്ധീകരിക്കുന്ന ദൈവികകർമ്മം**

*- ഡോ. വി. ആന്റണി ജോർജ്ജ്* 41

Father Tom Tom - An Exemplary priest

*- Most Rev. Thomas Mar Eusebius* 46

Memories from a former student's perspective

*- Rachel Mathew* 47

A Principal of Principles

*- Dr. Abraham Joseph* 48

www.malankaralibrary.com



# റവ. ഡോ. തോമസ് കൊട്ടാരത്തിൽ

## മുമ്പേ പറന്ന പക്ഷി



**ബിഷപ് സാമുവൽ മാർ ഐറേനിയോസ്**

പ്രിയങ്കരനായ തോമസ് കൊട്ടാരത്തിലച്ചൻ തികച്ചും ആകസ്മികമായി ഈ ലോകത്തോട് വിടപറഞ്ഞിട്ട് ഈ ഡിസംബർ 26-ാം തീയതി 25 വർഷം പൂർത്തിയാകുകയാണ്. വരുംതലമുറകൾക്ക് വഴികാട്ടിയായി ദീർഘവീക്ഷണത്തോടെ സ്വപ്നങ്ങൾ മെനഞ്ഞ്, വ്യാപരിച്ച മേഖലകളിലൊക്കെ പുതിയ പുതിയ വഴികൾ തുറന്ന് പ്രതികൂലങ്ങളെ നെഞ്ചുറപ്പോടെ അതിജീവിച്ച് മുമ്പേ പറന്ന ആ വിശുദ്ധ പക്ഷി കൂടണഞ്ഞിട്ട് കാൽനൂറ്റാണ്ട്.

1991 മെയ് മാസം 31-ാം തീയതി മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പൽ പദവിയിൽ നിന്നും വിരമിച്ച അദ്ദേഹം അന്നുതന്നെ ചെങ്ങന്നൂർ, കുറിച്ചിമുട്ടം, ആലാ എന്നീ ഇടവകകളുടെ വികാരിയായും ചെങ്ങന്നൂർ വൈദിക ജില്ലാ വികാരിയായും ചുമതലയേറ്റു. പൗരോഹിത്യ ജീവിതത്തിന്റെ മുപ്പത് വർഷവും ശാസ്ത്ര പഠനത്തിലും കോളേജ് അധ്യാപകൻ, ഹോസ്റ്റൽ വാർഡൻ, ബർസാർ, പ്രിൻസിപ്പാൾ എന്നീ ഉത്തരവാദിത്തങ്ങളിലും മുഴുകിയിരുന്ന അദ്ദേഹത്തിന് മുഴുവൻ സമയവും ഇടവക ശുശ്രൂഷയ്ക്ക് ലഭിച്ച സന്ദർഭം ആവേശത്തോടെയാണ് സ്വീകരിച്ചത്. മാർ ഈവാനിയോസ് കോളേജിന്റെ പ്രഗൽഭനായ പ്രിൻസിപ്പൽ തലസ്ഥാന നഗരിയിൽ നിന്ന് ഏറെ അകന്ന് ഇടവക ശുശ്രൂഷയിൽ മാത്രം ഒതുങ്ങുകയോ എന്ന ചോദ്യത്തിന്, ഹൃദയനിറവിൽ നിന്ന് പ്രതിഫലിക്കുന്ന പുഞ്ചിരിയായിരുന്നു മറുപടി. ഏഴ് മാസം മാത്രമേ അദ്ദേഹം അവിടെ വികാരിയായിരുന്നു. പക്ഷേ ഇപ്പോഴും വിശ്വാസികളുടെ മനസിൽ നിറഞ്ഞ് നില്ക്കുന്ന ഓർമ്മയാണ് അദ്ദേഹം. അദ്ദേഹം മൂന്ന് ഇടവകകളിലുമുള്ള വീടുകൾ കയറിയിറങ്ങി പ്രാർത്ഥനാസമ്മേളനങ്ങൾ സംഘടിപ്പിച്ചു. വിവിധ സംഘടനകൾ സജീവമാക്കി, സണ്ടേസ്കൂളിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി. മാർ ഈവാനിയോസ് കോളേജിലെ ജീസസ് യൂത്ത് അംഗങ്ങളെ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ മൂന്ന് ഇടവകകളിലെയും എം.സി.വൈ.എം. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാർ ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. ഇടവകാംഗങ്ങളുടെ എല്ലാ ആവശ്യങ്ങളിലും അദ്ദേഹം സജീവ താല്പര്യം എടുത്തു. ആടുകളെ അറിയുന്ന ഒരു ഇടയന്റെ നേതൃത്വം ആസ്വദിച്ച അവർ ഇടയന്റെ സ്വരത്തിന് കാതോർത്തു.

ഇതരസഭാസമൂഹങ്ങളോടും അവിടെയുള്ള പൊതുസമൂഹത്തോടും തുറവിയുടെ മനോഭാവമാണ് അദ്ദേഹം പുലർത്തിയത്. അദ്ദേഹത്തിന്റെ പൂർവ്വ വിദ്യാർത്ഥികളും, ആ പ്രദേശത്തു നിന്നുള്ളവരും, ദൂരെ നിന്നുള്ളവരും നിരന്തരമായി ചെങ്ങന്നൂർ പള്ളിയിൽ എത്തിയിരുന്നു. എല്ലാ ക്രൈസ്തവ സഭകളെയും കോർത്തിണക്കിക്കൊണ്ട് ഡിസംബർ 25-ാം തീയതി വൈകുന്നേരം നടത്തിയ ഐക്യ ക്രിസ്മസ് ആഘോഷങ്ങൾ എല്ലാവർക്കും അപൂർവ്വ അനുഭവമായിരുന്നു. ഈ ക്രിസ്തുമസ് ആഘോഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാനത്തേത് ആകുമെന്ന് ആരും കരുതിയില്ല. 26-ാം തീയതി പുലർച്ചെയുണ്ടായ വാഹന അപകടത്തിൽ മാരകമായ പരിക്കേറ്റ അദ്ദേഹം മണിക്കൂറുകൾക്കുള്ളിൽ കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് ദിവംഗതനായി.

### കുലീനമായ കുടുംബപശ്ചാത്തലം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജേഷ്ഠ സഹോദരി ശ്രീമതി ശോശാമ്മയുടെ മകൻ കെ. തോമസാണ് കൊട്ടാരത്തിൽ അച്ചന്റെ പിതാവ്. അമ്മ, വെണ്ണിക്കുളം മേടയിൽ പാപ്പിസാറിന്റെ മകൾ ആച്ചിയമ്മ. കെ. തോമസ് ആച്ചിയമ്മ ദമ്പതികൾക്ക് ദൈവം നല്കിയ നാലുമക്കളിൽ രണ്ടാമനാണ് മോനി എന്ന കൊട്ടാരത്തിലച്ചൻ. ഇളയ സഹോദരൻ രാജു (ഡോ. എബ്രഹാം തോമസ്) വെള്ളായണി കാർഷിക കോളേജ് പ്രൊഫസറായിരുന്നു. അദ്ദേഹത്തിന്റെ അകാല നിര്യാണം കൊട്ടാരത്തിൽ അച്ചന് എന്നും വലിയ നൊമ്പരമായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരി രാജമ്മ ഉമ്മനും ഇളയ സഹോദരി മേരി തോമസും അവരുടെ കുടുംബാംഗങ്ങളും കൊട്ടാരത്തിൽ അച്ചന് നല്കിയിരുന്ന പിൻബലം അസാധാരണമായിരുന്നു. സഹോദരങ്ങളുടെ മക്കൾ അദ്ദേഹത്തോട് പുലർത്തിയിരുന്ന ആരാധനാമനോഭാവം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ബിജുവിനും റ്റോജിക്കും കൊച്ചുമോനും ബിന്ദുവിനും ഐവാനും മിനിയ്ക്കും അനുവിനും മനുവിനും സൂരജിനും മോനിച്ചായൻ കാണപ്പെട്ട ദൈവവും മാർഗ്ഗദർശിയുമായിരുന്നു. സഹോദരീഭർത്താക്കന്മാരായ പത്തനംതിട്ട ജില്ലാ പ്രഥമ ലോക്കൽ



www.malankaralibrary.com

ഫണ്ട് ഓഡിറ്റ് എക്സാമിനർ കളീക്കൽ കെ. വി. ഉമ്മനും അഗ്രികൾച്ചറൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന തോമസ് ജോൺ തേവരത്തും കൊട്ടാരത്തിൽ അച്ചന് സഹോദരതുല്യമായ ഉറച്ച പിന്തുണ നൽകിയിരുന്നു.

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ നിന്നും പൂന പേപ്പൽ സെമിനാരിയിൽ നിന്നും വൈദിക പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1961 ഒക്ടോബർ 3–ാം തീയതി കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. വൈദികപഠനകാലത്തു തന്നെ അസാധാരണമായ പ്രാഗൽഭ്യമാണ് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ളത്. സഹപാഠികളായ ആർച്ചുബിഷപ്പ് ജോസഫ് പൗവ്വത്തിൽ പിതാവിനോടും അഭിവന്ദ്യ ജയിംസ് പഴയാറ്റിൽ പിതാവിനോടും ഹൃദ്യമായ ബന്ധം മരണം വരെ അദ്ദേഹം പുലർത്തിയിരുന്നു.

**ഉപരിപഠനം**

ശാസ്ത്ര വിഷയങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രത്യേക താൽപര്യം തിരിച്ചറിഞ്ഞ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കെമസ്ട്രി ഐച്ഛിക വിഷയമായി എടുത്ത് ഉപരിപഠനം നടത്താൻ നിർദ്ദേശിച്ചു. മാർ ഈവാനിയോസ് കോളേജിൽ നിന്നും ബി.എസ്.സി., എം.എസ്.സി. ബിരുദങ്ങൾ നേടി. 1967–ൽ മാർ ഈവാനിയോസ് കോളേജിലെ കെമസ്ട്രി വിഭാഗത്തിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 1971–ൽ ഉപരിപഠനത്തിനായി പാരീസിലേക്ക് പോയ അദ്ദേഹം 1975–ൽ കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് ലില്ലിൽ നിന്ന് കെമസ്ട്രിയിൽ ഡോക്ടറേറ്റ് ബിരുദം നേടി. മടങ്ങിയെത്തിയ അദ്ദേഹം മാർ ഈവാനിയോസ് കോളേജിൽ അധ്യാപകനായി തുടർന്നു. അതിപ്രഗൽഭനായ അധ്യാപകനായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ സെന്റ് തോമസ് ഹോസ്റ്റൽ വാർഡനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ഐക്കഫിന്റെ ചാപ്ലയിൻ എന്ന നിലയിൽ കാമ്പസ് മിനിസ്ട്രിയുടെ ചുമതലയും അദ്ദേഹത്തിനായിരുന്നു. 1979–ൽ ജോർജ് മലഞ്ചരുവിൽ അച്ചൻ മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പാൾ ആയപ്പോൾ അദ്ദേഹം കോളേജ് ബർസാർ ആയി നിയമിതനായി.

**സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ**

1982 മുതൽ 1984 വരെ അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പാലായി ചുമതലയേറ്റ അദ്ദേഹം ചുരുങ്ങിയ കാലംകൊണ്ട് കോളേജിന്റെ മുഖഛായ തന്നെ മാറ്റി. വിദ്യാർത്ഥികളുടെയിടയിൽ അച്ചടക്കം ഉറപ്പാക്കുന്നതിനും കോളേജിന്റെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധ പുലർത്തി. നാട്ടുകാരോടും രക്ഷാകർത്താക്കളോടും ഇടപഴകിയ അദ്ദേഹം കോളേജിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി. പാഠ്യവിഷയങ്ങളിൽ അതീവ ശ്രദ്ധപുലർത്തിയ അദ്ദേഹം പാഠ്യേതര കാര്യങ്ങളിലും താല്പര്യമെടുത്തു. ഈ കാലഘട്ടത്തിൽ അദ്ദേഹം അഞ്ചൽ പള്ളിയുടെ വികാരിയുമായിരുന്നു. രണ്ട് വർഷം മാത്രമാണ് അദ്ദേഹം വികാരിയായിരുന്നതെങ്കിലും മുതിർന്ന തലമുറയ്ക്ക് ഹൃദ്യമായ ഓർമ്മയാണ് അദ്ദേഹത്തെക്കുറിച്ചുള്ളത്. ഇടവകയിൽ വലിയൊരു ഉണർവ് പ്രകടമായി. ഭക്തി നിർഭരമായ വിശുദ്ധ കുർബാനയും ഇതര ശുശ്രൂഷകളും വിശ്വാസികളെ ആത്മീയമായി ഉണർത്തി. പരിശുദ്ധ അമ്മയോടുള്ള ഭക്തി വളർത്തിയ അദ്ദേഹം ജപമാല പ്രദക്ഷിണം സംഘടിപ്പിച്ചിരുന്നത് ആളുകൾ ഇപ്പോഴും പങ്കുവയ്ക്കാറുണ്ട്. അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗങ്ങൾ ഹ്രസ്വമായിരുന്നു, ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നവയുമായിരുന്നു. 1984–ൽ അദ്ദേഹം മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാളായി ചുമതല ഏൽക്കാൻ എത്തുമ്പോൾ അഞ്ചൽ പ്രദേശവാസികൾ ഒന്നുചേർന്നാണ് അദ്ദേഹത്തെ യാത്രയാക്കിയതും തിരുവനന്തപുരത്ത് എത്തിച്ചതും.

രണ്ട് വർഷം മാത്രമാണ് അദ്ദേഹം വികാരിയായിരുന്നതെങ്കിലും മുതിർന്ന തലമുറയ്ക്ക് ഹൃദ്യമായ ഓർമ്മയാണ് അദ്ദേഹത്തെക്കുറിച്ചുള്ളത്. ഇടവകയിൽ വലിയൊരു ഉണർവ് പ്രകടമായി. ഭക്തി നിർഭരമായ വിശുദ്ധ കുർബാനയും ഇതര ശുശ്രൂഷകളും വിശ്വാസികളെ ആത്മീയമായി ഉണർത്തി.

**മാർ ഈവാനിയോസ് പ്രിൻസിപ്പൽ**

ഏഴ് വർഷമാണ് അദ്ദേഹം മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി നേതൃത്വം നല്കിയത്. മാർ ഈവാനിയോസ് കോളേജിന്റെ ചരിത്രത്തിൽ നിർണ്ണായകമായ കാലഘട്ടം. കോളേജിനെപ്പറ്റി അദ്ദേഹം സ്വപ്നങ്ങൾ നെയ്തു. ആ സ്വപ്നങ്ങളെ സഹപ്രവർത്തകരുടെ സ്വപ്നങ്ങളായി രൂപാന്തരപ്പെടുത്തി. ആ സ്വപ്നം ഉന്നത വിദ്യാഭ്യാസ രംഗത്തെപ്പറ്റിയുള്ള നൂതനമായ കാഴ്ചപ്പാട് മുൻനിർത്തിയായിരുന്നു. ആ സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടി രാപകൽ വ്യത്യാസമില്ലാതെ അദ്ദേഹം കഠിനാധ്വാനം ചെയ്തു. ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ ദത്ത ശ്രദ്ധനായി. മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസം (Academic Excellence) ലക്ഷ്യം വച്ച് പദ്ധതികൾ ആസൂത്രണം ചെയ്തു, അവ കർശനമായി നടപ്പിലാക്കി. ഒന്നാമതായി, പ്രവേശന പദ്ധതി (Admission Process) സുതാര്യവും കർശനവുമാക്കി. ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമുള്ള അഡ്മിഷൻ, പാടെ ഉപേക്ഷിച്ചു. പ്രതിഭാശാലികളായ വിദ്യാർത്ഥികളെ കണ്ടെത്തി അഡ്മിഷൻ നല്കി. കംപ്യൂട്ടർ പ്രചാരത്തിൽ ആയികൊണ്ടിരുന്ന ആ കാലഘട്ടത്തിൽ തന്നെ അഡ്മിഷൻ രീതികൾ കംപ്യൂട്ടറൈസ് ചെയ്തു (Computerised Admission Process). ആദ്യമായി കേരളത്തിൽ കോളേജ് തല

www.malankaralibrary.com

ത്തിൽ കംപ്യൂട്ടർ സെന്റർ ആരംഭിച്ചത് മാർ ഈവാനിയോസ് കോളേജിലാണ്. കവടിയാർ രാജകൊട്ടാരത്തിന്റെ സഹായത്തോടെയാണ് ഈ കംപ്യൂട്ടർ സെന്റർ ആരംഭിച്ചത്. പ്രീ ഡിഗ്രിക്കും, ഡിഗ്രി ക്ലാസ്സുകളിലും യൂണിവേഴ്സിറ്റി റാങ്കുകൾ ധാരാളമായി ലഭിച്ചിരുന്ന കാലം. പ്രൊഫഷനൽ കോഴ്സുകൾക്കും മറ്റുമുള്ള കോച്ചിങ്ങ് ക്ലാസ്സുകൾ രാവിലെ ഏഴരയ്ക്ക് തന്നെ ആരംഭിച്ചിരുന്നു.

**അച്ചടക്കം**

ഉന്നത കലാലയ അന്തരീക്ഷത്തിന് ചേരാത്ത എല്ലാ പ്രവർത്തനങ്ങളെയും കർശനമായി നേരിട്ടു. അച്ചടക്കം ലംഘിക്കുന്നവർക്ക് തിരുത്തൽ നല്കി പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് കൗൺസിലിങ്ങ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. നിയന്ത്രണങ്ങൾക്ക് വഴങ്ങാത്ത വിദ്യാർത്ഥികളുടെ വീടുകളിൽ ക്ലാസ്സ് ടീച്ചേഴ്സിനൊപ്പം സന്ദർശനം നടത്തി മാതാപിതാക്കളുടെ സാന്നിധ്യത്തിൽ തിരുത്താൻ നടത്തിയ പരിശ്രമങ്ങൾ ഏറെ വിജയകരമായിരുന്നു. അത്തരത്തിലുള്ള ധാരാളം ഓർമ്മകൾ ഇന്നും എന്റെ മനസ്സിലുണ്ട്.

**മാർ ഈവാനിയോസ് ക്യാമ്പസ്**

കോളേജ് ക്യാമ്പസ് എന്ന ദർശനം അദ്ദേഹം ഉയർത്തിപ്പിടിച്ചു. വിവിധ ലക്ഷ്യങ്ങളോടെ പുറത്തുനിന്നു കടന്നു വരുന്നവരെ കർശനമായി നിരോധിച്ചു. സെക്യൂരിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തി. മോട്ടോർ ബൈക്കിലും മറ്റും വരുന്നവരെ നിയന്ത്രിക്കാൻ ഉചിതമായ സംവിധാനങ്ങൾ ഏർപ്പെടുത്തി. പാർക്കിംഗ് സൗകര്യം ക്രമീകരിച്ചു. ക്യാമ്പസ് ശുചിയായി സൂക്ഷിക്കുവാൻ എടുത്ത നിലപാടുകൾ ശ്രദ്ധേയമായി. പി.റ്റി.എ. യുടെ ആഭിമുഖ്യത്തിൽ ശുചീകരണത്തിനും മറ്റുമുള്ള സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള സംവിധാനത്തിന് ആരംഭം കുറിച്ചത് അദ്ദേഹമാണ്. ക്യാമ്പസിൽ സൈൻ ബോർഡുകൾ സ്ഥാപിച്ചു; പബ്ലിക് അഡ്രസ് സിസ്റ്റം ഏർപ്പെടുത്തി.

**കുട്ടികളുടെ സമഗ്രവികസനം**

പഠനത്തോടൊപ്പം കുട്ടിയുടെ വ്യക്തിത്വ വികസനത്തിനു സഹായകമായ പദ്ധതികൾ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്തു. ഡിബേറ്റിങ്ങ് ഫോറവും, വിവിധ ക്ലബ്ബുകളും ആരംഭിച്ചു. സർഗ്ഗാത്മക പ്രവർത്തനങ്ങൾ കൊണ്ടു ക്യാമ്പസ് സജീവമായി. മാർ ഈവാനിയോസ് കോളേജ് ക്യാമ്പസ് ഉന്നതനിലവാരം പുലർത്തുന്ന ഒരു കലാലയത്തിന്റെ എല്ലാ സവിശേഷതകളും പുലർത്തി.

ഇന്ന് കാണുന്ന കോളേജ് സ്റ്റേഡിയം ഇത്ര വിസ്താരമായി ആസൂത്രണം ചെയ്തത് കൊട്ടാരത്തിൽ അച്ചനാണ്. അതിനുവേണ്ടി പണം കണ്ടെത്തുവാൻ അദ്ദേഹം സഹിച്ച പീഡ വിവരണാതീതമാണ്. കോളേജ് അഡ്മിഷനുമായി ബന്ധപ്പെടുത്താതെയാണ് അദ്ദേഹം ഇതിനുവേണ്ടിയുള്ള പണം കണ്ടെത്തിയതെന്നോർക്കണം.

**ഇന്ന് കാണുന്ന കോളേജ് സ്റ്റേഡിയം ഇത്ര വിസ്താരമായി ആസൂത്രണം ചെയ്തത് കൊട്ടാരത്തിൽ അച്ചനാണ്. അതിനുവേണ്ടി പണം കണ്ടെത്തുവാൻ അദ്ദേഹം സഹിച്ച പീഡ വിവരണാതീതമാണ്. കോളേജ് അഡ്മിഷനുമായി ബന്ധപ്പെടുത്താതെയാണ് അദ്ദേഹം ഇതിനുവേണ്ടിയുള്ള പണം കണ്ടെത്തിയതെന്നോർക്കണം.**

**അമിക്കോസ്**

മാർ ഈവാനിയോസ് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന (AMICOS) ആരംഭിച്ചത് കൊട്ടാരത്തിലച്ചനാണ്. അമികോസ് (Association of Mar Ivanios College Old Students) എന്ന പേര് അദ്ദേഹം നിർദ്ദേശിച്ചതാണ്. പൂർവ്വ വിദ്യാർത്ഥികളോടുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ബന്ധവും, പുതിയ പുതിയ ആശയങ്ങൾ അവതരിപ്പിച്ച് മറ്റുള്ളവരെ ചേർത്ത് നിർത്താനുള്ള വൈഭവവും 'അമിക്കോസ്' ഒരു വികാരമായി അദ്ദേഹം ഹൃദയത്തിൽ കൊണ്ടു നടന്നിരുന്നതിന്റെ ഫലവുമായിട്ടാണ് ഈ പ്രസ്ഥാനം ആഗോളതലത്തിൽ തന്നെ സംഘടിപ്പിക്കപ്പെടാൻ ഇടയായത്.

**അസാധാരണ വ്യക്തിത്വം**

പരാതിയും പരിഭവവുമില്ലാത്ത ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മറ്റുള്ളവർ തെറ്റിദ്ധരിക്കും എന്നത് അദ്ദേഹത്തെ പരിഭ്രാന്തനാക്കിയിരുന്നില്ല. സ്വന്തം മന:സാക്ഷിയോട് അദ്ദേഹം പുലർത്തിയിരുന്ന സത്യസന്ധത എടുത്തുപറയേണ്ടതാണ്. അതിനെ പണയം വയ്ക്കാൻ ഒരിക്കലും അദ്ദേഹം തയ്യാറായിരുന്നില്ല. ശുദ്ധമന:സാക്ഷിയോടെ പൊതുനന്മ മുൻനിർത്തി എടുക്കുന്ന തീരുമാനങ്ങൾ ഏത് പ്രതികൂലത്തെയും അതിജീവിച്ചുകൊണ്ട് നിറവേറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ചോദ്യം ചെയ്യാൻ സാധിക്കാത്ത നിഷ്കളങ്കമായ വ്യക്തിത്വം, അദ്ദേഹത്തിന്റെ ഉന്നതമായ ദർശനം, അതിനുവേണ്ടി കഠിനാധ്വാനം ചെയ്യാൻ സന്നദ്ധമായ സമർപ്പണം. തന്റെ ഉൾകാഴ്ചകളെയും ദർശനങ്ങളെയും ആവിഷ്കരിക്കുന്നതിന് പര്യാപ്തമായ വാക്ചാതുര്യം, വിവേകത്തോടെയുള്ള വാക്കും പ്രവർത്തനവും ഇതെല്ലാം ബഹുമാനപ്പെട്ട തോമസ് കൊട്ടാരത്തിലച്ചനെ അപൂർവ്വമായ ഔന്നത്യത്തിൽ പ്രതിഷ്ഠിക്കുന്നതിന് പര്യാപ്തമാകുന്നു. ബഹുഭാഷാ പണ്ഡിതനായിരുന്ന കൊട്ടാരത്തിലച്ചന്റെ പ്രഭാഷണങ്ങൾ കവിതപോലെ ഹൃദ്യമായിരുന്നു. ഇംഗ്ലീഷും മലയാളവും ഫ്രഞ്ചും ഒരുപോലെ ആ നാവിൻ തുമ്പിൽ നിന്ന് ഒഴുകിയിരുന്നു.

ഏതാനും ഓർമ്മകൾ പങ്കുവെച്ചുകൊണ്ട് ഈ കുറിപ്പ് ഞാൻ അവസാനിപ്പിക്കട്ടെ. കൊട്ടാരത്തിലച്ചൻ മരിക്കുന്നതിന് രണ്ട് മാസം മുമ്പ് ചെങ്ങന്നൂർ പള്ളിയിൽ ഒരു കൺവൻഷൻ പ്രസംഗത്തിനുവേണ്ടി എന്നെ ക്ഷണിച്ചു. രാത്രി ഒമ്പത് മണിയോടെ പ്രസംഗം കഴിഞ്ഞ് ഞാൻ മടങ്ങാനിറങ്ങുമ്പോൾ അദ്ദേഹം തടഞ്ഞു, പിറ്റേ ദിവസം പ്രവർത്തിദിവസമാണ്; പോകാൻ അനുവദിക്കണമെന്ന് നിർബന്ധപൂർവ്വം ഞാൻ അപേക്ഷിച്ചു. അദ്ദേഹം പോകാൻ അനുവദിച്ചില്ല. പിറ്റേ ദിവസം പുലർച്ചെ നാലരയ്ക്ക് അദ്ദേഹമെന്നെ വിളിച്ചുണർത്തി. അഞ്ചു മണിയ്ക്ക് എന്നോടൊപ്പം അദ്ദേഹവും ബസിൽ കയറി തിരുവനന്തപുരത്തേക്ക് വന്നു. തിരുവനന്തപുരത്ത് അദ്ദേഹത്തിന് ഒരു കാര്യവും നിറവേറ്റാനുണ്ടായിരുന്നില്ല. അടുത്ത ബസിൽ അദ്ദേഹം



www.malankaralibrary.com



മടങ്ങി പോകുകയും ചെയ്തു. ആറ് വർഷം കോളേജ് ബർസാർ എന്ന നിലയിൽ അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ഔന്നത്യം അടുത്തുനിന്ന് ഞാൻ അറിഞ്ഞു. ഒരാളെയും പറ്റി കുറ്റം വിധിക്കുന്ന ഒരു വാക്ക്, വിമർശനത്തിന്റെ ഒരു സ്വരം ഒരിക്കലും അദ്ദേഹത്തിൽ നിന്ന് ഞാൻ കേട്ടിട്ടില്ല.

ഫ്രാൻസിൽ ഉന്നത വിദ്യാഭ്യാസം നേടി, കോളേജ് അധ്യാപകനായി, അഞ്ചൽ കോളേജിന്റെയും മാർ ഈവാനിയോസ് കോളേജിന്റെയും പ്രിൻസിപ്പലായി ലക്ഷക്കണക്കിന് രൂപ കൈകാര്യം ചെയ്തിട്ടുള്ള അദ്ദേഹം ബാങ്ക് ബാലൻസ് ഇല്ലാതെയാണ് ചെങ്ങന്നൂരിലേക്ക് ഇടവക ജീവിതത്തിനുവേണ്ടി പോയത്. 1991 മെയ് മാസം 30-ാം തീയതി ചെങ്ങന്നൂരിന് യാത്ര തിരിക്കുന്നതിന് തലേനാൾ, അദ്ദേഹം എന്നോട് പറഞ്ഞു, 'എന്റെ കൈവശം അത്യാവശ്യമായി ചെലവാക്കാനുള്ള പണം പോലുമില്ല. അരിയും മറ്റ് സാധനങ്ങളും അമ്മവീട്ടിൽ നിന്ന് കൊടുത്തയയ്ക്കും. എങ്കിലും അല്പം തുക കൈയിലുണ്ടാവണമല്ലോ'. കോളേജിൽ നിന്നും ഇരുപതിനായിരം രൂപ വൗച്ചർ ഒപ്പിട്ട് കടമായി അദ്ദേഹം വാങ്ങികൊണ്ട് പോയി. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ പ്രൊവിഡന്റ് ഫണ്ട് കിട്ടിയപ്പോൾ ആ ഇരുപതിനായിരം രൂപ കോളേജ് ഓഫീസിൽ തിരിച്ചേല്പിച്ചു. കർശനക്കാരനായ കൊട്ടാരത്തിലച്ചൻ തന്നോടുതന്നെയാണ് ഏറ്റവും കൂടുതൽ കാർക്കശ്യം കാണിച്ചിട്ടുള്ളതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

> 1991 മെയ് മാസം 30-ാം തീയതി ചെങ്ങന്നൂരിന് യാത്ര തിരിക്കുന്നതിന് തലേനാൾ, അദ്ദേഹം എന്നോട് പറഞ്ഞു, 'എന്റെ കൈവശം അത്യാവശ്യമായി ചെലവാക്കാനുള്ള പണം പോലുമില്ല. അരിയും മറ്റ് സാധനങ്ങളും അമ്മ വീട്ടിൽ നിന്ന് കൊടുത്തയയ്ക്കും. എങ്കിലും അല്പം തുക കൈയിലുണ്ടാവണമല്ലോ'. കോളേജിൽ നിന്നും ഇരുപതിനായിരം രൂപ വൗച്ചർ ഒപ്പിട്ട് കടമായി അദ്ദേഹം വാങ്ങികൊണ്ട് പോയി. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ പ്രൊവിഡന്റ് ഫണ്ട് കിട്ടിയപ്പോൾ ആ ഇരുപതിനായിരം രൂപ കോളേജ് ഓഫീസിൽ തിരിച്ചേല്പിച്ചു

മാരകായുധങ്ങളുമായി ചില സംഘങ്ങൾ നിരവധി സന്ദർഭങ്ങളിൽ കോളേജു കാമ്പസ്സിൽ എത്തിയിട്ടുണ്ട്. സെക്യൂരിറ്റിക്കാർ അറിവു നല്കുമ്പോഴേക്കും കൊട്ടാരത്തിലച്ചൻ ഓഫീസിൽ നിന്നും ഇറങ്ങി ഓടും. ഞാനും കൂടെ ഓടിത്തുടങ്ങും. ഈ സംഘങ്ങളെ പായിച്ചുകൊണ്ടു പിന്നാലെ ഓടും. ബഹു. അച്ചന്മാർ ഉൾപ്പെടെയുള്ള അദ്ധ്യാപകരും പലപ്പോഴും ഇതിൽ പങ്കുചേർന്നിരുന്നു. പലപ്പോഴും ഇത് കൂട്ടയോട്ടമായി പരിണമിക്കുമായിരുന്നു. പിന്നാലെ പ്രിൻസിപ്പലന്മാരായ ഞങ്ങളൊക്കെ ഈ പതിവ് തുടരുകയും ചെയ്തു. ഒരിക്കൽ ഒരുസംഘം തിരിഞ്ഞുനിന്ന് കല്ലെറിയാൻ തുടങ്ങി. ആത്മധൈര്യത്തോടെ അതിനെ അഭിമുഖീകരിച്ച് അവരെ ഓടിച്ചു. ഞാൻ ഒരിക്കൽ ചോദിച്ചു "അവരുടെ കൈയിൽ പല ആയുധങ്ങളുമുണ്ട്. അവർ തിരിഞ്ഞുനിന്നാലോ?" കൊട്ടാരത്തിലച്ചൻ പറഞ്ഞു. ശരിയാണ്. റിസ്ക് ഉണ്ട്. പക്ഷേ പിന്മാറിയാൽ എല്ലാം കൈവിട്ടുപോകും. ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കാൻ തയ്യാറുള്ള ഇടയന്റെ രൂപം എപ്പോഴും അദ്ദേഹത്തിൽ തെളിഞ്ഞുനിന്നു.

ഒരു പ്രതിസന്ധി ഘട്ടത്തിൽ അദ്ദേഹം പറഞ്ഞു. "എന്റെ അമ്മ ജീവിച്ചിരിക്കുന്നു. ഇളയമകന്റെ ചേതനയറ്റ ശരീരത്തിന് മുമ്പിൽ തളർന്നുവീണ അമ്മക്ക് അവശേഷിക്കുന്ന ഏകമകന്റെ മരണംകൂടി സഹിക്കാനാവില്ല. അതുമാത്രമേ എനിക്കു വേദനയുള്ളൂ". പക്ഷേ അതും സംഭവിച്ചു. പുണ്യവതിയായ ആ അമ്മ അതിനെയും അഭിമുഖീകരിച്ചു; അതിജീവിച്ചു. ആ വിശുദ്ധ മാതൃത്വത്തെ പിടയുന്ന ഹൃദയത്തോടെ അനുസ്മരിക്കുന്നു.

ബഹു. തോമസ് കൊട്ടാരത്തിലച്ചന്റെ വിശുദ്ധ കുർബാന അർപ്പണം അതീവ ഹൃദ്യമായിരുന്നു. സ്വർഗ്ഗത്തെ വിളിച്ചിറക്കുന്ന അനുഭവമായിരുന്നു അത്. അദ്ദേഹത്തിന്റെ ആത്മീയതയുടെ ആഴം വെളിപ്പെട്ടിരുന്ന സന്ദർഭം. മുപ്പതു വർഷം സ്വർഗ്ഗത്തെ വിശുദ്ധ കുർബാനയിലൂടെ ഭൂമിയിൽ ഇറക്കികൊണ്ടുവന്നിരുന്ന അദ്ദേഹം ഇന്ന് സ്വർഗ്ഗത്തിലാണ്. കൊട്ടാരത്തിലച്ചനെപ്പറ്റി ഓർമ്മിക്കാതെ ഈ ഇരുപത്തിയഞ്ച് വർഷത്തിലൊരു ദിവസവും കടന്നുപോയിട്ടില്ല. ഇന്നും ക്രിസ്മസിന്റെ സന്തോഷത്തിൽ ഒരു നടുക്കമായി എന്റെ ഹൃദയത്തിൽ അദ്ദേഹത്തിന്റെ വേർപാട് അവശേഷിക്കുന്നു. പൗരോഹിത്യത്തിന്റെ മഹത്വം പുലർത്തിയ പണ്ഡിതനും നിർമ്മലനുമായ ഈ പുരോഹിത ശ്രേഷ്ഠനു മുൻപിൽ ഒരിക്കൽകൂടി കൂപ്പുകരങ്ങൾ.



www.malankaralibrary.com

# കർമ്മ ധീരതയുടെ സ്മാരകങ്ങൾ തീർത്ത അദ്വിതീയൻ

**ശ്രീ. പാലോട് രവി**
കേരള നിയമസഭ മുൻ ഡെപ്യൂട്ടി സ്പീക്കർ
& മുൻ പ്രസിഡന്റ് അമിക്കോസ്



തന്റെ കാല്പാടുകൾ പതിഞ്ഞ വിവിധ മേഖലകളിൽ കർമ്മധീരതയുടെ സ്മാരകങ്ങൾ തീർത്ത അദ്വിതീയനായ ഗുരുനാഥനായിരുന്നു അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ റവ: ഡോ.തോമസ് കൊട്ടാരത്തിൽ.

ആർജ്ജവവും സേവന തൃഷ്ണയും സമർപ്പണവും ഒത്തുചേർന്ന ചലനാത്മകമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കൊട്ടാരത്തിലച്ചൻ.

**ക്ലാസ്സുമുറിയിൽ നിന്നാരംഭിച്ച ബന്ധം അവസാനകാലം വരെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞുവെന്നതാണ് എനിക്കുണ്ടായ അനുഭവം. പരിചയപ്പെട്ടവർക്കെല്ലാം ഒരു കുടുംബാംഗമായി മാറിയ ഈ കർക്കശക്കാരൻ ജീവിതത്തിലുട നീളം മൂല്യങ്ങളും, വിനയവും, ലാളിത്യവും കാത്തുസൂക്ഷിച്ച ഒരദ്ധ്യാപകനായിരുന്നു.**

ഞാൻ മാർ– ഇവാനിയോസ് കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കാൻ ചെല്ലുമ്പോൾ എം.എസ്.സി. (കെമിസ്ട്രി) യുടെ അവസാന വർഷ വിദ്യാർത്ഥിയായിരുന്നു. പ്രീഡിഗ്രി പഠനം കഴിഞ്ഞ് ഞാൻ കോളേജിൽ ബി.എസ്.സി.(കെമിസ്ട്രിക്ക്) ചേർന്നു. അച്ചൻ കോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ച വർഷമായിരുന്നു അത്. ക്ലാസ്സുമുറിയിൽ നിന്നാരംഭിച്ച ബന്ധം അവസാനകാലം വരെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞുവെന്നതാണ് എനിക്കുണ്ടായ അനുഭവം. പരിചയപ്പെട്ടവർക്കെല്ലാം ഒരു കുടുംബാംഗമായി മാറിയ ഈ കർക്കശക്കാരൻ ജീവിതത്തിലുടനീളം മൂല്യങ്ങളും, വിനയവും, ലാളിത്യവും കാത്തുസൂക്ഷിച്ച ഒരദ്ധ്യാപകനായിരുന്നു.

ഡിഗ്രി വിദ്യാർത്ഥിയായി ഡിപ്പാർട്ട്മെന്റിൽ ചെല്ലുമ്പോൾ ഞാൻ ജില്ലയിൽ അറിയപ്പെടുന്ന കെ.എസ്.യു. നേതാവായി കഴിഞ്ഞിരുന്നു. കോളേജിലെ ബി.എസ്.സി.(മാത്സ്) വിദ്യാർത്ഥിയായി എന്റെ സീനിയറായി പഠിച്ചിരുന്ന നീലലോഹിതദാസ് ജില്ലാപ്രസിന്റും, ഞാൻ ജനറൽ സെക്രട്ടറിയുമായി അന്നത്തെ പ്രിൻസിപ്പൽ പണിക്കരച്ചന്റെ നോട്ടപ്പുള്ളികളായി പ്രവർത്തിക്കുന്ന കാലമായിരുന്നു അത്.

വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്നപ്പോഴും പ്രീഡിഗ്രിക്ക് ഫസ്റ്റ് ക്ലാസ് മാർക്കു നേടിയാണ് ഞാൻ ബി.എസ്.സി. (കെമിസ്ട്രി) പാസായത്

“കെമിസ്ട്രിയും-രാഷ്ട്രീയവും യോജിച്ചുപോകുമോ”? ആദ്യ കൂടിക്കാഴ്ചയിൽ തന്നെ അച്ചൻ എന്നോടുചോദിച്ചു. ആത്മീയ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ, ഓരോരുത്തരുടേയും കഴിവ് പരിപോഷിപ്പിക്കുന്നതിലും, ഓരോ വിദ്യാർത്ഥിയുടെയും പഠനത്തിലും സ്വഭാവ രൂപീകരണത്തിലും അച്ചൻ വ്യക്തിപരമായ സ്വാധീനം ചെലുത്തിയിരുന്നു.

കോളേജിൽ നിന്ന് ഞങ്ങളുടെ ബാച്ച് – കൊച്ചി – ബാംഗ്ളൂർ നഗരങ്ങളിലെ സ്ഥാപനങ്ങളിലേക്ക് സ്റ്റഡീ –ടൂർപോയപ്പോൾ അച്ചനും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അവിസ്മരണീയമായ യാത്ര. തീവണ്ടി യാത്രയിൽ എല്ലാപേർക്കും ബർത്തു അലോട്ട് ചെയ്തു കിട്ടിയില്ലായിരുന്നു. അനുവദിച്ച് കിട്ടിയ ബർത്തുകൾ പെൺകുട്ടികൾക്ക് അച്ചൻ മുൻഗണന നല്കി. രാത്രി വളരെ വൈകിയാണ് എല്ലാവരും ഉറങ്ങാൻ കിടന്നത്. ഞാനുനുണർന്നു നോക്കിയപ്പോൾ ബർത്തില്ലാത്തതുകാരണം തറയിൽ പേപ്പർ വിരിച്ച് ഉറങ്ങുന്ന അച്ചനെയാണ് കണ്ടത്. യാത്രയിലുടനീളം ഞങ്ങളിൽ അഗാധമായ സാഹോദര്യബോധം ഉണർത്താനും യാത്ര ഉല്ലാസ പ്രദമാക്കാനും ഓർമ്മയിൽ തങ്ങിനില്ക്കാനുമുള്ള നിരവധി അനുഭവങ്ങൾ സമ്മാനിക്കാൻ അച്ചനുകഴിഞ്ഞു.




കോളേജിൽ നിന്നും വിദേശത്തുപോയി ഉപരിപഠനവും കഴിഞ്ഞ് അഞ്ചൽ കോളേജിൽ കുറച്ചുകാലം പ്രിൻസിപ്പലായി സേവനമനുഷ്ടിച്ച ശേഷം മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പലായി 1984 –ൽ ചുമതല ഏറ്റെടുത്തതിനുശേഷമാണ് അച്ചനുമായി എനിക്ക് പിന്നീട് ബന്ധപ്പെട്ട് പ്രവർത്തിക്കാൻ അവസരം ലഭിച്ചത്. ഈ സമയത്താണ് കോളേജിൽ പൂർവ്വ വിദ്യാർത്ഥി സംഘടന എന്ന ആശയം അച്ചൻ മുന്നോട്ടുവയ്ക്കുന്നത്. നീലലോഹിതദാസ്, ടി.എം.ജേക്കബ് തുടങ്ങി ഞങ്ങളെയെല്ലാം കോളേജിൽ ക്ഷണിച്ചുവരുത്തി AMICOS എന്ന സംഘടനക്ക് രൂപം നല്കിയതും. സംഘടനക്ക് നാമകരണം ചെയ്തതും അച്ചനായിരുന്നു. AMICOS ന്റെ പ്രവർത്തനങ്ങൾ ഏറ്റവും മുന്തിയ പരിഗണന നല്കുന്നതിൽ അച്ചനും അന്നു കോളേജ് ബർസാർ ആയിപ്രവ്ത്തിച്ചിരുന്ന ഐറേനിയോസ് തിരുമേനിയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കോളേജിന്റെ പ്രധാന ഗേറ്റിന്റെ സ്ഥാനത്ത് ഒരു ചെറിയഗേറ്റും, ടാറിട്ടിട്ടില്ലാത്ത പാതയും, പൊടിപാറുന്ന ഒരു കൊച്ചു സ്റ്റേഡിയവും ഒരു പഴയ ആഡിറ്റോറിയവുമായിരുന്നു അന്നുണ്ടായിരുന്നത്. AMICOS ന്റെ സഹകരണത്തോടെ ഗേറ്റും, സ്റ്റേഡിയവും റോഡും, ആഡിറ്റോറിയവുമെല്ലാം കുറച്ചുകൂടി മെച്ചപ്പെട്ട നിലവാരത്തിൽ വീകസിപ്പിക്കണമെന്ന് ആശ്രാന്ത പരിശ്രമം അച്ചന്റെ നേതൃത്വത്തിലുണ്ടായി.

പ്രിൻസിപ്പലായിരിക്കുമ്പോൾ അച്ചനുണ്ടായ ദുഃഖകരമായ ഒരനുഭവത്തിന് സാക്ഷ്യം വഹിക്കാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്.

കോളേജിൽ നിന്നും പ്രധാന രണ്ടു വഴികൾ (മെയിൻ ഗേറ്റും) കൂടാതെ ഒരു ചെറിയ നടവഴിയും ചിലർ ഉപയോഗിച്ചിരുന്നു. എന്നാൽ ഈ വഴിയിലൂടെ വിദ്യാർത്ഥികൾക്ക് മദ്യവും മയക്കുമരുന്നും എത്തിക്കുന്നുവെന്ന് വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിച്ചതിനെതുടർന്ന് അച്ചൻ ആ വഴി അടച്ചു. ഇതു വലിയ സംഘർഷത്തിലേക്ക് നിക്ഷിപ്തതാല്പര്യക്കാർ എത്തിക്കുകയും അച്ചനെ മാരകായുധങ്ങളുമായി അപകടപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. അത്ഭുതകരമായി രക്ഷപ്പെട്ട അച്ചന് മുറിവേറ്റിരുന്നു.

അടുത്ത ദിവസം രാവിലെ പൂർവ്വ വിദ്യാർത്ഥികളുടെയും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളും സംയുക്ത യോഗം വിളിച്ചുകൂട്ടി ഉണ്ടായ സംഭവം വിവരിക്കുമ്പോൾ അച്ചന്റെ കണ്ണ് നിറഞ്ഞ് ഗദ്ഗദ കണ്ഠനായതു ഞാനോർക്കുന്നു. എന്നാൽ പിന്നോട്ടുപോകാതെ കോളേജിന്റെ സുരക്ഷിതത്വത്തിന് ഇതാവശ്യമാണെന്ന് ഗവർമെന്റിനെയും ഉദ്യോഗസ്ഥരേയും ബോധ്യപ്പെടുത്താൻ കഴിഞ്ഞുവെന്നത് അച്ചന്റെ ആത്മവിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും അത്മസമർപ്പണത്തിന്റേയും ഉത്തമോദാഹരണമാണ്.

ഒരു സാമൂഹ്യ പ്രവർത്തകനുണ്ടാകേണ്ട സേവനതല്പരത അച്ചന്റെ മുഖമുദ്രയായിരുന്നു. പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാതെ, ഏത് ദൗത്യവും ഏറ്റെടുക്കാനും അത് വിജയകരമായി പൂർത്തീകരിക്കാനും വെല്ലുവിളികളെ സമചിത്തതയോടെ നേരിടുന്നതിനും അസാമാന്യമായ കഴിവാണ് അച്ചൻ എല്ലായ്പ്പോഴും പ്രകടിപ്പിച്ചിരുന്നത്.

സമൂഹത്തിന്റെ നന്മക്കുവേണ്ടി അച്ചനെ ഏറ്റവുമധികം പ്രയോജനപ്പെടുത്തിയതും, സേവനങ്ങൾ വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തിയതും കാലം ചെയ്ത ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമാനിയായിരുന്നു.

ഭാവനയും ദീർഘ വീക്ഷണവുമുള്ള പ്രിൻസിപ്പൽ, മികച്ച സംഘാടകൻ, മികവിന് ഊന്നൽ നല്കിയ വിദ്യാഭ്യാസ വിചക്ഷണൻ, എല്ലാറ്റിനുമുപരി ഒരു സ്നേഹനിധിയായ കുടുംബാംഗം എന്നീ നിലകളിൽ പ്രവർത്തിച്ച കൊട്ടാരത്തിലച്ചന് എന്റെ ബാഷ്പമുദ്ര.

**ഒരു സാമൂഹ്യ പ്രവർത്തകനുണ്ടാകേണ്ട സേവനതല്പരത അച്ചന്റെ മുഖമുദ്രയായിരുന്നു. പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാതെ, ഏത് ദൗത്യവും ഏറ്റെടുക്കാനും അത് വിജയകരമായി പൂർത്തീകരിക്കാനും വെല്ലുവിളികളെ സമചിത്തതയോടെ നേരിടുന്നതിനും അസാമാന്യമായ കഴിവാണ് അച്ചൻ എല്ലായ്പ്പോഴും പ്രകടിപ്പിച്ചിരുന്നത്.**

www.malankaralibrary.com



കൊട്ടാരത്തിൽ അച്ചൻ എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിയ്ക്കുന്ന റവ. ഡോക്ടർ തോമസ് ആദ്യ ദർശനത്തിൽ തന്നെ നമ്മിൽ ഒരു പ്രത്യേക സ്വാധീനം ചെലുത്തും. നീണ്ടു മെലിഞ്ഞ് സുമുഖനായ വ്യക്തി. സംസാരിക്കുമ്പോൾ നമ്മെത്തന്നെ കണ്ണിമയ്ക്കാതെ, സ്നേഹമസൃണമായി ശ്രദ്ധിയ്ക്കുന്ന ആൾ. എത്ര തിരക്കുണ്ടെങ്കിലും, തന്റെ മുന്നിലിരിയ്ക്കുന്ന വ്യക്തിയാണ് ഏറ്റവും പ്രധാനം എന്നു തിരിച്ചറിഞ്ഞതുപോലെ ആഭിജാത്യത്തോടെയുള്ള പെരുമാറ്റം.



# റവ. ഡോ. തോമസ് കൊട്ടാരത്തിൽ മലങ്കരസഭയ്ക്ക് മറക്കാനാവാത്ത വൈദിക ശ്രേഷ്ഠൻ

**ജോൺ മത്തായി** I.A.S.,
റിട്ട. ചീഫ് സെക്രട്ടറി (കേരള സർക്കാർ)

ബഹു. അച്ചൻ മലങ്കര കത്തോലിക്കാസഭയ്ക്ക് നൽകിയിട്ടുള്ള സേവനങ്ങൾ വൈവിധ്യമുള്ളതെങ്കിലും, മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൾ എന്ന നിലയിലുള്ള സേവനമായിരുന്നു ഏറ്റവും ശ്രദ്ധേയം.

വളരെ വർഷങ്ങളിലെ അച്ചനുമായിട്ടുള്ള പരിചയം ഈ ചെറുലേഖനത്തിൽ വിവരിയ്ക്കുവാൻ സാധിക്കുകയില്ല.

ബഹു. അച്ചൻ പ്രിൻസിപ്പാളായിരുന്നപ്പോഴുായ ഒരു തിക്താനുഭവമാണ് പ്രത്യേകം ഓർമ്മിയ്ക്കുന്നത്. കോളേജ് ഹോസ്റ്റലിനു മുൻപിലൂടെയുള്ള സ്വകാര്യവഴി, ചില കുബുദ്ധികൾ വെട്ടിതുറന്നതും, രാത്രിയിൽ ഗുകളെ ഉപയോഗിച്ച് അച്ചനെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചതും ഓർക്കുകയാണ്. അവരെ സധൈര്യം അച്ചൻ നേരിടുകയും, അടുത്ത ദിവസം തന്നെ, എന്നെക്കൂടി ബഹു. റവന്യൂ മന്ത്രി ശ്രീ. പി.എസ്. ശ്രീനിവാസനെ കണ്ട് കാര്യങ്ങൾ കോളേജിന് അനുകൂലമായി മാറ്റിയതും പ്രത്യേകം പ്രസ്താവ്യമാണ്.

മലങ്കര സഭയ്ക്കും സ്ഥാപനങ്ങൾക്കും വേണ്ടി വിട്ടുവീഴ്ചയില്ലാത്ത സമീപനം അച്ചൻ പിൻന്തുടർന്നിരുന്നു. ബഹു. അച്ചൻ മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൾ ആയിരുന്നപ്പോഴാണ് പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ ഞാൻ ഒരു റഫറൻസ് കത്തിനുവേി അച്ചനെ സമീപിയ്ക്കുന്നത്. ഒരു പ്രധാന ഔദ്യോഗിക ഡപ്യൂട്ടേഷനുവേണ്ടിയായിരുന്നു കത്തുവേണ്ടിയിരുന്നത്. അച്ചൻ വളരെ വിശദവും മനോഹരവുമായ ഒരു കത്ത് തയ്യാറാക്കി തന്നത് നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുകയാണ്.

ബഹു. അച്ചൻ പ്രിൻസിപ്പൾ സ്ഥാനം ഒഴിഞ്ഞശേഷം, ഒരു അക്കാദമിക് പരിപാടിയ്ക്കായി ഡൽഹിയിൽ വന്ന സമയത്ത്, കേന്ദ്രഗവൺമെന്റിൽ പ്രവർത്തിച്ചിരുന്ന എന്നെ ബന്ധപ്പെടുകയും, എന്റെ ക്ഷണം സ്വീകരിച്ച് ഞങ്ങളുടെ കൂടെ കർസൺ റോഡിലുള്ള സർക്കാർ ഭവനത്തിൽ ഒരു ദിവസം താമസിച്ച സംഭവവും ഞാൻ ഓർക്കുകയാണ്. അച്ചനെ ഡൽഹിയിലെ പല പ്രധാന സ്ഥലങ്ങളിലും കൊണ്ടുപോകാനും ആ അവസരത്തിൽ ഞങ്ങൾക്കു കഴിഞ്ഞു.

ബഹു. അച്ചന്റെ ആകസ്മികമായ വേർപാട് നമ്മളിൽ വലിയ ആഘാതമാണ് ഉണ്ടാക്കിയിട്ടുള്ളത്.

ബഹു. അച്ചൻ ഒരു വൈദികനെന്ന നിലയിലും അദ്ധ്യാപകനെന്ന നിലയിലും വിലപ്പെട്ട സംഭാവനകളാണ് മലങ്കര സഭയ്ക്കു നൽകിയിട്ടുള്ളത്.

ബഹു. കൊട്ടാരത്തിൽ അച്ചൻ മാർ ഇവാനിയോസ് തിരുമേനിയുടെ കൊച്ചനന്തരവൻ എന്ന നിലയിൽ സഭയ്ക്കു വളരെ വേണ്ടപ്പെട്ടവനായിരുന്നു. ബഹു. അച്ചന്റെ ഇരുപത്തിയഞ്ചാം ചരമ വാർഷികം ആചരിയ്ക്കുന്ന ഈ അവസരത്തിൽ, അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിയ്ക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിയ്ക്കാം.

www.malankaralibrary.com

# റവ. ഡോ.തോമസ് കൊട്ടാരത്തിൽ
## മലങ്കര കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മിക വിസ്മയം



**തോമസ് ജോൺ തേവരേത്ത്**
റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

മദ്ധ്യതിരുവിതാംകൂറിന്റെ അദ്ധ്യാത്മിക സീരാകേന്ദ്രമായ മാവേലിക്കര ചരിത്രത്തിൽ സ്ഥാനാപിടിച്ച നഗരമാണ്. രാജകുടുംബവും, പണിക്കരുകുടുംബവും, കമലാലയവും, പടിഞ്ഞാറേ തലയ്ക്കൽ കുടുംബവും, വടക്കേത്തലയ്ക്കൽ കുടുംബവും, പോളച്ചിറയ്ക്കൽ കുടുംബവും, മാവേലിക്കര പ്രദേശത്തിന്റെ ഉന്നമനത്തിനു വേണ്ടിപ്രയത്നിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ ഒരു സുപ്രധാനസ്ഥലമാണ് മാവേലിക്കര പടിയോലയും മറ്റുസുപ്രധാന സംഭവങ്ങളും ഇന്നും ജനഹൃദയങ്ങളിൽ സ്ഥാനംപിടിച്ചിട്ടുണ്ട്.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ 1653 ലെ കൂനൻ കുരിശ് സത്യത്തോട് തായ്തടിയായ സാർവ്വത്രിക കത്തോലിക്കാസഭയിൽ നിന്നും വേർപെട്ടുപോയി. ബുദ്ധിമാനും, പണ്ഡിതനും താപസ്യവര്യനും ദീർഘവീക്ഷണമുള്ള ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പുനഃരൈക്യത്തോടെ മലങ്കര സഭ തായ്ത്തടിയോടെ ചേർക്കപ്പെട്ടു. 20-ാം നൂറ്റാണ്ടിൽ കത്തോലക്കാസഭയിൽ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും വിജയപ്രദമായ മിഷനറി പ്രസ്ഥാനമെന്ന് ലോകം മുഴുവൻ മാർ ഈവാനിയോസ് തിരുമേനിയുടെ പുനഃരൈക്യത്തെ പ്രശംസിച്ചു. 19-ാം നൂറ്റാണ്ടിൽ നടന്ന കർദിനാൾ ന്യൂമാന്റെ പുനഃരൈക്യത്തെ അനുസ്മരിച്ചുകൊണ്ട് പാശ്ചാത്യ ചിന്തകയായിരുന്ന മാർഗരെറ്റ് ജീബൺസ് മാർ ഈവാനിയോസ് തിരുമേനിയെ ഭാരത ന്യൂമാൻ എന്നു വിശേഷിപ്പിച്ചു. മാവേലിക്കരയിൽ അതിപുരാതനവും സുപ്രസിദ്ധവുമായ കുടുംബമാണ് പണിക്കരുകുടുംബം. മാർത്താണ്ഡവർമ്മ മഹാരാജാവ് “എന്റെ സ്നേഹഭാജനമായ പണിക്കർ” എന്ന അർത്ഥത്തിലാണ് മല്ലിട്ടിപ്പണിക്കർ എന്ന സ്ഥാനം നൽകിയത്. പുരാതന കാലം മുതൽ തന്നെ തുടർച്ചയായി വൈദികരുണ്ടായിരുന്നു. കുടുംബത്തിലെ പതിനേഴാമത്തെ വൈദികനായിരുന്നു ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ. പുത്തൻകൂർ വിഭാഗത്തിലെ ആദ്യത്തെ എം.എ.അച്ചൻ എന്ന ബഹുമാതിയും കരസ്ഥമാക്കി. പിൽക്കാലത്ത് മെത്രാനും, മെത്രാപ്പോലീത്തായായും അവരോധിക്കപ്പെട്ടു.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് ശ്രീമതി ശോശാമ്മ എന്ന ജേഷ്ഠസഹോദരിയും, ശ്രീമത്തായിപ്പണിക്കർ എന്ന ഇളയസഹോദരനും, ശ്രീമതി കുഞ്ഞമ്മയെന്ന ഇളയസഹോദരിയും ഉണ്ടായിരുന്നു. ജേഷ്ഠസഹോദരി ശ്രീമതി ശോശമ്മയെ കൊട്ടാരം വൈദ്യൻ കുഞ്ഞച്ചന്റെ മകൻ വടക്കേവീട്ടിൽ കൊട്ടാരത്തിൽ ശ്രീതോമസ് വിവഹം ചെയ്തു. അവരുടെ മൂത്ത പുത്രി ശ്രീമതി ചിന്നമ്മ പണിക്കരുടെ പുത്രൻ റവ.ഡോ.തോമസ് പണിക്കർ മലങ്കര സഭയിലെ അറിയപ്പെടുന്ന വൈദിക ശ്രേഷ്ഠനായിരുന്നു. ശോശാമ്മയുടെ രണ്ടാമത്തെ പുത്രൻ ഫാ. എപ്രേം ബഥനി സമൂഹത്തിലെ വൈദികനായിരുന്നു. മൂന്നാമത്തെ പുത്രൻ ശ്രീ. കെ. തോമസ് സാറിന്റെ മകനാണ് റവ. ഡോ.തോമസ് കൊട്ടാരത്തിൽ.

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിൽനിന്നും മാതൃ സഹോദരൻ ഫ. എഫ്രേംമിന്റെ പരിശുദ്ധ ജീവിതത്തിൽ നിന്നും ആദ്ധ്യാത്മിക പ്രചോദനം ഉൾക്കൊണ്ടാണ് കൊട്ടാരത്തിലച്ചൻ പൗരോഹിത്യത്തിലേക്ക് കടന്നുവന്നത്. പൗരോഹിത്യ പരിശീലന കാലംമുതൽ തന്റെ ജീവതാന്ത്യം വരെ ദൈവതിരുഹിതമനുസരിച്ച് നല്ല മാതൃകകൾ പിൻതുടരുവാൻ ആത്മാർത്ഥമായി പരിശ്രമിച്ച താൻ ഇടപെട്ട എല്ലാ മേഖലകളിലും ദൈവചൈതന്യത്താൽ പരിപോഷിപ്പിക്കുകയും അതെല്ലാവരിലും മതിപ്പും ആദരവും ഉളവാക്കുകയും ചെയ്തു. മാർ ഇവാനിയോസ് കോളേജന്റെ മികവ് തന്നാൽ കഴിയുന്ന വിധത്തിൽ മെച്ചപ്പെടുത്തുവാൻ അക്ഷീണ പ്രയത്നം നടത്തിയ അച്ചൻ തന്റെ കർമ്മശേഷിയും ബന്ധങ്ങളും അതിനായി വിനിയോഗിച്ചു. അച്ചന്റെ മാതൃസഹോദരൻ ഉണ്ണിക്കുഞ്ഞിന്റെ പത്രനായ ഷെവലിയാർ പ്രൊഫ. ആന്റണി ഈപ്പൻ കൊട്ടാരത്തിലച്ചന്റെ ഉദാത്ത മാതൃകകൾ പിൻതുടർന്ന് കോളേജിന്റെ പ്രശസ്തി നിലനിർത്തുവാൻ ശ്രമിച്ചു. അച്ചന്റെ പ്രിയ സുഹൃത്തും മാർ ഇവാനിയോസ് കോളേജ് മുൻ പ്രിൻസിപ്പാളുമായിരുന്ന റവ. ഫാ. ഡാനിയേൽ കുഴിത്തടത്തിൽ കൊട്ടാരത്തിലച്ചന് കോളേജ് ഭരണത്തിൽ സർവ്വ പിൻതുണയും നൽകിയിട്ടുണ്ട്.

കൊട്ടാരത്തിനോടൊപ്പം സെമിനായിയിൽ പരിശീലനം നടത്തിയവരാണ് ഫാ. തോമസ് മാരുതൂർ ഫാ. ഏബ്രഹാം വാലുപറമ്പിൽ, ഇരിങ്ങാലക്കുട ബിഷപ്പുമായിരുന്ന മാർ ജയിംസ് പഴയാറ്റിൽ, ചങ്ങനാശേരി ആർച്ച് ബിഷപ്പ് ആയിരുന്ന മാർ ജോസഫ് പൗവ്വത്തിൽ എന്നിവർ. ഫാ. ജേക്കബ് ജോൺ പുത്തൻകുളം കൊട്ടാരത്തിലച്ചന്റെ പിതാവ് ശ്രീ തോമസ് സാറിന്റെ ശിശ്യൻ ആയിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കൊച്ച് അനന്തരവൻ എന്ന നിലയിലും ഏറ്റം ശ്രദ്ദേയനാണ്.

കൊട്ടാരത്തിലച്ചന്റെ ഇളയ സഹോദരി ശ്രീമതി മേരി തോമസിനെ ജീവിതസഖിയായി ലഭിച്ചത് എനിക്ക് ജീവിതത്തിൽ ഏറ്റവും അനുഗ്രഹപ്രദമായി ഞാൻ കരുതുന്നു.

പ്രിയങ്കരനായ കൊട്ടാരത്തിലച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

www.malankaralibrary.com

# പ്രണാമം



**ലിസ്സി ജേക്കബ് IAS**
മുൻ ചീഫ് സെക്രട്ടറി, കേരള സർക്കാർ

സമൂഹത്തിനും സഭയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ
റവ. ഡോ. തോമസ് കൊട്ടാരത്തിൽ
സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്രയായിട്ട്
ഇരുപത്തിഅഞ്ച് വർഷങ്ങൾ പിന്നിടുന്നു.
അദ്ദേഹവുമായി ഇടപഴകിയവർക്കെല്ലാം
ഊഷ്മളമായ സ്മരണകൾ നിലനിർത്തുവാൻ കഴിഞ്ഞിരിക്കുന്നു
എന്നത് ആ വ്യക്തിത്വത്തിന്റെ സവിശേഷതകൾ കൊണ്ടാണ്.
ഒരേസമയം വൈദികനായും അദ്ധ്യാപകനായും
വ്യത്യസ്തമായ കടമകൾ ദൈവേഷ്ടമനുസരിച്ച്
അദ്ദേഹത്തിന് നിർവ്വഹിക്കുവാനായി.
വിനയപൂർവ്വമായ പെരുമാറ്റരീതിയും എല്ലാവരേയും
ഒരുമിച്ചു കൊണ്ടുപോകുവാനുള്ള പ്രത്യേക കഴിവും
കൊട്ടാരത്തിലച്ചനെ ഏവർക്കും പ്രിയങ്കരനാക്കി.
രസതന്ത്രത്തിൽ ബിരുദാനന്ദര ബിരുദത്തിന്
എന്റെ സഹോദരന്റെ സഹപാഠിയായിരുന്ന തോമസ് അച്ചൻ
എന്നും സ്മരണയിലുണ്ട്.
ആ വിഷയത്തിൽ അദ്ദേഹം ഗവേഷണം തുടർന്നു നടത്തുകയും
ഡോക്ടറേറ്റ് നേടുകയും ചെയ്തു.
അദ്ധ്യാപകനായും പിന്നീട് അഞ്ചൽ സെന്റ് ജോൺസ്
കോളേജിലും മാർ ഈവാനിയോസ് കോളേജിലും
പ്രിൻസിപ്പലായും ഉന്നത വിദ്യാഭ്യാസരംഗത്ത്
വ്യക്തിമുദ്ര പതിപ്പിച്ച കൊട്ടാരത്തിലച്ചൻ
ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക്
മാർഗ്ഗദീപം കാണിച്ചുകൊടുത്തു.
റവ. ഡോ. തോമസ് കൊട്ടാരത്തിലിന്റെ
ദീപ്തമായ സ്മരണകൾക്കു മുന്നിൽ
പ്രണാമം അർപ്പിക്കുന്നു.





ലിസ്സി ജേക്കബ്



www.malankaralibrary.com

## റവ. ഡോ. തോമസ് കൊട്ടാരത്തിൽ

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പിൻതുടർച്ചക്കാരൻ



**എം.വി. തോമസ്**
റിട്ട. ഡെപ്യൂട്ടി ഡയറക്ടർ
പബ്ലിക്ക് റിലേഷൻ

മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി ഏഴുവർഷം (1984–1991) പ്രവർത്തിച്ച റവ. ഡോക്ടർ തോമസ് കൊട്ടാരത്തിൽ കുടുംബപരമായും ആദർശപരമായും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പിൻതുടർച്ചക്കാരനായിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ ശ്രേഷ്ഠ സഹോദരി ശ്രീമതി ശോശാമ്മയുടെ മകൻ കെ. തോമസാണ് അദ്ദേഹത്തിന്റെ പിതാവ്. തോമസച്ചന്റെ മാതാവ് വെണ്ണിക്കുളം മേടയിൽ പാപ്പിസാറിന്റെ മകൾ ആച്ചിയമ്മ ആയിരുന്നു. പുനരൈക്യത്തിനായി പെരുന്നാട്ടിലെ ബഥനിമല വിട്ടിറങ്ങിയ മാർ ഈവാനിയോസ് തിരുമേനിക്കും ആശ്രമസ്ഥർക്കും വെണ്ണിക്കുളത്ത് അഭയമരുളിയവരിൽ പ്രധാനി ആയിരുന്നു കൊട്ടാരത്തിച്ചന്റെ അമ്മയുടെ പിതാവായിരുന്ന മാരിത്തോട്ടത്തിൽ മേടയിൽ പാപ്പിസാർ.

തിരുവനന്തപുരത്തൊരു ഒന്നാം ഗ്രേഡ് കോളേജ് സ്ഥാപിക്കുക എന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു ദീർഘകാല സ്വപ്നമായിരുന്നു. അത് സാക്ഷാത്കരിക്കപ്പെട്ടുകൊണ്ട് 1949 ജൂലൈ 27 ന് മാർ ഈവാനിയോസ് കോളേജിന്റെ ഉദ്ഘാടനം നടന്നു. ബഥനി ആശ്രമാംഗമായിരുന്ന ബനഡിക്ടച്ചൻ (പിന്നീട് ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ്) ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ. അമേരിക്കൻ

തിരുവനന്തപുരത്തൊരു ഒന്നാം ഗ്രേഡ് കോളേജ് സ്ഥാപിക്കുകഎന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു ദീർഘകാല സ്വപ്നമായിരുന്നു. അത് സാക്ഷാത്കരിക്കപ്പെട്ടുകൊണ്ട് 1949 ജൂലൈ 27 ന് മാർ ഈവാനിയോസ് കോളേജിന്റെ ഉദ്ഘാടനം നടന്നു. ബഥനി ആശ്രമാംഗമായിരുന്ന ബനഡിക്ടച്ചൻ (പിന്നീട് ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ്) ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ.

www.malankaralibrary.com



**അക്കാദമീയം, കായികം, കലാപരം എന്നീ മേഖലകൾക്കും പുറമേ ആധ്യാത്മിക മേഖലയിലും വിസ്ഫോടകമായ ഒരു വളർച്ചയാണ് അക്കാലത്തുണ്ടായത്. കൂടാതെ കോളേജ് കാമ്പസ് മികവുറ്റതാക്കിത്തീർക്കുന്നതിനും കൊട്ടാരത്തിലച്ചൻ അങ്ങേയറ്റം ശ്രദ്ധചെലുത്തി. ഈ എല്ലാ സംരംഭങ്ങൾക്കും സർവ്വാത്മനാ പിന്തുണ നൽകിക്കൊണ്ട് അന്ന് ബർസർ ആയിരുന്ന റവ. ഡോ. സാമുവൽ കാട്ടുകല്ലിൽ (ഇപ്പോൾ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ) പ്രിൻസിപ്പലിനൊപ്പം ഉണ്ടായിരുന്നു. കോളേജിൽ ഉണ്ടായ ആധ്യാത്മികമായ ഉണർവ്വിന് ഇവരുടെ കൂട്ടായ പ്രവർത്തനം സഹായകമായി.**

പര്യടനകാലത്ത് ആർച്ച് ബിഷപ്പ് തിരുമേനിയെ അനുഗമിച്ചിരുന്ന റവ. ഫാ. എൻ.എ. തോമസ് (നങ്ങച്ചിവീട്ടിൽ) 1951 മുതൽ 1956 വരെ പ്രിൻസിപ്പൽ സ്ഥാനം വഹിച്ചു. റവ. ഫാ. തോമസ് കാളാശ്ശേരി അച്ചനാണ്. തുടർന്ന് പ്രിൻസിപ്പലായത് മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബാംഗമായ റവ. ഫാ. പി.ടി. ഗീവർഗീസ് പണിക്കരാണ്, അദ്ദേഹം 1961 മുതൽ 1979 വരെ തത്സ്ഥാനം വഹിച്ചു. പിന്നെ റവ. ഫാ. ജോർജ് മലഞ്ചരുവിൽ അഞ്ചുവർഷക്കാലം പ്രിൻസിപ്പൽ പദവി വഹിച്ചു. അദ്ദേഹം മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ കാതോലിക്കാ ബാവാ ആയിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ ജ്യേഷ്ഠസഹോദരനായിരുന്നു. ബഹു. ജോർജ് അച്ചന്റെ പിൻഗാമി ആയിട്ടാണ് ബഹു. കൊട്ടാരത്തിലച്ചൻ മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി 1984-ൽ ചുമതലയേറ്റത്. 1982 മുതൽ 1984 വരെ അഞ്ചൽ കോളേജിൽ പ്രിൻസിപ്പലായി പ്രവർത്തിച്ച അനുഭവസമ്പത്തോടു കൂടിയാണ് ബഹു. തോമസച്ചൻ മാർ ഈവാനിയോസ് കോളേജിലെ പ്രിൻസിപ്പലായി എത്തിയത്. പിന്നീടുള്ള ഏഴുവർഷങ്ങൾ കോളേജിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം ചടുലവും ഊർജ്ജസ്വലവുമായിരുന്നു. ഇക്കാലത്ത് കോളേജിന് ബഹുമുഖമായ വളർച്ചയാണുണ്ടായത്. കോളേജിന്റെ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായിരുന്നു എന്ന് പറയാവുന്നതാണ്. അക്കാദമീയം, കായികം, കലാപരം എന്നീ മേഖലകൾക്കും പുറമേ ആധ്യാത്മിക മേഖലയിലും വിസ്മയകരമായ ഒരു വളർച്ചയാണ് അക്കാലത്തുണ്ടായത്. കൂടാതെ കോളേജ് ക്യാമ്പസ് മികവുറ്റതാക്കിത്തീർക്കുന്നതിനും കൊട്ടാരത്തിലച്ചൻ അങ്ങേയറ്റം ശ്രദ്ധചെലുത്തി. ഈ എല്ലാ സംരംഭങ്ങൾക്കും സർവ്വാത്മനാ പിന്തുണ നൽകിക്കൊണ്ട് അന്ന് ബർസർ ആയിരുന്ന റവ. ഡോ. സാമുവൽ കാട്ടുകല്ലിൽ (ഇപ്പോൾ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ) പ്രിൻസിപ്പലിനൊപ്പം ഉണ്ടായിരുന്നു. കോളേജിൽ ഉണ്ടായ ആധ്യാത്മികമായ ഉണർവ്വിന് ഇവരുടെ കൂട്ടായ പ്രവർത്തനം സഹായകമായി. തിരുവനന്തപുരത്തും കരിസ്മാറ്റിക് പ്രസ്ഥാനത്തിന് അടിത്തറ പാകുന്നതിലും ഈ വൈദികർക്ക് സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

ബഹുമാനപ്പെട്ട കാട്ടുകല്ലിലച്ചന് അക്കാലത്ത് ക്രൈസ്തവ കാഹളത്തിന്റെ ചുമതല കൂടി ഉണ്ടായിരുന്നു. ക്രൈസ്തവ കാഹളവുമായി ബന്ധപ്പെട്ട് ബഹു. അച്ചനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പിൽ ജോലിനോക്കിയിരുന്ന എനിക്ക് സാധിച്ചു. ബഹു. കാട്ടുകല്ലിലച്ചൻ മുഖേന ബഹു. കൊട്ടാരത്തിലച്ചനുമായി പരിചയപ്പെടുന്നതിന് എനിക്ക് അവസരം ലഭിച്ചു.

1987-ൽ എനിക്ക് ബാലസാഹിത്യത്തിനുള്ള എൻ.സി.ആർ.ടി യുടെ ദേശീയ അവാർഡ് ലഭിച്ചപ്പോൾ ബഹു. കൊട്ടാരത്തിലച്ചൻ എന്നെ മുക്തകണ്ഠം പ്രശംസിക്കുകയും കുട്ടികൾക്കുവേണ്ടി മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു ലഘുജീവചരിത്രം എഴുതിക്കൊടുക്കണമെന്ന് എന്നോട് ആവശ്യപ്പെടുകയും ചെയ്തു. ഈ ഗ്രന്ഥരചനയ്ക്കായി അദ്ദേഹവും ബഹു. കാട്ടുകല്ലിലച്ചനും കൂടി എന്നെ മാവേലിക്കരയിൽ കൊണ്ടുപോയി. മാർ ഈവാനിയോസ് തിരുമേനിയുടെ ബന്ധുവീടുകളും അഭിവന്ദ്യ പിതാവിന്റെ അമ്മയെ സംസ്കരിച്ച സ്ഥലവും ഞങ്ങൾ സന്ദർശിച്ചു. ഗ്രന്ഥരചനയ്ക്ക് ഇത് വളരെ പ്രയോജനപ്പെട്ടു. അങ്ങനെ തയ്യാറാക്കിയ 'മഹാത്മാവായ മാർ ഈവാനിയോസ്' എന്ന ഗ്രന്ഥം 1991-ൽ മാർ ഈവാനിയോസ് കോളേജിൽ നിന്ന് പ്രസിദ്ധീകരിച്ചു. 1996-ൽ അതിന്റെ രണ്ടാം പതിപ്പും പുറത്തുവന്നു. സൺഡേസ്കൂളിന്റെ 9-ാം ക്ലാസ്സിൽ ഉപപാഠപുസ്തകമായും ഈ ഗ്രന്ഥം കുറേനാൾ ഉപയോഗിക്കുകയുണ്ടായി. ബഹു. കൊട്ടാരത്തിലച്ചന്റെ സ്നേഹപൂർവ്വമായ പ്രേരണ ഒന്നുകൊണ്ടുമാത്രമാണ് ഈ ഗ്രന്ഥം രചിക്കാൻ എനിക്ക് കഴിഞ്ഞത്. അസാധാരണമായ വ്യക്തിപ്രഭാവവും ആർജ്ജവവും കൊണ്ട് ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച കൊട്ടാരത്തിലച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

www.malankaralibrary.com

# റവ. ഡോ. തോമസ് കൊട്ടാരത്തിൽ
# നവീനാശയങ്ങളുടെ പ്രയോക്താവ്

**ഡോ. തോമസുകുട്ടി കൈമലയിൽ**
അഞ്ചൽ സെന്റ് ജോൺസ് കോളേജ് മുൻ പ്രിൻസിപ്പൽ

സമകാലീന വിദ്യാഭ്യാസ വീക്ഷണത്തിൽ നിന്നും വേറിട്ടുനിന്ന്, മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിനും സാമൂഹിക പരിവർത്തനത്തിനും അടിത്തറ പാകേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണെന്ന് വിശ്വസിക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്ത ക്രാന്തദർശിയായിരുന്നു റവ. ഡോ. തോമസ് കൊട്ടാരത്തിൽ. ഉന്നത വിദ്യാഭ്യാസമേഖല വലിയ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരുന്ന സമയത്താണ് അദ്ദേഹം അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ ഭരണസാരഥ്യത്തിലേക്ക് ഉയർത്തപ്പെട്ടത്. ഗുണത്തേക്കാൾ, എണ്ണം വളർച്ചയുടെ മാനദണ്ഡമായി പരക്കെ പരിഗണിക്കപ്പെട്ട കാലത്ത്, ആധുനിക വിദ്യാഭ്യാസത്തെപ്പറ്റി വ്യത്യസ്തമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വ്യക്തിഗതവും സാമൂഹികവുമായ ജീവിതം ഒന്നിനൊന്ന് സങ്കീർണ്ണമാകുന്ന, സാമൂഹിക കെട്ടുറപ്പിന് ഭീതിജനകാംവിധം ഭീഷണിയുയർത്തുന്ന വിദ്യാഭ്യാസമല്ല, മറിച്ച് സമൂഹത്തിന്റെ സമഗ്രവും ഘടനാപരവുമായ അടിസ്ഥാനമാറ്റത്തിന്റെ പ്രക്രിയയായാണ് അദ്ദേഹം വിദ്യാഭ്യാസത്തെ കണ്ടത്.

1982 അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പലായി നിയമിതനായതോടെയാണ് കൊട്ടാരത്തിലച്ചനുമായുള്ള ബന്ധത്തിന് കൂടുതൽ ഇഴയടുപ്പമുണ്ടായത്. കോളേജിൽ പുതുതായി നിയമിതനായ പ്രിൻസിപ്പലച്ചന് യുവ



**കോളേജിൽ നിലനിൽക്കുന്ന ഔപചാരിക സംവിധാനങ്ങൾ സാങ്കേതിക മികവിന്റെ സംസ്കാരം പേറണമെന്ന് അദ്ദേഹം ആഗ്രഹിച്ചു, നിഷ്കർഷിച്ചു. രണ്ടുവർഷക്കാലമാണ് കൊട്ടാരത്തിലച്ചൻ സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പലായി നേതൃത്വം നൽകിയത്. ഇക്കാലയളവത്രയും നാടിനു വിളക്കായ കാമ്പസിനെ കൂടുതൽ കോഴ്സുകളും സാങ്കേതിക മികവും നൽകി വളർത്തിയെടുക്കാനുള്ള പരിശ്രമത്തിലായിരുന്നു അദ്ദേഹം.**

അധ്യാപകരെ കാണണമെന്ന് താല്പര്യപ്പെട്ട പ്രകാരം അദ്ദേഹത്തെ കാണാൻ കോളേജിനോട് ചേർന്നുള്ള വൈദിക മന്ദിരത്തിൽ എത്തിയത് മൂന്നര പതിറ്റാണ്ടിനു ശേഷവും ഇന്നലെയെന്ന വണ്ണം മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. അകാലത്തിൽ വേർപെട്ട കൊമേഴ്സ് വിഭാഗം പ്രൊഫസർ സഖറിയാ കാട്ടുവള്ളിയും ഒപ്പമുണ്ടായിരുന്നു. ദീർഘനേരം ഞങ്ങൾ കൊട്ടാരത്തിലച്ചനുമായി സംസാരിച്ചു. അദ്ദേഹം തന്നെയാണ് ഏറെനേരവും സംസാരിച്ചത്. ഗ്രാമപ്രദേശത്തെ ഒരു കോളേജിലൂടെ മികച്ച വിദ്യാഭ്യാസം എല്ലാവർക്കും നൽകുന്നതിന്റെ പ്രായോഗികതകളിലൂന്നിയ സ്വപ്നങ്ങൾ.

കോളേജിൽ നിലനിൽക്കുന്ന ഔപചാരിക സംവിധാനങ്ങൾ സാങ്കേതിക മികവിന്റെ സംസ്കാരം പേറണമെന്ന് അദ്ദേഹം ആഗ്രഹിച്ചു, നിഷ്കർഷിച്ചു. രണ്ടുവർഷക്കാലമാണ് കൊട്ടാരത്തിലച്ചൻ സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പലായി നേതൃത്വം നൽകിയത്. ഇക്കാലയളവത്രയും നാടിനു വിളക്കായ കാമ്പസിനെ കൂടുതൽ കോഴ്സുകളും സാങ്കേതിക മികവും നൽകി വളർത്തിയെടുക്കാനുള്ള പരിശ്രമത്തിലായിരുന്നു അദ്ദേഹം. പഠനമികവിനോടൊപ്പം മതനിരപേക്ഷതയിലൂന്നിയ, കുറ്റമറ്റ വ്യക്തിബന്ധം സാധ്യമാക്കുന്ന സാമൂഹ്യ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഗ്രാമപ്രദേശത്ത് ഒരു കോളേജിന്, പ്രത്യേ



www.malankaralibrary.com

കിച്ച് ഒരു കാത്തലിക് ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിന്, കേവലം ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നതിനേക്കാൾ വലിയ ദൗത്യം നിർവ്വഹിക്കാനുണ്ടെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. പ്രാഥമികമായി, ശാസ്ത്ര വിഷയങ്ങളിൽ പുതിയ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പരിശ്രമമായി, അങ്ങനെയാണ് രസതന്ത്രത്തിൽ പുതിയ ഡിഗ്രി കോഴ്സ് ആരംഭിച്ചത്.

സെന്റ് ജോൺസ് പ്രിൻസിപ്പലായിരുന്ന കാലയളവിൽ അദ്ദേഹം അഞ്ചൽ സെന്റ് മേരീസ് ഇടവകയുടെ വികാരിയുമായിരുന്നു. ഫ്രാൻസിലെ ജീവിതവും ഗവേഷണവും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് വേണം കരുതാൻ. കൊട്ടാരത്തിലച്ചന്റെ ദൈവീകാനുഭവത്തിന്റെ വലിയ ശക്തിസ്രോതസ്സായിരുന്നു ലൂർദ്ദ്. ഇടവകയിലെ വിവിധ പരിപാടികൾ ക്രമീകരിക്കുമ്പോൾ ഈ സ്വാധീനം വളരെ പ്രകടമായിരുന്നു. മനോഹരമായ ഗായകസംഘം, എല്ലാവരും ഒരുമിച്ച് ഒരേ സ്വരത്തിൽ പാടുകയും പ്രാർത്ഥിക്കുകയും വേണം എന്ന നിഷ്കർഷ, എല്ലാ കാര്യത്തിലും പ്രകടമായ താളബോധം, സൗമ്യമായ പെരുമാറ്റം - അദ്ദേഹം ഒരു മികച്ച മിഷനറിയായിരുന്നു. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയും ആദരവും എടുത്തു പറയേണ്ടതുണ്ട്. ലൂർദ്ദിലെ പ്രാർത്ഥനാനുഭവത്തിന് സമാനമായി മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് വർണ്ണത്തിൽ ചാലിച്ച ആകർഷകമായ മെഴുകുതിരി പ്രദക്ഷിണം അദ്ദേഹത്തിന്റെ സംഭാവനയാണ്. അതേസമയം ദേവാലയത്തിനു മുൻപിലെ കുരിശടി നിർമ്മിച്ചപ്പോൾ വേളാങ്കണ്ണി മാതാവിനെ പ്രതിഷ്ഠിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചു.

> **പുരോഹിതൻ ശ്രേഷ്ഠ ഗുരുവാണ്. അധരത്തിൽ അറിവു സൂക്ഷിച്ച ശ്രേഷ്ഠഗുരുവായിരുന്നു അദ്ദേഹം. അധ്യാപകനെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് നിർവ്വഹിക്കുന്ന അടങ്ങാത്ത സത്യാന്വേഷണ തൃഷ്ണയായിരുന്നു കൊട്ടാരത്തിലച്ചന്റെ മനസ്സിലെ വിദ്യാഭ്യാസ സങ്കല്പം. ശ്രദ്ധാലുവായ സംരക്ഷകനും കാലാനുസൃതം അറിവ് പകർന്നുനൽകുകയും ചെയ്ത അധ്യാപകനുമായിരുന്നു അദ്ദേഹം. ഗുരു ശിഷ്യബന്ധത്തിന് അദ്ദേഹം വലിയ പ്രാധാന്യം നൽകി. ആരെയും അതിശയിപ്പിക്കുന്ന ശിഷ്യ സമ്പത്ത് അദ്ദേഹത്തിന് ലഭിച്ചത് ഇക്കാരണത്താലാവാം.**

പുരോഹിതൻ ശ്രേഷ്ഠഗുരുവാണ്. അധരത്തിൽ അറിവു സൂക്ഷിച്ച ശ്രേഷ്ഠ ഗുരുവായിരുന്നു അദ്ദേഹം. അധ്യാപകനെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് നിർവ്വഹിക്കുന്ന അടങ്ങാത്ത സത്യാന്വേഷണ തൃഷ്ണയായിരുന്നു കൊട്ടാരത്തിലച്ചന്റെ മനസ്സിലെ വിദ്യാഭ്യാസ സങ്കല്പം. ശ്രദ്ധാലുവായ സംരക്ഷകനും കാലാനുസൃതം അറിവ് പകർന്നുനൽകുകയും ചെയ്ത അധ്യാപകനുമായിരുന്നു അദ്ദേഹം. ഗുരു ശിഷ്യബന്ധത്തിന് അദ്ദേഹം വലിയ പ്രാധാന്യം നൽകി. ആരെയും അതിശയിപ്പിക്കുന്ന ശിഷ്യ സമ്പത്ത് അദ്ദേഹത്തിന് ലഭിച്ചത് ഇക്കാരണത്താലാവാം. അടങ്ങാത്ത സ്നേഹ പ്രവാഹമായാണ് ശിഷ്യഗണം അദ്ദേഹത്തെ കണ്ടത്.

കാൽ നൂറ്റാണ്ടിനപ്പുറം സ്വർഗ്ഗീയ ഗണത്തിലേക്ക് ചേർക്കപ്പെട്ട കൊട്ടാരത്തിലച്ചൻ ഇടവകാംഗങ്ങൾക്ക് പ്രിയങ്കരനായ വൈദികൻ, വിദ്യാർത്ഥികളെ ഹൃദയത്തിൽ സൂക്ഷിക്കുന്ന മാതൃകാദ്ധ്യാപകൻ, മികച്ച ഭരണകർത്താവ്, സംഘാടകൻ, വാഗ്മി, അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ശാസ്ത്ര ഗവേഷകൻ, സാർവ്വലൗകീക മത നിരപേക്ഷ നിലപാടുകളുള്ള മനുഷ്യസ്നേഹി എന്നീ നിലകളിൽ അനിതരസാധാരണമായ വ്യക്തിമുദ്ര പതിപ്പിച്ച അതുല്യപ്രതിഭയായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവുമായുള്ള കുടുംബബന്ധം കൊട്ടാരത്തിലച്ചന്റെ ഓർമ്മയ്ക്ക് മാറ്റു കൂട്ടുന്നു.



> **കൊട്ടാരത്തിലച്ചന്റെ ദൈവീകാനുഭവത്തിന്റെ വലിയ ശക്തിസ്രോതസ്സായിരുന്നു ലൂർദ്ദ്. ഇടവകയിലെ വിവിധ പരിപാടികൾ ക്രമീകരിക്കുമ്പോൾ ഈ സ്വാധീനം വളരെ പ്രകടമായിരുന്നു. മനോഹരമായ ഗായകസംഘം, എല്ലാവരും ഒരുമിച്ച് ഒരേ സ്വരത്തിൽ പാടുകയും പ്രാർത്ഥിക്കുകയും വേണം എന്ന നിഷ്കർഷ, എല്ലാ കാര്യത്തിലും പ്രകടമായ താളബോധം, സൗമ്യമായ പെരുമാറ്റം - അദ്ദേഹം ഒരു മികച്ച മിഷനറിയായിരുന്നു. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയും ആദരവും എടുത്തു പറയേണ്ടതുണ്ട്.**

www.malankaralibrary.com



# എന്റെ ഓർമ്മകളിലെ കൊട്ടാരത്തിലച്ചൻ



**ഡോ. സുമ തോമസ്**
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്
പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി
ബസേലിയോസ് കോളേജ് കോട്ടയം

വൈദികരിൽ ഒരു വിസ്മയമായിരുന്ന കൊട്ടാരത്തിലച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് 25 വർഷം കടന്നു പോയിരിക്കുന്നു. അച്ചന്റെ ഒരു ശിഷ്യ എന്ന നിലയിൽ ഈ ഓർമ്മകുറിപ്പ് എഴുതാനിരിക്കുമ്പോൾ മനസ്സിൽ നിറയുന്നത് പ്രൗഢഗംഭീരമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയെയാണ്. ഒരു കോളേജിന്റെ ഭരണാധികാരി എങ്ങനെ ആയിരിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരമാണ് കൊട്ടാരത്തിലച്ചൻ. വിദ്യാർത്ഥികളുടെ കാർക്കശ്യങ്ങൾക്കും, രാഷ്ട്രീയ പാർട്ടികളുടെ ചട്ടങ്ങൾക്കും മുന്നിൽ വെറും പാവകളായിപ്പോകുന്ന ഇന്നത്തെ അധികാരികൾ കണ്ടുപഠിക്കേണ്ടിയിരിക്കുന്നു ഈ മഹത് വ്യക്തിത്വത്തെ.

എന്റെ രണ്ടാംവർഷ പ്രീഡിഗ്രി വിദ്യാഭ്യാസ കാലത്താണ് 'കൊട്ടാരത്തിലച്ചൻ' മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി അധികാരമേൽക്കുന്നത്. ബഥനിക്കുന്നിന്റെ മുകളിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന കോളേജിന് ഏറ്റംഅനുയോജ്യനായ പ്രിൻസിപ്പൽ. ഗാംഭീര്യം നിറഞ്ഞ മുഖവും, തീഷ്ണമായ നോട്ടവും, അളന്നുമുറിച്ച വാക്കുകളും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. മാർ ഇവാനിയോസിനെ അച്ചടക്കത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയായിരുന്നു അച്ചൻ.

മലയാളം മീഡിയത്തിൽ നിന്ന് കോളേജിൽ എത്തിയ എനിക്ക് ക്ലാസിലെ Russel-ന്റെ എഴുത്തുകളും ആശയങ്ങളും 'ദഹിക്കാവുന്നതിലും' അപ്പുറമായിരുന്നു. വിരസമായ ക്ലാസ്മുറിയിൽ നിന്ന് പുറത്തുചാടുക (കട്ട് ചെയ്യുക) സ്ഥിരം പതിവായിരുന്നു. വരാന്തകളിൽ കൂടി കൈ പുറകിൽ കെട്ടി തലയുയർത്തിപ്പിടിച്ചുള്ള കൊട്ടാരത്തലച്ചന്റെ ആ നടപ്പ്, ഏത് വമ്പനെയും കൊമ്പുകുത്തിക്കുന്നതായിരുന്നു. അങ്ങനെയുള്ള ഒരു നടപ്പിനിടയിലാണ്, ഇംഗ്ലീഷ് ക്ലാസ് കട്ട് ചെയ്ത ഞാൻ അച്ചന്റെ മുമ്പിൽ ചെന്നുപെട്ടത്. വെള്ളം കുടിക്കാനെന്ന വ്യാജേന പൈപ്പിന്റെ കീഴിൽ അഞ്ച് മിനിട്ട് (അതിൽ കൂടുതൽ?) നിന്നെങ്കിലും അച്ചൻ പോയില്ല. കൈകൊണ്ട് ആംഗ്യം കാട്ടി അടുത്തേക്ക് വിളിച്ച് ശാസനാപൂർവ്വം ക്ലാസിലേക്ക് പറഞ്ഞുവിട്ടു. അതിനുശേഷം ഒരു ക്ലാസും 'കട്ട്' ചെയ്യാനെനിക്ക് ധൈര്യം വന്നിട്ടില്ല.

പ്രഗത്ഭനായ രസതന്ത്ര അധ്യാപകനായിരുന്നു അച്ചൻ. ബിരുദപഠനത്തിന് രസതന്ത്രം ഐച്ഛികവിഷമായെടുത്ത് വീണ്ടും മാർ ഇവാനിയോസിൽ ഞാൻ വിദ്യാർത്ഥിനിയായി. എങ്കിലും അച്ചന്റെ രസകരമായ ക്ലാസുകളിലിരിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായില്ലയെന്നുള്ളത് നഷ്ടബോധത്തോടെയാണ് ഓർക്കുന്നത്.

മൂന്നാം വർഷം ആയപ്പോഴേയ്ക്കും ക്ലാസിലെ സൗഹൃദങ്ങൾ ശക്തമായി

> **ബഥനിക്കുന്നിന്റെ മുകളിൽ തലയുയർത്തി നിൽക്കുന്ന കോളേജിന് അനുയോജ്യനായ പ്രിൻസിപ്പൽ. ഗാംഭീര്യം നിറഞ്ഞ മുഖവും, തീഷ്ണമായ നോട്ടവും, അളന്നുമുറിച്ച വാക്കുകളും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. മാർ ഇവാനിയോസിനെ അച്ചടക്കത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയായിരുന്നു അച്ചൻ.**

www.malankaralibrary.com



കഴിഞ്ഞിരുന്നു. അങ്ങിനെയിരിക്കെയാണ് ഞങ്ങളുടെ കൂട്ടുകാരിയുടെ ചേച്ചിയുടെ വിവാഹം വന്നത്. ഒരു ആഘോഷമാക്കി ഞങ്ങൾ ഒന്നടങ്കം കല്യാണത്തിന് പോയി, ആരോടും അനുവാദം ചോദിക്കാതെ. സദ്യയൊക്കെ കഴിച്ച് മടങ്ങിയെത്തിയ ഞങ്ങളെ കാത്തിരുന്നത്, അധ്യാപകരുടെ കുറ്റപ്പെടുത്തുന്ന നോട്ടങ്ങളും ക്ലാസ് ടീച്ചറിന്റെ നിസ്സഹായ അവസ്ഥയുമായിരുന്നു. ക്ലാസ് ടീച്ചറും, ലീഡറായ ഞാനും പ്രിൻസിപ്പലിന്റെ മുറിയിലേക്ക് ചെല്ലാനായിരുന്നു കൽപ്പന. ആ നിമിഷങ്ങൾ ഓർക്കുമ്പോൾ ഇന്നും മനസ്സിനുള്ളിൽ ഒരു 'വിറയൽ' അനുഭവപ്പെടാറുണ്ട്. ആ കണ്ണടയ്ക്കുള്ളിൽ കൂടിയുള്ള തീഷ്ണമായ നോട്ടം എന്റെ സപ്തനാഡികളെയും തളർത്തി. ശരീരത്തിന്റെ ഭാരം കാലുകൾക്ക് താങ്ങാനാവുന്നതിലധികമായി കഴിച്ച സദ്യയൊക്കെ എപ്പോഴോ ദഹിച്ചുകഴിഞ്ഞിരുന്നു. ചുവന്ന പരവതാനി വിരിച്ച ആ മുറി, കുറെ നാളത്തെക്കെങ്കിലും എന്റെ പേടി സ്വപ്നമായിരുന്നു. മേശയുടെ അറ്റത്ത് കൈതാങ്ങി (അല്ലെങ്കിൽ താഴെ വീണാലോ?) അച്ചന്റെ മുഖത്ത് നോക്കാൻ ധൈര്യമില്ലാതെ തലകുനിച്ചു നിൽക്കുമ്പോൾ, ആദ്യത്തെ 'ഡോസ്' ഞങ്ങളുടെ പാവം ക്ലാസ് ടീച്ചർ ഏറ്റുവാങ്ങുകയായിരുന്നു. എന്റെ നേരെ തിരിഞ്ഞ്, മേശപ്പുറത്തിരുന്ന പെൻസ്റ്റാൻഡ് നീക്കിവച്ചിട്ട് ചോദിച്ചു. ''What kind of system is this"? രാമസ്വാമി സാറിന്റെ Thermodynamics ക്ലാസുകൾ എനിക്കേറെ ഇഷ്ടമായിരുന്നതുകൊണ്ട്, ഇതിന്റെ ഉത്തരത്തിനുവേണ്ടി ബുദ്ധിമുട്ടേണ്ടി വന്നില്ല 'open system'. ഉത്തരം കേട്ട് വീണ്ടും അടുത്ത രണ്ടുമൂന്നു ചോദ്യങ്ങൾ ചോദിച്ചതും, എല്ലാത്തിനും ദൈവാനുഗ്രഹത്താൽ ശരിയുത്തരം നൽകാൻ കഴിഞ്ഞതും മറക്കാൻ കഴിയില്ല. ആ മുഖത്തെ ഗൗരവത്തിന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്നതും ചെറിയൊരു ചിരി വിരിയുന്നതും അത്ഭുതത്തോടെ ഞാൻ നോക്കിനിന്നു. ഞങ്ങളുടെ ക്ലാസ് ടീച്ചറിന്റെ മുഖത്തും ആശ്വാസത്തിന്റെ പുഞ്ചിരി. മേലിൽ ഇതാവർത്തിക്കരുതെന്ന താക്കീതോടെ ഞങ്ങളെ പറഞ്ഞുവിട്ടു. കാലത്തിന്റെ കോപ്പുകൂട്ടലിൽ ആഗ്രഹിക്കാഞ്ഞിട്ടും അദ്ധ്യാപകവൃത്തിയിൽ എത്തിപ്പെട്ട ഞാൻ എന്റെ കുട്ടികളെ പഠിപ്പിക്കുമ്പോഴൊക്കെ ഈ സംഭവം ഓർക്കാറുണ്ട്, ഒരു ചെറുചിരിയോടെ.

വർഷങ്ങൾ കടന്നുപോയി. ഭർത്താവിന്റെ സഹോദരതുല്യനായ സുഹൃത്ത് ഡോ. ആന്റണി ജോർജ്ജിന്റെ വിവാഹനിശ്ചയത്തിന് പോയപ്പോഴാണ് അച്ചനെ ഞാൻ പിന്നീട് കാണുന്നത്. ഏകദേശം അഞ്ച് വർഷങ്ങൾക്ക് ശേഷം. പ്രൗഢഗംഭീരമായ ആ നിൽപ്പ് എന്റെ ഉള്ളിലെ പഴയ പ്രീഡിഗ്രി വിദ്യാർത്ഥിനിയെ വീണ്ടുമുണർത്തി. ഞങ്ങടെ 'കൊട്ടാരത്തിലച്ചൻ' ഞാൻ ഭർത്താവ് ഡോ. ബിനോ തോസിനോടടക്കം പറഞ്ഞു. അൽപ്പസമയത്തിനുള്ളിൽ എനിക്ക് അച്ചനെ നേരിട്ട് കാണാൻ അവസരം കിട്ടി. ആന്റണിയുടെ പ്രതിശ്രുതവധു മിനിയുടെ മാതൃസഹോദരനായിരുന്നു അച്ചൻ. ഉള്ളിലെ ഭയം മറച്ചുപിടിച്ച് ചിരിക്കാൻ ശ്രമിക്കുന്ന എന്നെ നോക്കി അച്ചൻ ചിരിച്ചു. ആന്റണി, സുഹൃത്തിന്റെ ഭാര്യയാണെന്ന് പറഞ്ഞ് പരിചയപ്പെടുത്തി. എന്നെ സൂക്ഷിച്ചുനോക്കി Ivanios-ലെ student അല്ലേ?" എന്ന് ചോദിച്ചു. ഒപ്പം എല്ലാവരോടുമായി "she is our rank holder"എന്ന് പറഞ്ഞത് എന്റെ കണ്ണുകളെ ഈറനണിയിച്ചു. ഇപ്പോൾ, ഞാനീ വരികളെഴുതുമ്പോൾ അത്ഭുതത്തോടെ ഞാൻ ഓർക്കുകയാണ്, അച്ചൻ പറഞ്ഞ ആ വാക്കുകൾ. ആയിരക്കണക്കിന് മിടുക്കൻമാരും മിടുക്കികളും പഠിച്ചിറങ്ങുന്ന ഇവാനിയോസിലെ ഒരു പുൽക്കൊടിയായ എന്നെ അച്ചൻ ഓർത്തല്ലോ. ഒരു അദ്ധ്യാപിക എന്നനിലയിൽ പിന്നീട് ഞാനും എപ്പോഴും എന്റെ കുട്ടികളുടെ പേരുകൾ ഓർത്തുവയ്ക്കുവാനും, കാണുമ്പോൾ പേരെടുത്തു വിളിക്കുവാനും ശ്രമിക്കുന്നതിന്റെ പിന്നിലെ പ്രചോദനം, കൊട്ടാരത്തിലച്ചൻ തന്നെയാണ്.

**വർഷങ്ങൾ കടന്നുപോയി. ഭർത്താവിന്റെ സഹോദരതുല്യനായ സുഹൃത്ത് ഡോ. ആന്റണി ജോർജ്ജിന്റെ വിവാഹനിശ്ചയത്തിന് പോയപ്പോഴാണ് അച്ചനെ ഞാൻ പിന്നീട് കാണുന്നത്. ഏകദേശം 5 വർഷങ്ങൾക്ക് ശേഷം. പ്രൗഢഗംഭീരമായ ആ നിൽപ്പ് എന്റെ ഉള്ളിലെ പഴയ പ്രീഡിഗ്രി വിദ്യാർത്ഥിനിയെ വീണ്ടുമുണർത്തി.**



എന്റെ മനസ്സിനോട് ഞാനേറ്റവും ഊഷ്മളതയോടെ ചേർത്തുവയ്ക്കുന്നവയാണ് മാർ ഇവാനിയോസ് എനിക്ക് നൽകിയ ഓർമ്മകൾ. അവിടെ നിന്ന് ഞാൻ പഠിച്ച പാഠങ്ങളും അനുഭവങ്ങളും എന്റെ ജീവിതയാത്രയിൽ എനിക്ക് കൈത്താങ്ങാകുന്നു. എന്നെ പഠിപ്പിച്ച ഗുരുക്കൻമാരും അവരുടെ അനുഗ്രഹങ്ങളും എനിക്ക് വഴിവിളക്കാകവെ, ഏറ്റവും ശ്രേഷ്ഠനായ, ആദർശധീരനായ, അർപ്പണ മനോഭാവത്തോടെ കോളേജിനെ നയിച്ച കൊട്ടാരത്തിലച്ചന്റെ ഭരണകാലത്ത് പഠിക്കാൻ കഴിഞ്ഞ സൗഭാഗ്യത്തിന് ജഗദീശ്വരനോട് നന്ദി പറയുന്നു. 25 വർഷങ്ങൾക്ക് മുൻപ് അകാലത്തിൽ പൊലിഞ്ഞുപോയ അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

www.malankaralibrary.com



# അൽത്താരയിലെ അഗ്നി കെടാതെ ആറിലൊരാൾ

**ഡോ. ജോൺ റ്റി. ഏബ്രഹാം**
അസോ. പ്രൊഫസർ
ഭാരതമാതാ കോളേജ്, തൃക്കാക്കര

അൾത്താരയിലെ അഗ്നി കെട്ടുപോകാതെ അതിനെ ആത്മാവിൽ ആവോളം ആവാഹിച്ചെടുത്ത ആചാര്യനായ അദ്ധ്യാപക ശ്രേഷ്ഠൻ - ഫാ. തോമസ് കൊട്ടാരത്തിൽ. ദൈവ ദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സഹോദരിയുടെ കൊച്ചു മകൻ.

കാരുണ്യത്തിന്റെ വിശുദ്ധ ജൂബിലി വർഷാഘോഷങ്ങളുടെ പരിപൂർണ്ണതയിൽ, അപരിചിതർക്കു പോലും കാരുണ്യത്തിന്റെ ശബ്ദമായിരുന്ന വിശുദ്ധനായൊരു വൈദികന്റെ സ്വർഗ പ്രാപ്തിയുടെ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അച്ചനെപറ്റിയുള്ള എന്റെ വ്യക്തിപരമായ ഓർമകൾ എന്നെന്നും മായാതെ നൽക്കുന്നു. ഏവർക്കും പ്രിയങ്കരനായ കൊട്ടാരത്തിലച്ചൻ കൂടുതൽ അടുപ്പമുള്ളവർക്ക് മോനിയച്ചനാണ്. എന്റെ ജീവിത പങ്കാളിക്ക് പ്രഥമ ദിവ്യ കാരുണ്യ സ്വീകരണം നൽകിയത് മോനിയച്ചനാണെന്നറിഞ്ഞപ്പോൾ ദൈവിക പദ്ധതികളുടെ അർത്ഥ അപാരതകളുടെ നൂൽകെട്ടുകൾ വീണ്ടും വിസ്മയിപ്പിച്ചു. എന്റെ ഡാഡിയുടെ (പിതാവിന്റെ മൂത്ത സഹോദരൻ) ഭാര്യാ സഹോദരനെന്ന നിലയിൽ ചെറുപ്പം മുതൽ മോനിയച്ചനെപ്പറ്റി വീട്ടിൽ കേൾക്കാറുണ്ടായിരുന്നു. എല്ലാവരുടേയും മനസ്സിൽ ഇടം നേടുന്ന സൗമ്യതയുടെ ആ പര്യായത്തെ എങ്ങനെയെന്ന് അറിയാതെ തന്നെ ഇഷ്ടവും ആദരവും ഏറി വന്നു.

"നിന്നെ ഏൽപ്പിച്ചതിനെപ്പറ്റി ചിന്തിക്കുക. നിഗൂഢമായത് നിനക്കാവശ്യമില്ല" (പ്രഭാ:3:22) എന്നതു പോലെ കുടുംബത്തിലെല്ലാവർക്കും സന്തോഷമേറ്റിക്കൊണ്ട് ഞങ്ങളുടെ സ്വന്തം ഇടവക വികാരിയായിത്തന്നെ 1991ൽ മോനിയച്ചൻ കടന്നുവന്നു- മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിച്ച ശേഷം ആദ്യ ദൗത്യവുമായി. തങ്ങൾക്കേറ്റവും പ്രിയപ്പെട്ട മോനിയച്ചൻ വികാരിയായിരിക്കെത്തന്നെ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാല അൽമായ പ്രമുഖരിൽ പ്രധാനിയായിരുന്ന കുറിച്ചിമുട്ടത്ത് തേവരേത്ത് ജോൺസാറെന്ന അപ്പച്ചനും അമ്മച്ചിക്കും മരണമടയുവാൻ ഭാഗ്യമുണ്ടായി. എന്റെ സഹോദരിയുടെ വിവാഹമാണ് കൊട്ടാരത്തിലച്ചൻ അവസാനമായി ആശീർവദിച്ച വിവാഹം-1991 നവംബർ 30ന്. പിന്നീട് 25 നോമ്പ്, ക്രിസ്മസ്, അച്ചന്റെ മരണം. എപ്പോഴെല്ലാം ക്രിസ്മസ് ആഘോഷിക്കുമോ അപ്പോഴെല്ലാം, തൊട്ടു പിറ്റേന്ന് നടന്ന അച്ചന്റെ വേർപാടിനെ ഓർമിക്കുക തന്നെ ചെയ്യും.ഒരു നീറ്റലായി, വർഷങ്ങൾ പിന്നിടുമ്പോഴും.

> എന്റെ സഹോദരിയുടെ
> വിവാഹമാണ് കൊട്ടാരത്തിലച്ചൻ
> അവസാനമായി
> ആശീർവദിച്ച വിവാഹം1991
> നവംബർ 30ന്.
> പിന്നീട് 25 നോമ്പ്, ക്രിസ്മസ്,
> അച്ചന്റെ മരണം.
> എപ്പോഴെല്ലാം ക്രിസ്മസ്
> ആഘോഷിക്കുമോ അപ്പോഴെല്ലാം,
> തൊട്ടു പിറ്റേന്ന് നടന്ന
> അച്ചന്റെ വേർപാടിനെ
> ഓർമിക്കുക തന്നെ ചെയ്യും.


www.malankaralibrary.com

# കുടുംബബന്ധങ്ങളെ സ്നേഹംകൊണ്ട് സമ്പന്നമാക്കിയ ഞങ്ങളുടെ മോനിയച്ചൻ



**രാജു**
Thomas Antony
Kollamparambil
Vazhicherry Ward
Alappuzha

**അനിയൻ**
Varghese Antony
Kollamparambil
Thathampally
Alappuzha



1991 ഡിസംബർ 26നാണ് എല്ലാവർക്കും ഹൃദയവേദന ഉണ്ടാക്കിയ ആ വലിയ ദുരന്തം സംഭവിച്ചത്. അനേകരെ, പ്രത്യേകിച്ച് കുടുംബാംഗങ്ങളെ തീരാ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് മോനിച്ചായൻ കടന്നുപോയി. ഇന്ന് 25 വർഷം കഴിയുമ്പോൾ സ്നേഹാദാരവുകളോടെയും പ്രാർത്ഥനയോടും നാം അദ്ദേഹത്തെ അനുസ്മരിക്കുന്നു. ഒരു ജ്യേഷ്ഠ സഹോദരൻ മാത്രമല്ല, ഓർമ്മ വെച്ച നാൾ മുതൽ ഞങ്ങളോടൊപ്പം കഴിഞ്ഞിരുന്ന ഒരു ഉറ്റ സുഹൃത്തും, സഹായിയും മാർഗ്ഗദർശിയും ഒക്കെയാണ് ഞങ്ങൾക്ക് നഷ്ടമായത്. ഞാനും, രാജൂച്ചായനും തമ്പിയും ഞങ്ങളുടെ ചെറുപ്പത്തിലെ മരിച്ചുപോയ അമ്മച്ചിയുടെ അഭാവത്തിലുണ്ടായ ദുഃഖം അറിയാതിരുന്നത് മാതാവിന്റെ വീട്ടുകാരിൽനിന്ന് ലഭിച്ചിരുന്ന സ്നേഹപരിചരണങ്ങൾകൊണ്ട് മാത്രമാണ്. മോനിച്ചായനും, രാജമ്മാമ്മയും, കൊച്ചുരാജുവും, കുഞ്ഞമ്മയും കൂടപിറപ്പുകളെ പോലെയാണ് ഞങ്ങൾക്ക്-അവരുമായി വലിയ പ്രായവ്യത്യാസം ഇല്ലാത്തവരാണ് ഞങ്ങൾ മൂവരും. എല്ലാ അവധി ദിവസങ്ങളിലും വേനൽകാല അവധി ദിവസങ്ങളിൽ പ്രത്യേകിച്ചും ഞങ്ങൾ മാവേലിക്കരയിൽ ഒത്തുചേരുമായിരുന്നു. ഞങ്ങളെ കാണാതിരുന്നാൽ ബേബിച്ചായനും (അമ്മച്ചിയുടെ മൂത്ത സഹോദരി പുത്രൻ-തോമസ് പണിക്കർ അച്ചൻ) മോനിച്ചായനും കൂടി സൈക്കിളിൽ ചേപ്പാട്ട് വന്ന് മാവേലിക്കരക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോകുമായിരുന്നു. 'അപ്പായി' മരിച്ചശേഷം അത് മൂത്ത പുത്രനായ മോനിച്ചായൻ സ്നേഹപൂർവ്വം സ്വയം ഏറ്റെടുത്ത ഒരു കുടുംബദൗത്യമായിരുന്നു എന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. അവധിക്കാലമെല്ലാം ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തോടെയാണ് കല്ലുംപുറത്ത് കൊട്ടാരത്തിൽ വീട്ടിൽ കഴിഞ്ഞിരുന്നത്. അന്നൊക്കെ മോനിച്ചായന്റെ സ്നേഹസാന്നിദ്ധ്യങ്ങളാണ് "പിള്ളേര് അരങ്ങ്" സജീവമാക്കിയിരുന്നത്. പാട്ടുപാടാനും പ്രസംഗം പരിശീലിക്കുവാനും നേതൃത്വം നൽകിയിരുന്നത് മോനിച്ചായനാണ്. പടിഞ്ഞാറേ പറമ്പിൽ ശർക്കരേശ്ശി മാവിൻ ചുവട്ടിലായിരുന്നു അന്നത്തെ സമ്മേളനവേദി. കാറ്റത്ത് വീഴുന്ന പഴുത്ത മാങ്ങയെല്ലാം ഞങ്ങൾ മത്സരിച്ച് വാരിക്കൂട്ടുമായിരുന്നു. വീട്ടുമുറ്റത്തെ ഞങ്ങളുടെ ഫുട്ബോൾ കളി വാശിയേറിയതായിരുന്നു. മോനിച്ചായന്റെ ഹൃദയലാളിത്യം എടുത്തു പറയേണ്ടതാണ്. ഏറെ വർഷങ്ങൾക്കുശേഷവും കളിക്കാനും കളിപ്പിക്കാനുമുള്ള അതേ വൈഭവം അദ്ദേഹം നിലനിർത്തി. ഒരു പ്രിൻസിപ്പലിന്റെ ഗൗരവഭാവമൊന്നും ഇല്ലാതെ കോളേജ് കുട്ടികളുമായി ബാസ്ക്കറ്റ്ബോൾ കളിക്കുന്നത് മാർ ഇവാനിയേസിൽ ചെന്നപ്പോഴൊക്കെ കൗതുകത്തോടെ ഞാൻ നോക്കി നിന്നിട്ടുണ്ട്. എല്ലാ വർഷവും പി എച്ച് ഡിക്ക് ഫ്രാൻസിൽ പഠിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന സുഹൃത്തുക്കൾ ഇവിടെ വരുമായിരുന്നു. ആലപ്പുഴയിൽ ഞങ്ങളുടെ വീടുകളിൽ ആണ് അവരെ പാർപ്പിച്ചത്. മോനിച്ചായന് ബൃഹത്തായ സുഹൃത്ബന്ധങ്ങളാണ് ഉണ്ടായിരുന്നത്. ശ്രീചിത്തിര സ്ഥാപകനായിരുന്ന ഡോ. വല്യത്താൻ, കെൽട്രോണിന്റെ സ്ഥാപക ചെയർമാൻ കെ. പി. കെ നമ്പ്യാർ, സഹസെമ്മനാരിയനായിരുന്ന പൗവ്വത്തിൽ തിരുമേനി തുടങ്ങി പ്രഗത്ഭരും പ്രശസ്തരും മാത്രമല്ല താഴേക്കിടയിലുള്ള മറ്റേനേകം പേരും മോനിച്ചായന്റെ സുഹൃത്‌വലയത്തിൽ ഉൾപ്പെട്ടിരുന്നു. ഓരോരുത്തരുടെയും മനസ്സറിഞ്ഞ് പ്രവർത്തിക്കാനും ആവശ്യങ്ങൾ അറിഞ്ഞ് സഹായിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കരിസ്മാറ്റിക് നവീകരണത്തോടുള്ള എന്റെ അഭിനിവേശം മനസ്സിലാക്കി അതിനോട് അന്നൊക്കെ ആഭിമുഖ്യം പുലർത്തിയിരുന്ന കാട്ടുകള്ളിൽ അച്ചനെ (ഇപ്പോൾ, തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ കാട്ടുകള്ളിൽ സാമുവൽ മാർ ഐറേനിയോസ്) എനിക്ക് പരിചയപ്പെടുത്തിയതോർക്കുന്നു.

വല്യച്ചായൻ (അമ്മാച്ചൻ-എഫ്രേം അച്ചൻ), ബേബിച്ചായൻ, ഇവരോടൊപ്പം കുടുംബത്തിലെ ചടങ്ങുകളിലെല്ലാം കാർമ്മികത്വം വഹിക്കാൻ എപ്പോഴും മോനിച്ചായൻ ഓടിയെത്തിയിരുന്നു. കുടുംബ ബന്ധങ്ങൾ അദ്ദേഹത്തിന് അത്രയധികം വലുതായിരുന്നു. ജ്യേഷ്ഠ സഹോദരിയെ മണ്ണാരകുളഞ്ഞിയിൽ സന്ദർശിച്ച ശേഷം മടങ്ങി വരുമ്പോൾ ആയിരുന്നല്ലോ വാഹനാപകടത്തിൽ മരണം സംഭവിച്ചത്. ചെങ്ങന്നൂരിൽ ഗ്രിഗോറിയസ് തിരുമേനിയെ വരവേൽക്കാൻ തിടുക്കത്തിലുള്ള വരവായിരുന്നു. ആശുപത്രിയിൽ പോകുംവഴി സഹോദരിപുത്രിയുടെ മടിയിൽ തല ചായ്ച്ചാണ് മരിച്ചത്. ''എല്ലാം കഴിഞ്ഞു' എന്നു പറഞ്ഞായിരുന്നു. ''എല്ലാം പൂർത്തിയായി" എന്ന യേശുനാഥന്റെ അന്ത്യമൊഴിയോട് അത് സാമ്യമുള്ളതായി. അത്ര പരിശുദ്ധമായിരുന്നു ഞങ്ങളുടെ മോനിച്ചായന്റെ സംഭവബഹുലമായ ജീവിതം. ''ജ്വലിതം സ്രോയേനതു ധുമായിതം ചിരം'' കത്തിജ്വലിച്ചു കടന്നുപോയ മോനിച്ചായന്റെ ജീവിതം ധന്യം തന്നെ; സംശയമില്ല. മോനിച്ചായന്റെ ഓർമ്മകൾക്കുമുന്നിൽ ഞങ്ങൾ ശിരസ്സു നമിച്ച് പ്രാർത്ഥിക്കുന്നു. □





www.malankaralibrary.com

# സ്വപ്നങ്ങളെ താലോലിച്ച കർമ്മയോഗി

]p ³ ]pcb¡Â
dh: tUm. ]n. Pn. tXmak ] Wnb¡À
**(Imcn¨mÂ)**

> മാർ ഈവാനിയോസ് കോളജിനെ കമ്പ്യൂട്ടർ മേഖലയിലേക്ക് കൈപിടിച്ചു നടത്തിയത് ബ.അച്ചനാണ്. കോളജിലെ പ്രവേശന പ്രക്രിയകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് നടത്തുന്നത് അത്ഭുതത്തോടെ ഞാൻ നോക്കിനിന്നിട്ടുണ്ട്. കമ്പ്യൂട്ടർ പഠിക്കാൻ എനിക്കു പ്രചോദനമായതും അതാണ്.

25 വർഷങ്ങൾക്കു മുമ്പ് കാലയവനികയ്ക്കു പിന്നിൽ മറഞ്ഞ ബ. തോമസ് കൊട്ടാരത്തിലച്ചൻ ഭാവിയെക്കുറിച്ച് ഒത്തിരി സ്വപ്നങ്ങൾ നെയ്ത ഒരു ആചാര്യശ്രേഷ്ഠനായിരുന്നു. പ്രിയപ്പെട്ട അച്ചന്റെ അകാല വിയോഗം ഒരു വേദനയായി ഇപ്പോഴും എന്റെ മനസ്സിലുണ്ട്. അദ്ദേഹത്തോടൊപ്പം മാർ ഈവാനിയോസ് കോളജിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. കുടുംബാംഗമെന്ന നിലയിൽ നേരത്തെ പരിചയമുണ്ടായിരുന്നെങ്കിലും ബ.അച്ചനെ അടുത്തറിയാൻ സാധിച്ചത് ആ കാലയളവിലാണ്. ഒരു കുഞ്ഞനുജനെപ്പോലെ എന്നെ കരുതി എനിക്ക് ബ. അച്ചൻ തന്ന സ്നേഹവും കരുതലും നന്ദിയോടെ സ്മരിക്കുന്നു. എന്നിലെ ചെറുപ്പത്തിന്റെ എടുത്തുചാട്ടത്തിന് ഒരു പരിധി വരെ കടിഞ്ഞാണിടാൻ സഹായിച്ചത് കൊട്ടാരത്തിലച്ചനാണ്.

കോളജിന്റെ ഭാവിയെക്കുറിച്ച് അദ്ദേഹം കണ്ട സ്വപ്നങ്ങളിൽ പലപ്പോഴും എന്നെയും പങ്കാളിയാക്കി. സ്വപ്നങ്ങൾ കാണുക മാത്രമല്ല അവ നടപ്പാക്കാൻ കഠിനമായി അദ്ധ്വാനിക്കുകയും ചെയ്തിരുന്നു ബ. കൊട്ടാരത്തിലച്ചൻ. ആധുനിക സാങ്കേതിക വിദ്യകൾ കോളജിൽ നടപ്പിലാക്കാൻ കൊട്ടാരത്തിലച്ചൻ വളരെ ഉത്സാഹം കാണിച്ചു. മാർ ഈവാനിയോസ് കോളജിനെ കമ്പ്യൂട്ടർ മേഖലയിലേക്ക് കൈപിടിച്ചു നടത്തിയത് ബ.അച്ചനാണ്. കോളജിലെ പ്രവേശന പ്രക്രിയകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് നടത്തുന്നത് അത്ഭുതത്തോടെ ഞാൻ നോക്കിനിന്നിട്ടുണ്ട്. കമ്പ്യൂട്ടർ പഠിക്കാൻ എനിക്കു പ്രചോദനമായതും അതാണ്. പിൽക്കാലത്ത് കോളജിൽ സുറിയാനി പഠിപ്പിക്കുന്നതിലും സർവ്വകലാശാല തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും മലങ്കര സെമിനാരിയിൽ പരീക്ഷാകൺട്രോളർ ആയപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ എല്ലാം കമ്പ്യൂട്ടർവൽക്കരിക്കാനും അത് എന്നെ സഹായിച്ചു.

ബ. തോമസ് കൊട്ടാരത്തിലച്ചനിൽ കണ്ട ഒരു പ്രത്യേക സവിശേഷത മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബ. അച്ചൻ എവിടെ ചെന്നാലും അവിടെല്ലാം മുമ്പത്തെക്കാൾ കൂടുതൽ മെച്ചപ്പെടുത്താൻ ആഗ്രഹിച്ചു. അത് അദ്ദേഹത്തിന്റെ ജീവിത ദർശനമായിരുന്നു. ഹോസ്റ്റലിൽ ആയാലും കോളജിൽ ആയലും പള്ളിയിൽ ആയാലും അതിനുവേണ്ടി പരിശ്രമിച്ചിരുന്നു. സഹപ്രവർത്തകരെയും അതിനു പ്രേരിപ്പിച്ചു. ബ. കൊട്ടാരത്തിലച്ചൻ മാർ ഈവാനിയോസ് കോളജിന്റെ പ്രിൻസിപ്പൽ ആയതിനുശേഷം കോളജിൽ പുതുതായി പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ കോളജിലെ ആദ്യത്തെ ദിവസം ഒരു ഉത്സവംപോലെ ആയിരുന്നു. പുതിയ വിദ്യാർത്ഥികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം കോളജിന്റെ വലിയ ഹാളിൽ ഒരുമിച്ചുകൂടുമ്പോൾ അവരെ സമുചിതമായി സ്വീകരിച്ച് പ്രിൻസിപ്പൽ അഭിസംബോധന ചെയ്യുക പതിവായി. ബ. കൊട്ടാരത്തിലച്ചൻ പുതിയ വിദ്യാർത്ഥികളോടു പറഞ്ഞിരുന്ന പ്രധാനപ്പെട്ട കാര്യമിതായിരുന്നു. കേരളത്തിലെ ഒരു പ്രശസ്തമായ കോളജിൽ പ്രവേശനം നേടി നിങ്ങൾ ഇന്നു പഠനം ആരംഭിക്കുകയാണ്. നിങ്ങൾ ഇവിടെനിന്നു പോകുമ്പോൾ ഇതിനെ ഇപ്പോഴത്തേക്കാൾ മെച്ചപ്പെട്ട ഒരു സ്ഥാപനമാക്കിയിട്ട് വേണം പോകാൻ.

പ്രിയപ്പെട്ട കൊട്ടാരത്തിലച്ചന്റെ ദീപ്ത സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.





www.malankaralibrary.com

# അച്ചടക്കവും കരുതലും ഉൾച്ചേർന്നപ്പോൾ

ഒരു വ്യക്തി എത്രനാൾ ജീവിച്ചു എന്നതിലല്ല ഉള്ളകാലം എങ്ങനെ ജീവിച്ചു എന്നതിലാണ് ആ വ്യക്തിയുടെ മാഹാത്മ്യം. ബഹു. കൊട്ടാരത്തിലച്ചന്റെ മഹത്വവും വ്യക്തി പ്രഭാവവും വിവിധ വ്യക്തികൾ ഈ സ്മരണികയിൽ പങ്കുവയ്ക്കുമ്പോൾ എനിക്കനുഭവപ്പെട്ട വേറിട്ട ഒരനുഭവം ഇവിടെ രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

തികച്ചും ഗ്രാമപ്രദേശത്തു നിന്നും ഡിഗ്രി പൂർത്തിയാക്കി 1984–86 കാലഘട്ടത്തിൽ ഉപരിപഠനാർത്ഥമാണ് ഞാൻ മാർ ഈവാനിയേഴ്സ് കോളേജിൽ എം.കോമിന് ചേർന്നത് ഗ്രാമവാസി എന്ന നിലയിലുള്ള കുറവ് മറച്ചുവയ്ക്കുവാനും സിറ്റിയിലുള്ള വിദ്യാർത്ഥി കളോട് ഒപ്പം ഉയരുവാനും കോളേജിൽ നടക്കുന്ന എല്ലാ പരിപാടികളിലും വളരെ സജീവമായി ഞാൻ പങ്കെടുത്തിരുന്നു. അങ്ങനെ മറ്റ് വിദ്യാർത്ഥികളോടൊപ്പം മുഖ്യധാരയിലേക്ക് വളരെപ്പെട്ടെന്ന് വരുവാൻ എനിക്ക് സാധിച്ചു.

കൊട്ടാരത്തിലച്ചന്റെ ക്വാർട്ടേഴ്സിനോട് അഭിമുഖമായിട്ടുള്ള സെന്റ്.തോമസ്സ് പി.ജി. ഹോസ്റ്റലിൽ ആയിരുന്നു എന്റെ താമസ്സം. സിറിയൻ കത്തോലിക്കനായിരുന്നു വെങ്കിലും എല്ലാ ദിവസവും ഹോസ്റ്റൽ ചാപ്പലിൽ ചൊല്ലുന്ന മലങ്കര കുർബാനയിൽ ഞാൻ പങ്കെടുക്കുമായിരുന്നു. മലങ്കര കുർബാന ആദ്യമൊക്കെ ബുദ്ധിമുട്ടായിരുന്നു വെങ്കിലും പിന്നീട് അതിൽ വളരെ സജീവമായി പങ്കുകൊള്ളുവാനും എനിക്ക് സാധിച്ചു. മറ്റ് സഹവിദ്യാർത്ഥികളിൽ നിന്നും വേറിട്ട എന്റെ ഈ സ്വഭാവം കൊട്ടാരത്തിലച്ചൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ഞങ്ങളുടെ കോളേജ് ബർസാറും പ്രീഡിഗ്രി ഹോസ്റ്റൽ വാർഡനുമായിരുന്ന കാട്ടുകല്ലിലച്ചനും (ബഹു.ഐറാനിയേഴ്സ് പിതാവ്) എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തും ആത്മീയ ഗുരുവുമായി

tUm.tXmak tPmk ^ Xq¦pgn
**cPnk{SmÀ, Kpem¯n C³ Ìnäyq« Hm^**
**^n\m³k Bâ SmIt kj³**

രുന്നു. അങ്ങനെയിരിക്കെ 1985–86 വർഷത്തെ വാശിയേറിയ കോളേജ് ഇലക്ഷൻ വന്നു. വളരെ ചുരുങ്ങിയകാലം കൊണ്ട് പ്രിൻസിപ്പാൾ അച്ചന്റെയും ബർസാർ അച്ചന്റെയും മറ്റ് അദ്ധ്യാപക അനദ്ധ്യാപകരുടെയും കണ്ണിലുണ്ണിയായി മാറിയ എന്നെ കോളേജ് യൂണിയൻ ചെയർ മാനായി മത്സരിപ്പിക്കുവാൻ ഒരു പ്രമുഖ വിദ്യാർത്ഥി സംഘടന മുന്നോട്ട് വരുകയും ഇതിൽ രോഷംപൂണ്ട മറ്റൊരു പ്രമുഖ വിദ്ധ്യാർത്ഥി സംഘടന എന്നെ അവയിൽ നിന്നും പിന്തിരിപ്പിക്കുവാനും ശ്രമിച്ചു. ഞാൻ സ്ഥാനാർത്ഥിയാകുമെന്ന് ഏറെക്കുറെ തീർച്ചയായപ്പോൾ എതിർചേരിയിലുള്ള ഒരു വിദ്യാർത്ഥിനേതാവ് എന്നെ ക്ലാസിൽ നിന്നും വിളിച്ചിറക്കി മത്സരത്തിൽ നിന്നും പിൻമാറിയില്ലെങ്കിൽ കാലുവെട്ടിക്കളയുമെന്ന് ഭീഷണിപ്പെടുത്തി. ഈ വിവരം പ്രിൻസിപ്പാളായ ബഹു. കൊട്ടാരത്തിലച്ചനെ അറിയിച്ചു. അച്ചനൊരു പരാതിപോലും എഴുതി വാങ്ങിക്കാതെ പൊടുന്നനെ എന്റെകൂടെ ഇറങ്ങിവന്ന് ഈ വിവരം നേരിട്ട് അന്വേഷിക്കുകയും സത്യാവസ്ഥ മനസ്സിലാക്കി പ്രസ്തുത വിദ്യാർത്ഥിനേതാവിനെ കോളേജിൽ നിന്നും ഡിസ്മിസ്സ് ചെയ്യുകയും ചെയ്തു.

ഒരുവശത്ത് കോളേജിന്റെ അച്ചടക്കം നിലനിർത്തുവാനും മറുവശത്ത് ഒരു വിദ്യാർത്ഥിയോടുള്ള സ്നേഹവും പരി



രക്ഷയും കരുതലും ഇവിടെ വളരെ വ്യക്തമാണ്. അന്ന് രാത്രി അച്ചൻ എന്നെ ഹോസ്റ്റലിൽ നിന്നും വിളിപ്പിക്കുകയും രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളാകാതെ മത്സരത്തിൽ നിന്നും പിൻമാറുവാനും സൂക്ഷിച്ചു നടക്കുവാനും ഉപദേശം നൽകി. മറ്റൊന്നും ചിന്തിക്കാതെ ഉപദേശം ഞാൻ ശിരസ്സാ സ്വീകരിച്ചു. ഒരു നിർണ്ണായക ഘട്ടത്തിൽ അച്ചൻ എന്നോടു കാണിച്ച കരുതലും സ്നേഹവും ഉപദേശവുമാണ് എനിക്ക് ഇന്നു ആയിരിക്കുന്ന അവസ്ഥയിൽ എത്തിച്ചേരുവാൻ സാധിച്ചത്.

തന്റെ ഓട്ടം പൂർത്തയാകുന്നതിന് മുൻപ് അകാലത്തിൽ മരണപ്പെട്ട പെരിയ ബഹു. കൊട്ടരത്തിലച്ചന്റെ പാവന സ്മരണയ്ക്കുമുന്നിൽ കൃതജ്ഞതയുടെയും ആദരവിന്റെയും സ്നേഹത്തിന്റെയും ഒരായിരം ബാഷ്പാജ്ഞലികൾ അർപ്പിച്ചുകൊണ്ട് ഈ അനുസ്മരണം അഭിമാനത്തോടെ സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com



# ഗുരുവന്ദനം

**സിസ്റ്റർ രാജിത**
ഹെഡ്മിസ്ട്രസ്സ്, ബഥനി ബാലികാമഠം
നങ്ങ്യാർ കുളങ്ങര



ì ഒരായുസ്സു മുഴുവൻ അപരനായി
മുറിയപ്പെട്ട ശരീരവും, ചൊരിയപ്പെട്ട
രക്തവും – ഇവർ വൈദികരി
എങ്കിൽ ബലിവസ്തുവായി അപരനുവേണ്ടി
ഹോമിക്കപ്പെട്ട ബലിയർപ്പകനാണ്
ഫാ. തോമസ് കൊട്ടാരത്തിൽ.

ì ഒരു വൈദികനേയും മാലാഖയേയും
ഒരുമിച്ച് കണ്ടാൽ ഞാനാദ്യം
വൈദികന്റെ കരങ്ങൾ ചുംബിക്കുമി
എന്ന് അരുൾ ചെയ്ത
വി. ഫ്രാൻസിസ് അസ്സീസിയുടെ വാക്ക്
അന്വർത്ഥമാകുമാറ് പുരോഹിതൻ
രണ്ടാം ക്രിസ്തുവായി നമ്മോടൊപ്പം
നമുക്കുവേണ്ടി ദൈവത്തിന്റെ ഏക മദ്ധ്യസ്ഥനായി ജീവിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ
പിൻഗാമിയായി, വാഗ്മി, വിചക്ഷണൻ, കരുണാ സമ്പന്നൻ
എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട്
ഞങ്ങളുടെ കോളേജ് കാമ്പസിൽ തിളങ്ങിനിന്ന
ഒരു നക്ഷത്രമായിരുന്നു കൊട്ടാരത്തിൽ അച്ചൻ.
ചുരുങ്ങിയ കാലയളവിൽ ഏവരുടേയും
ഹൃദയങ്ങളെ സ്നേഹംകൊണ്ട് കീഴടക്കി
വ്യക്തി പ്രാഭവം പ്രകടമാക്കിയ അജപാലകൻ.
യുവ ഹൃദയങ്ങളെ അവരുടെ യാത്രയിൽ ദിശ തെറ്റുമ്പോൾ
നേർവഴി കാട്ടുവാനും കാലിടറുമ്പോൾ വീഴാതെ താങ്ങുവാനും
ഒരു ദൈവ നിയോഗം എന്ന രീതിയിൽ
അച്ചൻ ശ്രദ്ധ ചെലുത്തിയുരുന്നു.

അച്ചൻ തന്റെ സ്നേഹവും ത്യാഗവും പ്രാർത്ഥനയും
പ്രോത്സാഹനവുംകൊണ്ട് കോളേജ് കാമ്പസിൽ സന്തോഷവും
സമാധാനവും നിറയ്ക്കാൻ പരിശ്രമിച്ചിരുന്നു. അങ്ങനെ ജനഹൃദയ
ങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ച കൊട്ടാരത്തിൽ അച്ചന്
ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്...



www.malankaralibrary.com

# റവ. ഡോ. തോമസ് കൊട്ടാരത്തിൽ എന്റെ ഓർമ്മകളിൽ




**പി. ജെ. അന്റണി**
ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷ്ണർ & ഡയറക്ടർ
സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്,, കൊട്ടാരക്കര.

1964-ൽ സ്ഥാപിതമായ അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ 1983 ലെ പ്രിൻസിപ്പാലായിരുന്നു റവ.ഡോ.തോമസ് കൊട്ടാരത്തിൽ. വിദ്യാർത്ഥി സംഘടനകൾ സമരങ്ങളുടെ ഘോഷയാത്ര നടത്തുന്ന കാലഘട്ടം പ്രി ഡിഗ്രിബോർഡ് വേണം, വേണ്ട, കോളേജുകളിൽ തന്നെ വേണം, കോളേജിൽ നിന്ന് മാറിവേണം എന്നിങ്ങനെ എന്തിനും ഏതിനും സമരം പ്രഖ്യാപിക്കുന്ന കാലം. പ്രഖ്യാപനം ഉണ്ടെങ്കിലും, ഇല്ലെങ്കിലും വിദ്യാർത്ഥി സംഘടനകൾ പഠിപ്പ്മുടക്കി തെരുവിൽ ഇറങ്ങുന്ന കാലഘട്ടം, റവ.ഫാ.ദാനിയേൽ അയ്യനേത്ത് പ്രിൻസിപ്പാളായി റിട്ടയർ ചെയ്യതതിനു ശേഷം, 1983 ൽ റവ. ഫാ. തോമസ് കൊട്ടാരത്തിൽ പ്രിൻസിപ്പളായി അഞ്ചലിൽ ചാർജ്ജ് എടുക്കുന്നു. രാസതന്ത്രത്തിൽ വിദേശയൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയിട്ടുള്ള വൈദികൻ എന്ന നിലയിൽ അച്ചനെ എല്ലാവരും ആദരവോടെ നോക്കികണ്ടിരുന്നു. പ്രശസ്തിയുടെ പര്യായമായിരുന്ന മാർ ഈവാനിയോസ് കോളേജിൽ നിന്ന് തികച്ചും ഗ്രാമീണ പശ്ചാത്തലമുള്ള അഞ്ചലിലേക്ക് കടന്നു വന്നപ്പോഴും, തികച്ചും സ്നേഹത്തോടും കരുണയോടും വിദ്യാർത്ഥികളെ കണ്ടിരുന്നു. ഒരു ദിവസം രണ്ട് പ്രധാനപ്പെട്ട വിദ്യാർത്ഥി സംഘടനകൾ പഠിപ്പ് മുടക്കി കോളേജിന് അകത്ത് പ്രകടനം നടത്തുന്നു. സാധാരണഗതിയിൽ ഏതെങ്കിലും സംഘടനകൾ പ്രകടനം തുടങ്ങിയാൽ, ബെല്ലടിച്ച് ക്ലാസ് വിടുന്ന അവസ്ഥ. എന്നാൽ അന്ന് പതിവിനും വ്യത്യസ്തമായി ബെല്ലടിച്ചില്ല. മറിച്ച് പ്രിൻസിപ്പാളായിരുന്ന കൊട്ടാരത്തിലച്ചൻ ശബ്ദം കേട്ട് പുറത്തേക്ക് ഇറങ്ങി. കാണുന്നത് രണ്ട് സംഘടനകളുടെ പ്രകടനം കോളേജിനകത്ത് നടക്കുന്നു. പ്രകടനം മുഖാമുഖം കണ്ടുമുട്ടുന്ന അവസ്ഥയിൽ സംഘടന സാദ്ധ്യത. അച്ചൻപെട്ടെന്ന് പ്രകടനങ്ങളുടെ ഇടയിലേക്ക് കടന്ന് ചെന്ന് പരസ്പരം ഏറ്റുമുട്ടുന്ന അവസ്ഥയിൽ നിന്ന് അവരെ പിന്തിരിപ്പിച്ചു. എന്ത് സംഭവിക്കും എന്ന് ചിന്തിക്കാതെ വിദ്യാർത്ഥികൾ തമ്മിൽ സംഘടനം നടക്കരുത് എന്നുള്ള ഉറച്ച തീരുമാനത്തോട്, വിദ്യാർത്ഥി പ്രകടനങ്ങളുടെ ഇടയിലേക്ക് ധൈര്യപൂർവ്വം കടന്നുചെന്ന് കാഴ്ചയിൽ ശാന്ത സ്വഭാവക്കാരനായിരുന്ന അച്ചൻ അവരെ ശാന്തരാക്കുവാൻ തന്റേടം കാട്ടിയത് കോളേജിന് അച്ചടക്കം ഉണ്ടാക്കുവാൻ സാധിച്ചു, അച്ചന്റെ ദേഹവിയോഗത്തിന്റെ 25-ാം വാർഷിക നാളിൽ, 1983 കാലഘട്ടത്തിൽ ആ കോളേജിലെ അവസാന വർഷ ഡിഗ്രി വിദ്യാർത്ഥിയായിരുന്ന എന്റെ ഹൃദയം നിറഞ്ഞ ആദരാഞ്ജലികൾ.

**പ്രകടനം മുഖാമുഖം കണ്ടുമുട്ടുന്ന അവസ്ഥയിൽ സംഘടന സാദ്ധ്യത. അച്ചൻപെട്ടെന്ന് പ്രകടനങ്ങളുടെ ഇടയിലേക്ക് കടന്ന് ചെന്ന് പരസ്പരം കണ്ട് മുട്ടുന്ന അവസ്ഥയിൽ നിന്ന് അവരെ പിന്തിരിപ്പിച്ചു.**

www.malankaralibrary.com





# കൊട്ടാരത്തിലച്ചന്റെ കുടുംബ പശ്ചാത്തലവും പാരമ്പര്യവും

**ബിജു വർഗ്ഗീസ് ഉമ്മൻ, കളീയ്ക്കൽ, മണ്ണാരക്കുളഞ്ഞി**

മാവേലിക്കരയിലെ പുരാതന ക്രിസ്തീയ തറവാടായ കല്ലുപുറത്ത് കൊട്ടാരത്തിൽ കുടുംബത്തിൽ കെ. തോമസിന്റെയും വെണ്ണിക്കുളം മേടയിൽ പാപ്പിയുടേയും രണ്ടാമത്തെ മകനായാണ് കൊട്ടാരത്തിലച്ചൻ ജനിച്ചത്. പാരമ്പര്യമായി രാജകൊട്ടാരത്തിലെ വൈദ്യൻമാരായിരുന്നതിനാൽ രാജകുടുംബത്തിന്റെ പ്രത്യേകപ്രീതി നേടിയ വടക്കേവീടിന്റെ ശാഖയായ കുടുംബത്തിന് പിന്നീട് കൊട്ടാരത്തിൽ എന്ന വീട്ടുപേര് ഉണ്ടാകുവാനിടയായി. കൊട്ടാരത്തിലച്ചന്റെ മുത്തച്ഛൻ കൊട്ടാരം വൈദ്യനായിരുന്ന തോമസും മാർ ഇവാനിയോസ് പിതാവിന്റെ സഹോദരിയായിരുന്ന മേടയിൽ പണിക്കരുവീട്ടിൽ ശോശാമ്മയും തമ്മിലുള്ള വിവാഹബന്ധത്തിൽ നാലു മക്കളാണ് ജനിച്ചത്. മൂത്തമകൾ ചിന്നമ്മ, മൂവാറ്റുപുഴ കാരക്കുന്നത്ത് പണിക്കരുവീട്ടിൽ വിവാഹം കഴിച്ചയച്ചു. അവർക്ക് രണ്ട് ആൺമക്കളുണ്ടായി. മൂത്തമകൻ പരേതനായ കുഞ്ഞ്, രണ്ടാമത്തെ മകൻ പരേതനായ റവ. ഫാ. തോമസ് പണിക്കർ മലങ്കരസഭയിലെ പ്രമുഖ വൈദികനായിരുന്നു. രണ്ടാമത്തെ മകൻ പരമ സാത്വികനും പണ്ഡിതനുമായിരുന്ന പരേതനായ റവ. ഫാ. എഫ്രേം ഒ.ഐ.സി. മൂന്നാമത്തെ മകൻ പരേതനായ കെ. തോമസ് (കുഞ്ഞ്) (കൊട്ടാരത്തിലച്ചന്റെ പിതാവ്) പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥനായിരുന്നു. നാലാമൻ പരേതനായ വർഗ്ഗീസ് അവിവാഹിതനും സിംഗപ്പൂരിൽ ജോലിയുമായിരുന്നു. ഇളയമകൾ തങ്കമ്മയെ തായങ്കരിയിൽ കൊല്ലംപറമ്പിൽ കെജെ. ആന്റണി വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കളുമുണ്ട്. തോമസ് ആന്റണി, വർഗ്ഗീസ് ആന്റണി, ഏബ്രഹാം ആന്റണി.

1930 കളിൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യത്തിന്റെ മുന്നോടിയായി പെരുനാട് ആശ്രമം വിട്ടുപോരുമ്പോൾ, തിരുമേനിയോടൊപ്പമുണ്ടായിരുന്നവർക്ക് പുരാതന കുടുംബമായ വെണ്ണിക്കുളം മാരിത്തോട്ടം മേടയിൽ പാപ്പിയുടെ സഹായത്തോടെ താമസസ്ഥലം ഒരുക്കുകയും ആശ്രമസ്ഥരെ അവിടെ പാർപ്പിക്കുകയും ചെയ്തു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവും മേടയിൽ പാപ്പിയും തമ്മിലുള്ള അടുപ്പമാണ് പിതാവിന്റെ അനന്തരവൻ പി.ഡബ്ല്യു. ഉദ്യോഗസ്ഥനായിരുന്ന കെ. തോമസും, പാപ്പിയുടെ മകൾ ആച്ചിയമ്മയുമായുള്ള വിവാഹത്തിന് കാരണമായത്. പഠനത്തിൽ വളരെ സമർത്ഥയായിരുന്ന ആച്ചിയമ്മ കണക്കിന് എല്ലായ്പ്പോഴും മുഴുവൻ മാർക്കും നേടി എല്ലാവരേയും അതിശയിപ്പിച്ചിരുന്നു.

ആച്ചിയമ്മയുടെ ജ്യേഷ്ഠസഹോദരി വെണ്ണിക്കുളം കളക്കുടിയിൽ വീട്ടിൽ ഏലിയാമ്മയുടെ മകൻ റവ. ഫാ. ഏബ്രഹാം കളക്കുടിയിൽ തിരുവല്ല അതിരൂപതയിലെ ഒരു പ്രമുഖ വൈദീകനും ദൈവശാസ്ത്ര പണ്ഡിതനുമായിരുന്നു.

ഈവാനിയോസ് പിതാവ് മാവേലിക്കര പുന്നമൂടിനടുത്ത് ഈരേഴ എന്ന സ്ഥലത്ത് ഒരു യു.പി. സ്കൂൾ ആരംഭിക്കുകയും, വിശ്വസ്തനും സഭാസ്നേഹി

www.malankaralibrary.com


യുമായിരുന്ന അനന്തരവൻ കെ. തോമസിനെ പി.ഡബ്യൂ ഗവൺമെന്റ് ജോലി രാജിവയ്പ്പിച്ച്, സ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമിക്കുകയും ചെയ്തു. അന്ന് യു.പി. സ്കൂൾ നടത്തിയിരുന്ന സ്ഥലത്താണ് ഇപ്പോഴത്തെ ഈരേഴ തിരുഹൃദയ കോൺവെന്റ് സ്ഥിതി ചെയ്യുന്നത്. നിർഭാഗ്യവശാൽ കൊട്ടാരത്തിലച്ചന്റെ പിതാവ് കെ. തോമസ് ആകസ്മികമായി നിര്യാതനായത് ആച്ചിയമ്മയ്ക്ക് വലിയ ആഘാതമായെങ്കിലും ദൈവാശ്രയത്തിലൂന്നിയ ദൃഢനിശ്ചയവും പരിശ്രമവും കൊണ്ട് ദൈവം തന്ന നാലുമക്കളേയും ഉന്നതനിലകളിലെത്തിച്ചു. മൂത്തമകൾ രാജമ്മയെ, പത്തനംതിട്ട മണ്ണാരക്കുളഞ്ഞി കളീയ്ക്കൽ വീട്ടിൽ കെ.വി. ഉമ്മൻ വിവാഹം ചെയ്തു. കെ.വി. ഉമ്മൻ പത്തനംതിട്ട ജില്ലയുടെ പ്രഥമ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് എക്സാമിനർ ആയിരുന്നു. രാജമ്മ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ചു. ഇവർക്ക് നാലുമക്കൾ. ബിജു വർഗ്ഗീസ് ഉമ്മൻ, തോമസ് കളീയ്ക്കൽ, ജോസ് കളീയ്ക്കൽ, ആനി ഉമ്മൻ.

രണ്ടാമത്തെ മകനായിരുന്നു റവ. ഫാ. തോമസ് കൊട്ടാരത്തിൽ (മോനിയച്ചൻ). പൂനായിലെ മേജർ സെമിനാരിയിൽ നിന്നും വൈദീകപഠനം പൂർത്തിയാക്കി 1961-ൽ വൈദീകനായി. പിന്നീട് തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ നിന്നും ട്രിപ്പിൾ ഫസ്റ്റ് ക്ലാസോടെ കെമിസ്ട്രിയിൽ ബിരുദവും (ഇംഗ്ലീഷ്, സിറിയക്, കെമിസ്ട്രി) ബിരുദാനന്തരബിരുദവും നേടി. തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ കെമിസ്ട്രി അദ്ധ്യാപകനായും പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ചു.

തോമസ് ആച്ചിയമ്മ ദമ്പതികളുടെ ഇരട്ടക്കുട്ടികളിൽ രാജു എന്ന ഡോ. ഏബ്രഹാം തോമസ് പഠനത്തിലും കാര്യശേഷിയിലും അതിസമർത്ഥനായിരുന്നു. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ നിന്നും ഫസ്റ്റ് റാങ്കോടെ ബിരുദാനന്തര ബിരുദമെടുത്തശേഷം അവിടെത്തന്നെ പ്രൊഫസറായി. പിന്നീട് ജർമ്മനിയിൽ പോയി ഉന്നതമായ രീതിയിൽ ഡോക്ടറേറ്റ് നേടിയശേഷം വീണ്ടും വെള്ളായണി കാർഷിക കോളേജിൽ അദ്ധ്യാപനം തുടർന്നു. പരേതനായ ഡോ. സി.സി. ജോണിന്റെ മകൾ സുശീല എലിസബത്തായിരുന്നു ഭാര്യ. ഇവർക്ക് രണ്ട് ആൺമക്കൾ, മൂത്ത മകൻ തോമസ് കെ. ഏബ്രഹാം (മനു), രണ്ടാമത്തെ മകൻ ജോൺ കെ. ഏബ്രഹാം (സൂരജ്). രണ്ടുപേരും എൻജിനീയറന്മാരാണ്. ഇരട്ടകുട്ടികളിൽ മേരി തോമസിനെ (കുഞ്ഞമ്മ) ചെങ്ങന്നൂർ കുറിച്ചിമുട്ടം തേവരേത്ത് തോമസ് ജോൺ വിവാഹം ചെയ്തു. തോമസ് ജോൺ കൃഷിവകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടറും മലങ്കര കത്തോലിക്കാ സഭയുടെ ഉത്സാഹപുത്രൻ അവാർഡ് ജേതാവും ഓൾ ഇന്ത്യ കത്തോലിക് അസ്സോസിയേഷന്റെ നാഷനൽ സെക്രട്ടറിയുമായിരുന്നു. ഇപ്പോൾ അതിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. മേരി തോമസ് നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്നു. ഇവർക്ക് മൂന്ന് മക്കളാണ്. ഐവാൻ ടോം, മിനി ടോം, അനു ടോം.

ഇളയമകൻ ഡോ. ഏബ്രഹാം തോമസ് 37-ാം ഈ വയസ്സിൽ ലോകത്തിൽനിന്ന് എടുക്കപ്പെട്ടത്, നേരത്തെ തന്നെ ഭർത്താവ് നഷ്ടപ്പെട്ട കൊട്ടാരത്തിലച്ചന്റെ അമ്മയ്ക്ക് കനത്ത ആഘാതമായി. അതിനുശേഷമാണ് തികച്ചും അപ്രതീക്ഷിതമായി, ദുഃഖത്തിന്റെയും വേദനയുടെയും തീരാക്കയത്തിലായിരുന്ന അച്ചന്റെ മാതാവിന് മൂത്തമകനായ കൊട്ടാരത്തിലച്ചന്റെ വേർപാട് നേരിട്ടത്. ഹൃദയത്തിൽ വാൾ കടന്നുപോകുന്നതിനു സമാനമായ അച്ചന്റെ വേർപാടു പോലും ദൈവപദ്ധതിയാണെന്ന് ദൈവമാതാവിന്റെ മനോഭാവത്തോടെ ഉറച്ച് വിശ്വസിച്ച് എല്ലാം കർത്താവിലർപ്പിച്ച്, സഹനത്തിന്റെ പാനപാത്രം ജീവിതാന്ത്യം വരെ നെഞ്ചോടുചേർത്ത് ജീവിച്ച കൊട്ടാരത്തിലച്ചന്റെ മാതാവ് ഉദാത്ത മാതൃത്വത്തിന്റെ പ്രതീകമായി എന്നും നിലകൊള്ളും.


തന്റെ ജീവിതത്തിലുടനീളം കൊട്ടാരത്തിലച്ചൻ പുലർത്തിയിരുന്ന കുലീനത്വവും ആഭിജാത്യവും കൊട്ടാരത്തിൽ കുടുംബത്തിന് എന്നും അഭിമാനകരമായിരുന്നു. കുടുംബത്തിന്റെ സൽപേരിന് യാതൊരു കോട്ടവും വരുത്താതെ ഏവർക്കും പ്രിയങ്കരനായി ജീവിച്ചിരുന്ന കൊട്ടാരത്തിലച്ചൻ കുടുംബത്തിലെ ബന്ധങ്ങൾക്ക് അമൂല്യമായി കാണുകയും കുടുംബാംഗങ്ങൾക്ക് മാതൃകാപുരുഷനായി ജീവിക്കുകയും ചെയ്തു. കുടുംബ ബന്ധങ്ങളിലും യഥാർത്ഥ പൗരോഹിത്യത്തിന്റെ നന്മകൾ സന്നിവേശിപ്പിച്ച അച്ചന്റെ പാവനസ്മരണക്കു മുമ്പിൽ ഒരായിരം ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.



*ഹൃദയത്തിൽ വാൾ കടന്നുപോകുന്നതിനു സമാനമായ അച്ചന്റെ വേർപാടു പോലും ദൈവപദ്ധതിയാണെന്ന് ദൈവമാതാവിന്റെ മനോഭാവത്തോടെ ഉറച്ച് വിശ്വസിച്ച് എല്ലാം കർത്താവിലർപ്പിച്ച്, സഹനത്തിന്റെ പാനപാത്രം ജീവിതാന്ത്യം വരെ നെഞ്ചോടുചേർത്ത് ജീവിച്ച കൊട്ടാരത്തിലച്ചന്റെ മാതാവ് ഉദാത്ത മാതൃത്വത്തിന്റെ പ്രതീകമായി എന്നും നിലകൊള്ളും.*

www.malankaralibrary.com

# സ്നേഹാനുസ്മരണം



**വന്ദ്യ ചെറിയാൻ രാമനാലിൽ കോർ - എപ്പിസ്ക്കോപ്പാ**
മുൻ തിരുവല്ലാ അതിരൂപത വികാരി ജനറാൾ

1957-ലാണ് തോമസ് കൊട്ടാരത്തിലച്ചനെ പൂനാ പേപ്പൽ സെമിനാരിയിൽ വച്ച് പരിചയപ്പെടുന്നത്. ഞാൻ തിരുവല്ലായിൽ നിന്നും ഉപരിപഠനത്തിനെത്തുമ്പോൾ കൊട്ടാരത്തിലച്ചൻ മേജർ സെമിനാരിയിൽ നാലാം വർഷമാണ്. ഫിലോസഫിയിൽ ലൈസൻഷിയേറ്റ് ചെയ്യുന്നു. ആ വർഷം കൊട്ടാരത്തിലച്ചൻ ആ സെക്ഷനിലെ വിദ്യാർത്ഥി ബീഡിൽ (ലീഡർ) ആയിരുന്നു. പഠനകാര്യത്തിലുണ്ടായിരുന്ന മികവു കാരണം മുഴുവൻ അക്കാഡമിക സമൂഹവും പങ്കെടുക്കുന്ന ചർച്ച സമ്മേളനത്തിന്റെ അവതാരകനായിരുന്നത് കൊട്ടാരത്തിലച്ചനായിരുന്നു എന്ന് ഓർക്കുന്നു. ഞങ്ങൾക്ക് (തിരുവല്ലാ-തിരുവനന്തപുരം) അടിസ്ഥാന സുറിയാനി ക്ലാസ്സെടുത്ത് ഞങ്ങളെ സഹായിച്ചത് ഓർക്കുന്നു. സുറിയാനി ഭാഷയോടും ആരാധനാക്രമത്തോടുമുള്ള പ്രത്യേക തീക്ഷ്ണത കാരണമാണ് ഇക്കാര്യത്തിനുവേണ്ടി കുറെസമയം മാറ്റിവച്ചത്.

ഒരു നല്ല ഫുട്ബോളർ എന്ന നിലയിലും, ബാസ്ക്കറ്റ്ബോൾ കളിക്കാരനെന്ന നിലയിലും ശ്രദ്ധിക്കപ്പെട്ടിരുന്നു.

കൊട്ടാരത്തിലച്ചന്റെ ഒരു വർഷത്തെ താഴത്തെ ബാച്ചിലായിരുന്നു ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് ആയിരുന്ന ജോസഫ് പൗവ്വത്തിൽ പിതാവ്. ഇരുവരും വലിയ സുഹൃത്തുക്കളായിരുന്നു എന്നും ഓർക്കുന്നു.

ബഹു. ടോം, ടോം അച്ചൻ, പൂനായിൽ തന്നെ ഡീക്കൻ പട്ടവും, പൗരോഹിത്യവും സ്വീകരിച്ചതായിട്ടാണ് ഓർമ്മ.


പൂനായിലെ പഠനം പൂർത്തിയാക്കി നാട്ടിൽ വന്ന് കൂടുതൽ പഠിച്ച് മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പലായിരിക്കുമ്പോൾ, കോളേജിൽ കാണുവാൻ ചെന്ന എന്നെ ഹൃദ്യമായി സ്വീകരിച്ചത് ഓർക്കുന്നു.

പ്രിയ അച്ചന്റെ പാവനാത്മാവിന് നിത്യശാന്തി നേരുന്നു.



www.malankaralibrary.com

# ജീവിതം ഫലദായകം



**വന്ദ്യ ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ O.I.C**
കോട്ടൂർ, തിരുവല്ല

ബഹുമാനപ്പെട്ട ഡോ. തോമസ് കൊട്ടാരത്തിലച്ചൻ ഇഹലോകജീവിതം ഫലദായകമായി പൂർത്തീകരിച്ച് ദൈവസന്നിധിയിൽ എത്തിയിട്ട് 25 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തെ അനുസ്മരിച്ച് അച്ചന്റെ മാതൃഇടവകയിൽ അനുസ്മരണ ശുശ്രൂഷകൾ നടക്കുന്നുവെന്നറിഞ്ഞതിൽ വളരെയേറെ സന്തോഷം.

ടോം ടോം എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ അതിസമർത്ഥനും മാന്യനുമായ ഒരു വൈദിക വിദ്യാർത്ഥിയാണ് ആദ്യം മനസ്സിൽ ഓടിയെത്തുക. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കൊച്ചനന്തരവൻ, മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ എന്ന നിലകളിലും അച്ചനുമായി അടുപ്പമുണ്ട്. എന്നാൽ പൂനാ സെമിനാരിയിൽ ഒന്നിച്ചു പഠിച്ച കാലമാണ് കൂടുതൽ ഓർക്കുക അച്ചൻ എന്നെക്കാൾ ഒരു ക്ലാസ്സ് മുകളിലായിരുന്നു.

പെരുമാറ്റത്തിൽ വളരെ മാന്യത പുലർത്തിയിരുന്നു ബഹു. അച്ചൻ, കൂടെയുള്ളവരെ ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന വ്യക്തിത്വം, ആവശ്യക്കാരെ സഹായിക്കുന്ന മനഃസ്ഥിതി, വിശേഷിച്ചും പഠനത്തിൽ ദൗർബല്യമുള്ളവരെ സഹായിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു.

പഠനത്തിൽ വളരെ സമർത്ഥനായിരുന്നു തോമസച്ചൻ. അക്കാലത്ത് വർഷത്തിൽ ഒരിക്കൽ ഒരു വിദ്യാർത്ഥി ഒരു പ്രമേയം (Thesis) അവതരിപ്പിച്ച് സമർത്ഥിക്കുന്ന രീതിയുണ്ടായിരുന്നു. സ്ഥാപനത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും സന്നിഹിതരായിരുന്ന സദസ്സിൽ രണ്ടു സമർത്ഥരായ വിദ്യാർത്ഥികൾ എതിർന്യായങ്ങൾ കൊണ്ട് വീർപ്പുമുട്ടിക്കുന്ന പരിപാടിയാണ്. അതിസമർത്ഥനായ വിദ്യാർത്ഥിയെ മാത്രമാണ് തെരഞ്ഞെടുക്കുക. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും തോമസച്ചനെ ഇതിനായി തെരഞ്ഞെടുത്തിരുന്നുവെന്നാണ് എന്റെ ഓർമ്മ. സമർത്ഥമായി രണ്ടും അച്ചൻ കൈകാര്യം ചെയ്ത് അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി. പേപ്പൽ സെമിനാരിയിലെ ലൈബ്രറി ഇത്രമാത്രം പ്രയോജനപ്പെടുത്തിയ വ്യക്തികൾ ചുരുക്കം. അക്കാലത്ത് സെമിനാരി കാമ്പസിന്റെ കായികരംഗത്ത് വിശേഷിച്ച് വോളിബോൾ, ബാസ്ക്കറ്റ്ബോൾ ടീമുകൾക്ക് നേതൃത്വം കൊടുത്തിരുന്നത് മലങ്കര വൈദിക വിദ്യാർത്ഥികളായിരുന്നു. ബഹു. ജോൺ കണ്ണങ്കര, ബഹു. സഖറിയാസ് കുഴിപ്പറമ്പിൽ എന്നിവരോടൊപ്പം തോമസച്ചനും ടീമിൽ തിളങ്ങിയിരുന്നു.

ബഹു. ടോം ടോം അച്ചന്റെ ജീവിതദർശനങ്ങൾ ഭാവിക്കു പകർന്നുകൊടുക്കുവാൻ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന സ്മരണിക ഉതകട്ടെ എന്നും പ്രാർത്ഥിക്കുന്നു. അതിനായി പ്രയത്നിക്കുന്ന ബഹു. തേവരത്ത് തോമസ് ജോൺ സാറിനേയും പ്രിയപ്പെട്ട ബിജു വർഗ്ഗീസിനെയും മറ്റു സഹകാരികളെയും അഭിനന്ദിക്കുന്നു.

www.malankaralibrary.com

**Rt. Rev. Msgr. Daniel Kuzhithadathil Corepiscopa**
Chief Vicar General
Diocese of St. John Chrysostom, Gurgaon, New Delhi.



# സ്വപ്നങ്ങൾ സഫലീകരിക്കാൻ ബാക്കിവച്ച്...

ബ. ഡോ. തോമസ് കെട്ടാരത്തിലച്ചൻ ദിവംഗതനായിട്ട് 25 വർഷങ്ങൾ പൂർത്തിയാകുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ബ. കൊട്ടാരത്തിലച്ചന്റെ അകാല വിയോഗത്തിൽ സഭയ്ക്കും സമൂഹത്തിനും നഷ്ടമായത് ഒരു വിദ്യാഭ്യാസ വിചക്ഷണനെയാണ്. മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാളായി റിട്ടയർ ചെയ്തശേഷം സഭയും സമൂഹവും വളരെയധികം പ്രതീക്ഷകളോടെ അദ്ദേഹത്തിന്റെ കഴിവുകളെ പ്രയോജനപ്പെടുത്തുവാൻ കാത്തിരിക്കുന്ന അവസരത്തിലാണ് അപ്രതീക്ഷിതമായി അപകടമരണം അദ്ദേഹത്തിന്റെ ജീവൻ കവർന്നെടുത്തത്. ബ. അച്ചന്റെ മരണവാർത്ത വളരെ ഞെട്ടലോടും നഷ്ടബോധത്തോടും കൂടി മാത്രമേ എനിക്കും അദ്ദേഹത്തെ സ്നേഹിച്ചിരുന്നവർക്കും ഉൾക്കൊള്ളുവാൻ സാധിച്ചിട്ടുള്ളൂ.

1969 മുതൽ 1991 വരെ ബ. അച്ചനുമായി എനിക്ക് വളരെ അടുത്ത ബന്ധം പുലർത്തുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം പ്രശസ്തമായ മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന കാലഘട്ടം കോളേജിന്റെ സുവർണ്ണ കാലഘട്ടമായി കരുതപ്പെടുന്നു. ഇന്നത്തെ മാർ ഈവാനിയോസ് കോളേജിനെ ആധുനീവല്കരിച്ച് ഉന്നതിയിലേക്ക് നയിച്ച അവിസ്മരണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബ. അച്ചൻ. മാർ ഈവാനിയോസ് കോളേജിൽ കമ്പ്യൂട്ടർവല്ക്കരണത്തിന്റെ യുഗം ആരംഭിക്കുന്നത് ബ. അച്ചന്റെ കാലത്താണ്. അദ്ധ്യാപകൻ, ഹോസ്റ്റൽ വാർഡൻ, പ്രിൻസിപ്പാൾ എന്നീ നിലകളിൽ അദ്ദേഹം വിദ്യാർത്ഥികളുടെ സ്നേഹധനനായ ഗുരുവും, സഹായിയും ഒരു നല്ല ഭരണതന്ത്രജ്ഞനുമായിരുന്നു.

അദ്ദേഹത്തോടൊപ്പം മാർ ഈവാനിയോസ് കോളേജിൽ ജോലി ചെയ്ത കാലഘട്ടം എന്നെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ മണ്ഡലത്തിലെ ഏറ്റവും അനുഭവസമ്പന്നമായ ദിനങ്ങളായി ഞാൻ കാണുന്നു. പ്രശ്നങ്ങളോടും പ്രശ്നകാരികളോടുമുള്ള ബ. അച്ചന്റെ യാഥാർത്ഥ്യബോധത്തോടും മനഃശാസ്ത്രപരവുമായ അദ്ദേഹത്തിന്റെ സമീപനം വളരെ അനുകരണീയമാണ്. ബോദ്ധ്യം വന്ന കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത മനോഭാവം വച്ചുപുലർത്തിയിരുന്നു, നിർഭയനായിരുന്നു. ഉറച്ച തീരുമാനങ്ങളുടെ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

മാർ ഈവാനിയോസ് കോളേജിനെ centre of excellence ആക്കുവാൻ അദ്ദേഹം ദീർഘവീക്ഷണത്തോടുകൂടി തുടങ്ങിവച്ച നിരവധി മാർഗ്ഗങ്ങളിലൊന്നായിരുന്നു പുതിയ admission policy. പഠനത്തോട് ആഭിമുഖ്യമുള്ള കുട്ടികൾക്കു മാത്രമേ അഡ്മിഷൻ നൽകിയിരുന്നുള്ളൂ. പഠനത്തിനും, കലകൾക്കും, കളികൾക്കും അർഹിക്കുന്ന പരിഗണന നൽകിയിരുന്നു. ഒരു വിദ്യാർത്ഥിയുടെ വ്യക്തിത്വത്തിന്റെ സമഗ്ര വികസനത്തിന് സഹായിക്കുന്ന പ്രോഗ്രാം ആവിഷ്ക്കരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും മികവുള്ള വിദ്യാഭ്യാസവും ഒന്നിപ്പിക്കുവാൻ ശ്രമിച്ചിരുന്നു.

ഒരു വൈദികനെന്ന നിലയിൽ ബ. അച്ചൻ തികഞ്ഞ സഭാസ്നേഹിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബപാരമ്പര്യത്തിൽ നിന്നും ലഭിച്ച മലങ്കര സഭാസ്നേഹം എടുത്തുപറയേണ്ടിയിരിക്കുന്നു. മലങ്കര ആരാധനാ അനുഷ്ഠാനങ്ങൾ അതിന്റെ പൂർണ്ണതയിൽ ഭക്തിനിർഭരമായി നിർവ്വഹിക്കുവാൻ ശ്രദ്ധിച്ചിരുന്നു. കോളേജിന്റെ പ്രിൻസിപ്പാൾ ആയി സേവനം അനുഷ്ഠിക്കുമ്പോഴും മിഷ്യൻ പ്രവർത്തനത്തിൽ തല്പരനായിരുന്നു.

വർഷങ്ങൾക്കുശേഷം ഞാൻ മാർ ഈവാനിയോസ് കോളേജിന്റെ ചുമതല ഏറ്റെടുക്കുമ്പോൾ ബ. അച്ചനിൽ നിന്നും ലഭിച്ച നല്ല പാഠങ്ങൾ സഹായവും പ്രോത്സാഹനവുമായിരുന്നു. സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ബ. അച്ചൻ താൻ സ്നേഹിച്ച മലങ്കരസഭയ്ക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നുണ്ടാവും. ഒരിക്കൽക്കൂടി ബ. അച്ചന്റെ ധന്യമായ സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

www.malankaralibrary.com

# ഓർമ്മകളിലെ കൊട്ടാരത്തിലച്ചൻ

**ഡോ. കെ. വൈ. ബനഡിക്ട്**
പ്രിൻസിപ്പാൾ, മാർ തെയോഫിലസ് ട്രെയിനിങ്ങ് കോളജ്, തിരുവനന്തപുരം

ചില ആളുകൾ അങ്ങനെയാണ്, സൗമ്യ-ദീപ്ത-സാത്വിക ഭാവങ്ങളുടെ ആൾരൂപമായി, നിറപുഞ്ചിരിയോടെ ഏവരേയും വശീകരിക്കുന്ന ഒരു വ്യക്തിത്വമായി നിലകൊള്ളുന്നവർ; ഡോ. തോമസ് കൊട്ടാരത്തിലച്ചനെപ്പോലെ. ഇങ്ങനെയുള്ളവരെ വിശേഷിപ്പിക്കാനായിരിക്കണം നമ്മുടെ ഭാഷാ 'ആയിരത്തിലൊരുവൻ' എന്ന പ്രയോഗം തന്നെ രൂപപ്പെടുത്തിയെടുത്തത്. അല്ല നവമാധ്യമ സംസ്ക്കാരത്തിന്റെ ഇക്കാലത്ത് അത് "ഒരു ലക്ഷത്തിഎട്ടിൽ ഒരുവൻ" മാത്രം. അതെ തോമസ് കൊട്ടാരത്തിലച്ചൻ ഒരു സവിശേഷമായ ഗുരുസാന്നിദ്ധ്യമായാണ് എന്റെ ഓർമ്മകളിൽ നിറയുന്നത്.




രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിന് ഞാൻ 1988 ൽ മാർ ഈവാനിയോസ് കോളജിൽ ചേർന്നപ്പോൾ അന്നത്തെ പ്രിൻസിപ്പലായിരുന്നു പ്രിയപ്പെട്ട കൊട്ടാരത്തിലച്ചൻ. ക്ലാസ്സ് തുടങ്ങി രണ്ടാഴ്ച കഴിഞ്ഞാണ് എനിക്ക് അഡ്മിഷൻ കാർഡ് കിട്ടിയത്. ആയതുകൊണ്ട് തന്നെ 'ഈ വൈകി എത്തിയവൻ' പഠനത്തിൽ പിന്നോക്കം പോയേക്കുമോ എന്ന ആശങ്ക അച്ചനുണ്ടായിരുന്നു എന്ന് എനിക്ക് ആദ്യദിനങ്ങളിൽ തന്നെ മനസ്സിലാക്കാൻ കഴിഞ്ഞു. (പിന്നീട് അത് തിരുത്തപ്പെട്ടു എന്നത് ചരിത്രം). ഇന്റർവ്യൂ സമയത്ത് ചില ചോദ്യങ്ങൾ അച്ചൻ ചോദിച്ചു. M.S.C എന്നാൽ എന്ത്? എന്നത് ഒരെണ്ണം. സ്വാഭാവികമായി ഞാന് 'മാസ്റ്റർ ഓഫ് സയൻസ്' എന്ന് പറഞ്ഞു. എന്നാൽ അച്ചൻ ഉദ്ദേശിച്ചത് "മലങ്കര സിറിയൻ കാത്തലിക് എന്നാണ്. പിന്നത്തെ ചോദ്യം 'ആദ്യത്തെ മാർപാപ്പാ ആര്?' ഞാൻ തെറ്റിച്ചില്ല. അച്ചനു സന്തോഷം. 'വി. ബൈബിളിന് എത്ര ഭാഗങ്ങളുണ്ട്?' വീണ്ടും ചോദ്യം 'പഴയനിയമവും, പുതിയനിയമവും' ഞാൻ വീണ്ടും ഉത്തരം ശരിയാക്കി. അച്ചന് വീണ്ടും സന്തോഷം. അപേക്ഷാഫോമിൽ അച്ചന്റെ വടിവൊത്ത കയ്യക്ഷരത്തിൽ പാർക്കർ പേനയുടെ ചലനത്തിൽ കയ്യൊപ്പ് പതിഞ്ഞു. എനിക്ക് അഡ്മിഷൻ റെഡി. 'മാർ ഈവാനിയോസ് കോളജ്' എന്ന എന്റെ സ്വപ്നങ്ങളിലെ പൂമരത്തിന് ആയിരം ദളങ്ങളുള്ള മഹാപുഷ്പങ്ങൾ!

അസാധാരണമായ ഒരു ചൈതന്യത്തിന്റെ മൂർത്തീഭാവമായിരുന്നു അച്ചൻ. ഏവരോടും സൗഹൃദഭാവത്തിലല്ലാതെ ഇടപെടുന്നത് അച്ചന് ശീലമായിരുന്നില്ല. വാക്കുകളിലെ ധാരാളിത്തമോ, പ്രകടനങ്ങളിലെ അതിഭാവുകത്വമോ, ചലനങ്ങളിലെ അതിവേഗതയോ അദ്ദേഹത്തിന് വശമില്ലായിരുന്നു. ക്ലീൻ ഷേവ് ചെയ്ത്, പ്രസരിപ്പോടും നിശ്ചയദാർഢ്യത്തോടും, സൗമ്യതയോടെയും, തല അൽപ്പം ചരിച്ച് പിടിച്ച് അച്ചൻ നടന്നുപോകുന്നത് ഇന്നും നിറം മങ്ങാത്ത ഒരു ചിത്രമായി മനസ്സിൽ തെളിയുന്നു. അച്ചൻ ദേഷ്യപ്പെട്ടു പെരുമാറുന്നത് കണ്ടിട്ടുള്ളത് വളരെ വിരളമായേ ഉള്ളൂ. അനേക പ്രക്ഷുബ്ധമായ സംഭവങ്ങളും അകത്തുനിന്നും, പുറത്തുനിന്നും അക്കാലത്ത് നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും തികഞ്ഞ ശാന്തതയോടെ ആണ് അദ്ദേഹം വർത്തിച്ചിട്ടുള്ളതെന്നതിന് കാലം സാക്ഷി.

ഒരു പ്രിൻസിപ്പൽ എന്ന നിലയിലും, വിദ്യാഭ്യാസവിചക്ഷണൻ എന്ന നിലയിലും എക്കാലവും ഉയർത്തിപ്പിടിക്കേണ്ട ഒരുപിടി മൂല്യങ്ങളുടെ വിളനിലമായിരുന്നു ബഹുമാനപ്പെട്ട കൊട്ടാരത്തിലച്ചന്റെ ജീവിതം. സൗമ്യതയും പുഞ്ചിരിയും വാചാലത തീർക്കുന്ന അദ്ദേഹത്തിന്റെ; സ്വരഗാംഭീര്യവും ഏവരെയും ആകർഷിച്ചിരുന്നു. ദിവസേന ഒന്നും രണ്ടും തവണ വീതമുള്ള അദ്ദേഹത്തിന്റെ ഇംഗ്ലീഷിലുള്ള അനൗൺസ്മെന്റുകൾ കോളജിലെ മിമിക്രി കലാകാരൻമാരുടെ ഒരു ഇഷ്ടനമ്പർ ആയിരുന്നു. തന്റെ റിട്ടയർമെന്റ് പോലും ഒരു ലളിതമായ ചടങ്ങാക്കി മാറ്റാൻ അദ്ദേഹം നിർദ്ദേശിക്കുകയും, ഔദ്യോഗികമായ ഒരു ഉപചാരങ്ങൾക്കും കാത്തുനിൽക്കാതെ ഒരു സൗമ്യമായ വിടചൊല്ലലാണ് അദ്ദേഹം നടത്തിയത്. പിന്നീട് ഞാൻ ബി.എഡ്ഡിന് ചേർന്ന വർഷമാണ് അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്ന് പിരിഞ്ഞത്. റൂമിൽ നിന്നും പുസ്തകങ്ങളും മറ്റും പെറുക്കി അടുക്കാൻ ഞങ്ങളും കൂടി. കൂട്ടത്തിൽ അച്ചൻ ഒരു പഴയ ബുക്ക് എനിക്ക് തന്നു. ഫിസിക്കൽ കെമിസ്ട്രിയുടെ അച്ചന്റെ എം.എസ്സ്.സി റെക്കോർഡ് ബുക്ക്. ചക്കാലക്കൽ സാർ ഒപ്പിട്ട ആ റെക്കോർഡ് ബുക്ക് അച്ചന്റെ അതിമനോഹരമായ കൈയ്യക്ഷരത്തിന്റെ ഒരു ഓട്ടോഗ്രാഫായി ഞാൻ ഇന്നും സൂക്ഷിക്കുന്നു. മാർ ഈവാനിയോസിലെ എം.എസ്സ്.സി ഒന്നാം ബാച്ചുകാരനായ കൊട്ടാരത്തിലച്ചന്റെ റെക്കോർഡ് ബുക്ക്, ഇരുപത്തഞ്ചാം ബാച്ചുകാരനായ എനിക്കൊരു സ്മാരകമായി കിട്ടിയത് ഒരു ശിഷ്യന് ഗുരുവിൽ നിന്ന് ലഭിക്കാവുന്ന ഏറ്റവും വലിയ സമ്മാനമായി ഞാൻ കരുതുന്നു.



www.malankaralibrary.com



**അഖിൽ ഡി. ഐവാൻ**
**ലിയോണ മെർലിൻ ആന്റണി**

# വിശ്വാസത്തിലും പ്രാർത്ഥനയിലും കുഞ്ഞുങ്ങളെ ആഴപ്പെടുത്തിയ പഞ്ചാരയപ്പച്ചൻ

കൊട്ടാരത്തിലച്ചന്റെ സഹോദരിയുടെ കൊച്ചുമക്കളാണ് ങ്ങൾ ഞങ്ങളുടെ മാതാ പിതാക്കളിൽ നിന്നും കേട്ടറിഞ്ഞ ഞങ്ങളുടെ പഞ്ചാരയപ്പച്ചൻ (കൊട്ടാരത്തിലച്ചൻ) കുഞ്ഞുമക്കളായ ഞങ്ങൾക്ക് ഒരു അത്ഭുതം തന്നെയാണ്. അച്ചന്റെ സഹോദരങ്ങളുടെ മക്കൾ മോനിച്ചായൻ എന്നുവിളിക്കുന്ന കൊട്ടാരത്തിലച്ചൻ ഞങ്ങളുടെ മനസ്സിൽ കുഞ്ഞുങ്ങളെ ഈശോയെപ്പോലെ സ്നേഹിച്ച സ്നേഹപിതാവിന്റെ രൂപത്തിലാണ് കുടികൊള്ളുന്നത്. ആഴമേറിയ വിശ്വാസവും പ്രാർത്ഥനാജീവിതവുമുണ്ടായിരുന്ന ഞങ്ങളുടെ പഞ്ചാരയപ്പച്ചൻ കുഞ്ഞുമക്കളായിരുന്ന സഹോദര മക്കൾക്ക് കൊടുത്തിരുന്ന സ്നേഹലാളനകളും കരുതലും വളരെ വലുതായിരുന്നു. പഞ്ചാരയപ്പച്ചന്റെ സഹോദരങ്ങളുടെ മക്കൾ കുഞ്ഞുങ്ങളായിരുന്നപ്പോൾ അവരെ ഏറ്റം സന്തോഷിപ്പിക്കുന്നതിനും വിനോദിപ്പിക്കുന്നതിനും വേണ്ടി അവരുമായി കളിയിലും മറ്റു വിനോദങ്ങളിലുമേർപ്പെട്ടിരുന്നത് പഞ്ചാര അപ്പച്ചന് ഏറ്റം പ്രിയപ്പെട്ട കാര്യമായിരുന്നു. പന്തുകളിയും ഹൈഡ് ആന്റ് സീക്ക് എന്നുവേണ്ട എല്ലാ കളികളിലും കൊച്ചുകുട്ടികളുടെ മനസ്സോടെ പങ്കെടുത്തിരുന്ന പഞ്ചാരയപ്പച്ചൻ ചിലപ്പോൾ ഒളിച്ചുകളിക്കുമ്പോൾ തന്റെ ളോഹയുടെ മറവിലും കുഞ്ഞുങ്ങളെ ഒളിപ്പിക്കുമായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. സാധാരണ ഗൗരവക്കാരായി കാണപ്പെടുന്നവരാണ് വൈദികർ. എന്നാൽ നിഷ്ക്കളങ്കരായ കുട്ടികളെപ്പോലെ പെരുമാറുവാൻ എങ്ങനെ കഴിയുമെന്ന് ഞങ്ങൾ ആലോചിച്ചിട്ടുണ്ട്. ഈശോയുടെ മനസ്സുള്ള ഒരു വൈദികനു മാത്രമേ ഇത്രമാത്രം ചെറുതായി ഈശോയിൽ വളരുവാൻ കഴിയൂ എന്നാണ് ഞങ്ങളുടെ വിശ്വാസം.

കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കുന്നതിനോടൊപ്പം അവരെ ക്രിസ്തീയ വിശ്വാസത്തിലും പ്രാർത്ഥനയിലും സൻമാർഗ്ഗത്തിൽ ആഴപ്പെടുത്തുന്നതിനും പഞ്ചാരയപ്പച്ചൻ വളരെ ശ്രദ്ധിച്ചിരുന്നുവെന്ന് അവർ പറയുന്നതിൽ നിന്നും മനസ്സിലായിട്ടുണ്ട്. പഞ്ചാരയപ്പച്ചൻ വീട്ടിലുള്ള ദിവസങ്ങളിലെല്ലാം കുഞ്ഞുങ്ങളേയും കൂട്ടി അതിരാവിലെ കുർബാനയർപ്പണത്തിന് പോകുന്നതും എല്ലാദിവസവും സന്ധ്യാപ്രാർത്ഥന അച്ചടക്കത്തോടും ഉത്സാഹത്തോടും നടത്തിയിരുന്നതും അവരെ വിശ്വാസത്തിലും പ്രാർത്ഥനയിലും ആഴപ്പെടുത്തി. അത് ജീവിതത്തിൽ വലിയ മുതൽക്കൂട്ടായെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ഇതുപോലെയൊരു പഞ്ചാരയപ്പച്ചൻ ഞങ്ങളുടെ ജീവിതത്തിൽ വിനോദിപ്പിക്കാനും പ്രാർത്ഥനാരൂപിയിൽ വളർത്തുവാനുമില്ലല്ലോ എന്ന വലിയ നഷ്ടബോധത്തോടെ സ്നേഹനിധിയായ പഞ്ചാരയപ്പച്ചന് ഞങ്ങളുടെ ആയിരമായിരം പഞ്ചാരയുമ്മ.

www.malankaralibrary.com

# പൗരോഹിത്യം

## വിശ്വാസികളെ ക്രിസ്തുവിൽ വിശുദ്ധീകരിക്കുന്ന ദൈവിക കർമ്മം

**ഡോ. പി. ആന്റണി ജോർജ്ജ്**
(അസ്സോ. പ്രൊഫസർ, സെന്റ് തോമസ് കോളേജ് കോഴഞ്ചേരി)

മാനവരുടെ അസ്തിത്വത്തിനാധാരമായ ആത്മാവിനെ ദൈവോന്മുഖമായി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്ത് അവരെ പൂർണ്ണവ്യക്തികളാക്കുന്ന അതിശ്രേഷ്ഠമായ കർമ്മം ഈ ഭൂമിയിൽ നിർവ്വഹിക്കുന്ന പൂജ്യരായവരാണ് പുരോഹിതൻ. ദൈവത്തിലേക്കുള്ള വഴി മനുഷ്യർക്ക് വെളിപ്പെടുത്തുന്ന ശ്രേഷ്ഠദൗത്യം നിർവ്വഹിക്കുന്ന എല്ലാ മതങ്ങളും പുരോഹിതർ പൂജ്യരായാണ് കണക്കാക്കുന്നത്. ദൈവമാണ് പരമസത്യമെന്ന് മനസ്സിലാക്കിയവർക്ക് സത്യത്തിലേക്ക് ഏവരേയും നയിക്കുവാൻ ജീവിതം സമർപ്പിച്ചിട്ടുള്ള പുരോഹിതരേക്കാൾ ശ്രേഷ്ഠരായി ആരുമില്ല. ഈ മഹാദൗത്യം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ട പുരോഹിതർ നിർവ്വഹിക്കുന്ന എല്ലാ കർമ്മാനുഷ്ഠാനങ്ങളും ആത്യന്തികമായി ദൈവത്തിലേക്കുള്ള പ്രയാണത്തെ ലക്ഷ്യംവയ്ക്കുന്നു. ലോകത്തിന്റെ ക്ഷണികമായ ലൗകികചിന്തകളിലും പ്രവർത്തികളിലും വ്യാപൃതരായി സത്യം ഗ്രഹിക്കുവാൻ കഴിയാതെ, ജീവിതത്തിൽ, ഈശോ സുവിശേഷത്തിൽ അരുളി ചെയ്തതുപോലെ, 'കരച്ചിലും പല്ലുകടിയുമായി' ജീവിതം ഹോമിക്കുന്ന മാനവരെ സ്വർഗ്ഗീയഭാഗ്യത്തിലെത്തിക്കേണ്ട പുരോഹിതർ ദൈവത്തെ അറിയുന്നവരും ഈശോയുടെ പൗരോഹിത്യത്തിൽ പൂർണ്ണമായി സമർപ്പിച്ചവരുമായിരിക്കണം. ഈയൊരു ദൈവിക കാഴ്ചപ്പാടോടെ പൗരോഹിത്യകർമ്മം ഏറ്റെടുക്കുകയും അനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന വ്യക്തികൾക്കു മാത്രമേ മാനവരെ സത്യത്തിലേക്ക് നയിക്കാൻ കഴിയൂ. വഴിയും സത്യവും ജീവനുമായ ഈശോ തന്റെ ചാരത്തുനിൽക്കുമ്പോഴും ലോകത്തിന്റെ അധികാരഗർവ്വിലും അജ്ഞതയിലും ജീവിച്ചിരുന്ന പീലാത്തോസ് "സത്യത്തിനു സാക്ഷ്യം വഹിക്കുവാനാണ് ഞാൻ ലോകത്തിലേക്ക് വന്നത്" എന്ന ഈശോയുടെ വെളിപ്പെടുത്തൽ ഗ്രഹിക്കാതെ "എന്താണാ

> **മാനവരുടെ ജീവിതലക്ഷ്യം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധിയായ സ്വർഗ്ഗരാജ്യം കരഗതമാക്കുകയാണെന്നും ലൗകികജീവിതം അതിനുള്ള അവസരമാണെന്നും മനസ്സിലാക്കി പരിത്യാഗിയായി ദൈവാനുഭവത്തിൽ ജീവിക്കുന്ന പുരോഹിതർ മനുഷ്യരെ സത്യത്തിലേക്ക് നയിക്കുന്ന മഹത്തായ ദൗത്യമാണ് നിർവ്വഹിക്കുന്നത്.**

സത്യം" എന്ന മറുചോദ്യം ചോദിച്ചത് സത്യം വെളിപ്പെടാതെ അന്ധകാരത്തിൽ കഴിയുന്ന മാലോകരുടെ പ്രതിനിധിയായാണ്. ഈ ചോദ്യത്തിനോടുള്ള ഈശോയുടെ അർത്ഥപൂർണ്ണമായ



www.malankaralibrary.com

**ഈശോയ്ക്കുവേണ്ടി ബലിയർപ്പണമെന്ന വിശുദ്ധീകരണ കർമ്മം നിർവ്വഹിക്കുന്ന പുരോഹിതൻ ഈശോയുടെ പ്രതിനിധിയാണ്. പൗരോഹിത്യം കർമ്മം ഏറ്റെടുക്കുന്ന സഭാമക്കൾ ദൈവവിളി ഉൾക്കൊണ്ട് ഭോഗസുഖങ്ങളെല്ലാം വെടിഞ്ഞ് മനസ്സും ശരീരവും ഈശോയിലർപ്പിച്ച് വിശ്വാസികളെ ഈശോയിൽ വിശുദ്ധീകരിക്കേണ്ട ദൈവിക ശുശ്രൂഷ ചെയ്യേണ്ടവരാണ്.**

മഹാമൗനം നമ്മൾ സത്യാമ്പേഷികളാകാനുള്ള വെല്ലുവിളിതന്നെയാണ്.

മഹാചക്രവർത്തിയായിരുന്ന പീലാത്തോസിന് വഴിയും സത്യവും ജീവനുമായ ഈശോ മുമ്പിൽ നിൽക്കുമ്പോൾ പോലും അത് ഗ്രഹിക്കാൻ കഴിയാതെ പോയെങ്കിൽ ലൗകികജീവിതത്തിൽ ഹൃദയവും മനസ്സും അർപ്പിച്ചു ജീവിക്കുന്ന ലോകർ സത്യത്തിൽ നിന്ന് എത്രയോ അകലെയാണ്.

മാനവരുടെ ജീവിതലക്ഷ്യം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധിയായ സ്വർഗ്ഗരാജ്യം കരഗതമാക്കുകയാണെന്നും, ലൗകികജീവിതം അതിനുള്ള അവസരമാണെന്നും മനസ്സിലാക്കി പരിത്യാഗിയായി ദൈവാനുഭവത്തിൽ ജീവിക്കുന്ന പുരോഹിതർ, മനുഷ്യരെ സത്യത്തിലേക്ക് നയിക്കുന്ന മഹത്തായ ദൗത്യമാണ് നിർവ്വഹിക്കേണ്ടത്. ക്രിസ്തീയസഭയുടെ പ്രത്യേകിച്ച് കത്തോലിക്കാസഭയുടെ പൗരോഹിത്യ കാഴ്ചപ്പാട് ഏറെ വ്യവസ്തകളുള്ളതാണ്. പഴയനിയമപ്രകാരം ലേവിയുടെ ഗോത്രത്തിലുള്ള പുരോഹിതരെ ബലികളും യാചനകളും ജനത്തിനു വേണ്ടി സമർപ്പിക്കുന്ന മാദ്ധ്യസ്ഥരായാണ് കണക്കാക്കിയിരുന്നത്. എന്നാൽ പുതിയനിയമനുസരിച്ചുള്ള പുതിയ ഉടമ്പടി പ്രകാരം മഹാപുരോഹിതനായ ഈശോ കുരിശാരോഹണം ചെയ്യപ്പെട്ട് സ്വയം ബലിയായി പൂർണ്ണവും സത്യവുമായ ബലിയർപ്പണമാണ് നടത്തിയത്. അതിനാൽ കത്തോലിക്ക സഭയിലെ വിശ്വാസമനുസരിച്ച് യഥാർത്ഥ പൗരോഹിത്യം ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരലാണ്. മാനവരുടെ പാപവിമോചനത്തിനായി ബലിയർപ്പിക്കുവാൻ ദൈവം നൽകിയ മഹാദാനമാണ് ഈശോ. തന്റെ തിരുശരീരവും രക്തവും തിരുവത്താഴസമയത്ത് ആശീർവദിച്ചു നൽകിയ ശേഷം കാൽവരിയിൽ സ്വയം ബലിയായിത്തീർന്നു കൊണ്ട് ക്രിസ്ത്യാനികളായി രൂപാന്തരം പ്രാപിച്ച ഏവരേയും തന്റെ പൗരോഹിത്യത്തിൽ പങ്കുചേർത്ത ഈശോയുടെ ഓർമ്മയ്ക്കായാണ് ബലിയർപ്പണം നടത്തുന്നതെങ്കിലും ഈശോ വീണ്ടും വീണ്ടും ബലിയർപ്പിക്കപ്പെടുന്നതായി സഭ പഠിപ്പിക്കുന്നില്ല. മറിച്ച് ഈശോയുടെ തിരുശരീരവും രക്തവുമായി മാറുന്ന അപ്പവും വീഞ്ഞും ബലിയർപ്പിക്കുന്നതും ഈശോയുടെ കാൽവരിയിലെ ബലിയർപ്പണവും ഒന്നുതന്നെയാണ്. "ഈശോ മാത്രമാണ് യഥാർത്ഥ പുരോഹിതൻ മറ്റുള്ളവരെല്ലാം ഈശോയുടെ പൗരോഹിത്യത്തിൽ പങ്കാളികളാകുന്നവരാണ്" എന്ന സെന്റ് അക്വീനാൻസിന്റെ വാക്കുകൾ കത്തോലിക്ക സഭയുടെ പൗരോഹിത്യ കാഴ്ചപ്പാടെന്താണെന്ന് വളരെ കൃത്യമായി വെളിപ്പെടുത്തുന്നു.

ഈശോയ്ക്കുവേണ്ടി ബലിയർപ്പണമെന്ന വിശുദ്ധീകരണ കർമ്മം നിർവ്വഹിക്കുന്ന പുരോഹിതൻ ഈശോയുടെ പ്രതിനിധിയാണ്. പൗരോഹിത്യം കർമ്മം ഏറ്റെടുക്കുന്ന സഭാമക്കൾ ദൈവവിളി ഉൾക്കൊണ്ട് ഭോഗസുഖങ്ങളെല്ലാം വെടിഞ്ഞ് മനസ്സും ശരീരവും ഈശോയിലർപ്പിച്ച് വിശ്വാസികളെ ഈശോയിൽ വിശുദ്ധീകരിക്കേണ്ട ദൈവിക ശുശ്രൂഷ ചെയ്യേണ്ടവരാണ്. ദൈവേഷ്ടമനുസരിച്ച് സർവ്വവും സമർപ്പിച്ച് സ്വയംശൂന്യനായി ദൈവത്തിന്റെ പ്രിയപുത്രനായിത്തീർന്ന ഈശോയുമായി എല്ലാ രീതിയിലും താദാത്മ്യം പ്രാപിക്കുന്ന പുരോഹിതനു മാത്രമേ വിശ്വാസികളെ ബലിയർപ്പണത്തിലൂടെ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർത്ത് വിശുദ്ധീകരിക്കാനാവൂ. സർവ്വഭൗതികസുഖങ്ങളും പൗരോഹിത്യത്തിനായി പരിത്യജിച്ച് ഈശോയുടെ ദൈവികസ്വഭാവം സ്വാംശീകരിച്ചിട്ടുള്ള പുരോഹിതർക്ക് തന്നിലൂടെ എല്ലാവരേയും ഈശോയിലേക്ക് ആകർഷിക്കാൻ കഴിയും.

പ്രാർത്ഥനയിലൂടെ ദൈവവുമായി നിരന്തരം ബന്ധപ്പെടുവാനുള്ള തീഷ്ണത, മനുഷ്യരെ സ്നേഹിക്കുവാനും സ്വാധീനിക്കുവാനും അവരുടെ ജീവിതത്തിൽ മാറ്റം വരുത്തുവാനുള്ള കഴിവും സന്മനസ്സും, സഭയോടുള്ള അചഞ്ചല കൂറും ആത്മബന്ധവും, മറ്റുള്ളവർക്ക് തന്നാലാവുന്ന സഹായം നൽകുവാനുള്ള സന്മനസ്സ്, ആഴത്തിലുള്ള തൻമയിഭാവശക്തി, ദൈവാശ്രയത്തിലൂന്നിയ നേതൃപാടവം, ദിവ്യകർമ്മങ്ങൾ ഏറ്റം തീഷ്ണമായും ഭക്തിപൂർവ്വവുമായി അർപ്പിക്കുന്നത്, സത്യസന്ധതയും ആർജ്ജവവും ഹൃദയവിശാലതയുള്ള വ്യക്തിത്വം ഇങ്ങനെ നീളുന്ന ശ്രേഷ്ഠസ്വഭാവഗുണങ്ങളുടെ ഉടമകളായ പുരോഹിതരാണ് വിശ്വാസികളെ വിശുദ്ധിയിലേക്ക് നയിക്കുന്നത്. ജഡികവാസനയുടെ സ്വാധീനത്തിൽ ലോകസുഖത്തിന്റെ പുറകെ പരക്കം പായുന്ന തലമുറയെ നിത്യാനന്ദം നൽകുന്ന സ്വർഗ്ഗീയ ജീവിതത്തിലേക്ക് ആനയിക്കേണ്ട പൗരോഹിത്യ ശുശ്രൂഷയിലുണ്ടാകുന്ന നിസ്സാര അപചയം പോലും ലോകത്ത് തിരുത്തപ്പെടാനാകാത്ത അധാർമ്മികതയും ആത്മീയ തകർച്ചയും സൃഷ്ടിക്കും. സത്യത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കേണ്ട ശ്രേഷ്ഠ പുരോഹിതരുടെ അഭാവം വലിയതോതിലുള്ള മൂല്യച്യുതിക്കും പ്രശ്നങ്ങൾക്കും കാരണമാകും.

ഏറ്റം മാതൃകാപരമായി, ഒരു പുരോഹിതനുണ്ടായിരിക്കേണ്ട സദ്ഗുണങ്ങൾ സ്വായത്തമാക്കി എല്ലാവർക്കും സന്തോഷവും സഹായവും നൽകി അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു പോയ റവ. ഡോ. തോമസ് കട്ടാരത്തിലച്ചനെന്ന മോനിയച്ചന്റെ സ്മരണകൾ പൗരോഹിത്യത്തിന്റെ മേൽപറഞ്ഞ ഉദാത്ത കാഴ്ചപ്പാടോടെ വേണം വിലയിരുത്തുവാൻ. തനിക്കു ലഭിച്ച ഭൗതികസൗകര്യങ്ങളും, ആരോഗ്യവും ബൗദ്ധികകഴിവുകളും ഭൗതിക ജീവിതത്തിലേക്ക് തിരിച്ചുവിടാതെ, കൊച്ചുകുട്ടിയായിരിക്കുമ്പോൾ തന്നെ പുരോഹിതകനാകുവാനുള്ള തീവ്ര അഭിലാഷം ഹൃദയത്തിൽ കെടാതെ സൂക്ഷിച്ച് കൃപാവരം നിറഞ്ഞ നിർബന്ധബുദ്ധിയോടെ പൗരോഹിത്യത്തിലേക്ക് കടന്നുവന്ന അച്ചൻ തന്റെ ജീവിതാവസാനം വരെ പൂർണ്ണ സമർപ്പണത്തോടെ തന്റെ ദൗത്യം നിറവേറ്റി. തനിക്കു ദൈവം നൽകിയ താലന്തുകൾ വിശ്വസ്തനായ ഭൃത്യനെപ്പോലെ നൂറുമേനിയായി തിരിച്ചുനൽകാൻ കഠിനപരിശ്രമം നടത്തിയ കൊട്ടാരത്തിലച്ചൻ, വിദ്യാഭ്യാസത്തിലും ഭരണത്തിലും ആത്മീയകാര്യങ്ങളിലും ഏവരേയും അതിശയിപ്പിക്കുന്ന ഫലമാണ് പുറപ്പെടുവിച്ചത്. കോളേജ് പഠനകാലത്ത് എല്ലാ വിഷയങ്ങളിലും റാങ്കുകൾ കരസ്ഥമാക്കിയതും, അതിനു



www.malankaralibrary.com

**കാൽവരിയിലെ ബലിയും കുർബാനയും ഒന്നുതന്നെയെന്നുള്ള ആത്മബോധത്തോടെ പൗരോഹിത്യം നിർവ്വഹിച്ച അച്ചൻ ദൈവസന്നിധിയിലേക്കെടുക്കപ്പെട്ടത് കുർബാന സമർപ്പണത്തിനെത്താനുള്ള യാത്രയിലായിരുന്നെന്നത് ഈശോയുമായി താദാത്മ്യം പ്രാപിക്കുവാനുള്ള അച്ചന്റെ തീവ്രമായ ആഗ്രഹം ഹൃദയത്തിൽ ചേർത്തുവെച്ചതിനെ വെളിവാക്കുന്നു.**

ശേഷം പ്രശസ്തമായ പാരീസിലെ ലിൽ സർവ്വകലാശാലയിൽ നിന്നും പ്രശസ്തമായ രീതിയിൽ ഡോക്ടറേറ്റ് നേടിയതുമൊക്കെ, ദൈവമഹത്വത്തിനു വേണ്ടിയുള്ള നേട്ടങ്ങളാണെന്ന ബോദ്ധ്യമുള്ളതുപോലെ, അച്ചന്റെ വിനയാന്യതയേയും കർത്തവ്യബോധത്തേയും ഇതൊന്നും അല്പം പോലും ബാധിച്ചിരുന്നില്ല. അഞ്ചൽ സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പാളായും പിന്നീട് മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാളായും തന്റെ ഉത്തരവാദിത്വങ്ങൾ അതീവ താല്പര്യത്തോടും കാര്യക്ഷമമായും ആത്മാർത്ഥമായും നിർവ്വഹിച്ച് വിദ്യാഭ്യാസരംഗത്ത് സഭയ്ക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം സ്ഥാനവും പ്രശസ്തിയും നേടിക്കൊടുത്തു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യം ധർമ്മനിഷ്ഠയും ആർജ്ജവവുമുള്ള തലമുറയെ രൂപീകരിക്കുകയാണെന്ന ബോദ്ധ്യമുണ്ടായിരുന്ന അച്ചൻ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യംവെച്ച് കൗൺസിലിങ്ങ് ഉൾപ്പെടെ വിവിധ നൂതനസംരംഭങ്ങൾ ആരംഭിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ കായിക കലാ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകിയത് കോളേജിന് വലിയ പ്രശസ്തി നേടുന്നതിനിടയാക്കി. ഏറ്റം വിനയവും ലാളിത്യവും സത്യസന്ധതയും അച്ചന്റെ സ്വഭാവത്തിന്റെ മുഖമുദ്രകളായിരുന്നെങ്കിലും ഉന്നതമായ കാഴ്ചപ്പാടോടെയുള്ള ആദർശാക്തകമായ നിലപാടുകളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറാതിരിക്കുന്നത് കറതീർന്ന സ്വഭാവദാർഢ്യം കൊണ്ടായിരുന്നെന്ന് അച്ചനെ മനസ്സിലാക്കിയിട്ടുള്ളവർക്കറിയാം. കത്തോലിക്ക സഭയുടെ പൗരോഹിത്യത്തിനെ സമഗ്രമായി തന്റെ ജീവിതത്തിലാവഹിച്ച കൊട്ടാരത്തിലച്ചൻ യഥാർത്ഥ പൗരോഹിത്യത്തിന് മനുഷ്യരിൽ എത്രമാത്രം സ്വാധീനമുണ്ടാക്കുവാൻ കഴിയുമെന്ന് കാണിച്ചു തന്ന മാതൃകാപുരോഹിതനാണ്. വിശുദ്ധ കുർബ്ബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിലുള്ള ഈശോയുടെ തിരുശരീരരക്തത്തെ കാൽവരിയിലെ ബലിയർപ്പണമായിത്തന്നെ അർപ്പിക്കുന്നതിന്റെ അഗാധമായ വിശ്വാസതീഷ്ണതയും ഭക്തിയും അച്ചന്റെ ഓരോ ബലിയർപ്പണത്തിലും പ്രകടമായിരുന്നു. അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് ക്രിസ്തുമസ്സിന് പിറ്റേന്ന് കുർബ്ബാനയർപ്പണത്തിന് എത്തുമെന്നറിയിച്ചതനുസരിച്ച് മണ്ണാരക്കുളഞ്ഞിയിലുള്ള സഹോദരിയുടെ വീട്ടിൽ നിന്ന് വരുമ്പോഴാണ് അപകടത്തിൽപ്പെട്ട് ദൈവസന്നിധിയിലേക്കെടുക്കപ്പെട്ടത്. കാൽവരിയിലെ ബലിയും കുർബാനയും ഒന്നുതന്നെയെന്നുള്ള ആത്മബോധത്തോടെ പൗരോഹിത്യം നിർവ്വഹിച്ച അച്ചൻ ദൈവസന്നിധിയിലേക്കെടുക്കപ്പെട്ടത് കുർബാന സമർപ്പണത്തിനെത്താനുള്ള യാത്രയിലായിരുന്നെന്നത് ഈശോയുമായി താദാത്മ്യം പ്രാപിക്കുവാനുള്ള അച്ചന്റെ തീവ്രമായ ആഗ്രഹം ഹൃദയത്തിൽ ചേർത്തുവെച്ചതിനെ വെളിവാക്കുന്നു.

സഭയ്ക്കും സമൂഹത്തിനും ധാർമ്മികമായും പ്രത്യയശാസ്ത്രപരമായും വിദ്യാഭ്യാസപരമായും വലിയ സംഭാവനകൾ നൽകുമെന്ന് പ്രതീക്ഷിച്ചിരുന്ന കൊട്ടാരത്തിലച്ചന്റെ അകാലത്തിലുള്ള വിയോഗം എല്ലാവരുടേയും മനസ്സിൽ ആഴത്തിലുള്ള നൊമ്പരവും നടുക്കവുമാണുണ്ടാക്കിയത്. അച്ചന്റെ അന്ത്യയാത്രയ്ക്ക് സാക്ഷ്യം വഹിക്കുവാൻ ഹൃദയവ്യഥയോടെ മാവേലിക്കരയിൽ വന്നെത്തിയ പതിനായിരങ്ങൾ മാവേലിക്കര നിവാസികളേയും മറ്റുള്ളവരേയും അത്ഭുതപ്പെടുത്തിയ ഏറ്റവും വലിയ ജനസഞ്ചയമായിരുന്നെന്നത് ഈശോയെ നെഞ്ചോടുചേർത്തുള്ള അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ദൈവികസ്വാധീനത്തിന്റെ സാക്ഷ്യമായിരുന്നു. ആദർശധീരതയും ആർജ്ജവവും നീതിബോധവും അധാർമ്മികതയുടേയും കാപട്യത്തിന്റേയും വലിയ കുത്തൊഴുക്കിൽ അപ്രത്യക്ഷമാകുന്ന ഈ കാലഘട്ടത്തിൽ, കൊട്ടാരത്തിലച്ചനെപ്പോലെയുള്ള ഒരു മനുഷ്യസ്നേഹിയുടെ അഭാവം സമൂഹത്തിലുണ്ടാക്കുന്ന വലിയ ആഘാതം വലിയ ഹൃദയവ്യഥയും ആശങ്കയും നമ്മളിലവശേഷിപ്പിക്കുന്നു. നന്മകൾ ചെയ്ത് കടന്നുപോയ ഈ മഹാനുഭാവന്റെ ജീവിതം ചെറിയ രീതിയിലെങ്കിലും നമുക്കു സ്വാംശീകരിക്കുവാൻ കഴിഞ്ഞാൽ അത് ധർമ്മാധർമ്മവിവേചനപരമായ ഒരു ജീവിതത്തിലേക്ക് നമ്മെ നയിക്കുവാൻ ഇടയാക്കമെന്ന ആത്മാർത്ഥമായ വിശ്വാസത്തോടെ, ഈ ശ്രേഷ്ഠപുരോഹിതന് ഹൃദയംഗമമായ പ്രണാമം.

www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com

# Father Tom Tom an Exemplary Priest



**Most Rev. Thomas Mar Eusebius**
Eparchial Bishop of the Syro-Malankara Eparchy for USA  Canada

Memories about Rev. Fr. Tom Tom Kottarathil would bring very fond, friendly and respectful feelings to anyoneís mind who had the fortune to be acquainted with him. What attracted me the most about him was the quality of the priesthood that he lived. His life witnessed to some of the best qualities that are expected of a priest. As a young priest, I always looked up to him as a great role model. I had the fortune to live in the same campus and very close to where he lived in the initial years of my priestly ministry. Just a few weeks before his death, I had the opportunity to do a convention preaching in his parish at Chengannoor where he was the parish priest just for a few months. Moreover, I had the chance to get acquainted with his family during the time of my pastoral formation that I spent in his home parish at Mavelikara.

Father Kottarathil was one of the finest priests that I have come across. The gentleness with which he spoke, the determination with which he acted, the fervor with which he exercised his pastoral ministry, the faith and piety with which he celebrated the sacraments, the shrewdness with which he dealt with problems, the vision with which he administered - all these witnessed to me the greatness of his priesthood. He exercised diverse ministry to the society. But deep down, he knew that he was a priest and he loved his priestly existence. Everything he said and did somehow reflected his basic love and respect for priesthood.

Father Kottarathil was a man of deep faith and prayer. It was his faith in God and the strength that he drew from his intense prayer life that helped him to face and overcome some of the extremely difficult situations in life with exceptional calmness and optimism. He took life seriously; he took his priesthood seriously; he took his ministry seriously and he took every person he came across seriously. This profoundly serious approach to life was the result of his deep faith in God.

Father Kottarathil was an erudite, but humble priest. He considered erudition and humility to be two important hallmarks of a priest. Though he was a scholar in chemistry, he always assumed the attitude of an eager student. As he was a highly-learned priest, he laid great emphasis on the necessity of imparting knowledge on to others. Consequently, it was with great joy and satisfaction that he engaged in teaching and forming young minds. One could see that there was a profound philosophy that guided his teaching mission, namely, he conceived the goal of education to be the wholeness that every person had to attain as a child of God. Consequently, he made no compromise on academic quality and on matters of discipline. He himself was a very disciplined person. At the same time, he was deeply gentle, compassionate, soft-spoken and friendly.

Another attractive aspect of Fr. Kottarathilís personality was that he was a person of firm resolve, of firm determinations. He stood strongly for his convictions. One reason for his remarkable achievements as a good administrator was his commitment to his convictions. He was never prepared to compromise or dilute his convictions for immediate gains.

One could enumerate many more beautiful things about this wonderful priest. But due to the constraint of space, I conclude. Speaking in human terms, Father Kottarathilís ëuntimelyí departure was a great loss not only to the Syro-Malankara Catholic Church, but to the Church Universal. But Godís plans are beyond any human expectation or calculations. So, we believe that Father Kottarathil is today in the company of Godís saints, along with his great uncle Servant of God Mar Ivanios, constantly promoting the cause of the Malankara Church and of the whole of humanity that he loved so much and served so intensely. May his memory continue to inspire many more generations!

www.malankaralibrary.com





# Memories From A Former Student's Perspective



***RACHEL MATHEW**
Associate Manager, Dubai Air Port

"When I was asked by my old classmate, my friend and hostel mate (Annie Oommen – niece of Kottarathil Achen), to say a few words about Father Thomas Kottarathil, I felt tears tingle in my eyes as I always remember him as my most favourite principal at Mar Ivanios College; he guided us like no other.

Kottarathil Achen, more lovingly called "Princy Achen," was like no other. He never raised his voice, but was very well respected; was never harsh, yet revered and was truly inspirational for all of us. He was always groomed well - the sight of his white habit would drive even the rowdiest scurrying into their classes. He would go around the campus again and again making sure everyone was in class.

For me, when I joined Ivanios College, I already had two sisters studying there and I will never forget his words to me .. He said: "you are lucky to have such outstanding sisters, but I want to see you shine as bright if not brighter." Powerful words that stayed with me and made me work to the best of my ability and I was certainly able to make him proud as I was a first rank holder when I graduated.

I also remember the special blessings I received from Kottarathil Achen; at every annual award ceremony, he would bless me as I bowed down in front of him. I believed in his blessings, as I knew that I needed them to take me further.

The days at Mar Ivanios College certainly shaped me into who I am today and I know that a college is shaped by the person at its helm. He commanded respect even by the loudest strike callers. He ensured teachers taught and brought us the best of them. I will always remember him with respect and gratitude for helping to shape me over the 5 years I was at Ivanios, to become the person that I am today.

Rest In Peace Princy Achen... I know that everything up in heaven will be in order, because you are up there helping them."

*The author is a former student of Mar Ivanios College & BSc Zoology Kerala University 1st rank holder



www.malankaralibrary.com



# A Principal of Principles



**Dr Abraham Joseph**
Head Department of English
Mar Ivanios College, Thiruvananthapuram

Each captain, who was ordained to lead Mar Ivanios College, the flagship of the Malankara Churchís educational endeavours had a unique style. Rev Dr Thomas Kottarathil who was the principal from 1984 to 1991 was like a loving son taking care of his mother in his relationship with the college. His mind, body and soul had the college as the central concern.

Endowed with spiritual strength, scientific temperament and inspiring communication skills he led the college in its transition from the 20th century mindset to the expanding possibilities of the 21st century. I often draw a parallel between him and the late Indian Prime Minister Rajiv Gandhi. Both prepared us for the new millennium but left us in 1991 much before it dawned. Though chemistry was his specialization, he was well versed in literary works of Malayalam, English and French. He developed good economic sense. He had the qualities of a visionary with a road map to the future.

I studied in Mar Ivanios College from 1977 till 1984. Rev Fr Kottarathil was an old student of our college and had a reputation as a brilliant teacher. He served as the bursar and it was in this capacity that I used to interact with him. I sought his blessings before my quiz outings and he used to ask me about my teamís performance. He reeled out names of books I had to read and said that I should consider teaching as my career. He was on the panel which interviewed me for the post of lecturer in Mar Ivanios College.

Most college magazines in the latter half of the last century had a mandatory picture of the principal attending a phone call. It was considered the mark of being techno-savvy. Rev. Dr Kottarthil was one of the first to be seen in front of a computer. The introduction of computers to our college ahead of others was the result of his insightful initiative. With the help of the Royal family of Travancore, whose scions are products of our college, he set up a computer centre which was unheard of in those days. He also set up the intercom connecting the far flung departments of the college.

The long, dusty and rundown pathway to the main building from the

www.malankaralibrary.com

main gate was transformed to look like a tree lined avenue probably because of his exposure to European models. In fact the majestic arch which adorns the entrance to the Bethany Hills now renamed Mar Ivanios Vidya Nagar was built with the help of AMICOS the alumni association guided by our ëKottarathil Achení.

Today most educational institutions take security measures very seriously. There was a time when campuses were vulnerable to the unimpeded incursions of undesirable elements. The sprawling campus of Mar Ivanios College without hedge, fence or walls was no exception. Father posted sentries in vantage points. He also took bold steps to secure the campus by blocking the trodden path leading to the colony in the northern boundary of the campus. This was the conduit for several objectionable outsiders. However, it was also a convenient shortcut for a few members of the campus community to reach the college and surrounding institutions. Father stood his ground and as parleys and negotiations failed, things took an ugly turn. The affected teachers legitimately expressed their anguish. Before an amicable solution could be found, a dastardly attack was mounted on the principal under the cover of darkness. The wall was pulled down and paid hirelings tried to mortally wound him.

The ëmorning afterí is etched in the memory of everyone who was present on campus. Hostellers and day scholars were seething with fury. Some of it was misdirected against the innocent members of the staff, who happened to stay in the colony. This was quickly quelled by voices of sanity. Then Rev. Father addressed the college from the corridor of the principalís room. It was one of the most stirring speeches I ever heard in my life. He explained the need for the wall to protect our young boys and girls. He detailed the attempt on his life and reminded the listeners that the one image which filled his mind, when the attackers drew the sword was that of his mother who had lost her husband early in life and was mourning the death of her younger son and now grieving over the fall of the surviving son. He choked. He wiped a tearÖher prayers saved him, he told the teary eyed audience.

A large contingent of the members of the campus marched to the secretariat 5 km away to petition the authorities. One of the slogans still echoing in my ears referred to the attack on ì*njangalude omal principal*.î I wonder whether in any context anywhere in Kerala, students referred even once to the head of their institution as ëour beloved principalí in a procession. Such was the affection his students had for this principal of principles.

Any campus with youngsters needs advice and counseling from professionally trained persons. Father entrusted the task to the ever pleasant Rev. Dr. Thomas Pannicker. Realizing the potential of the batch of young teachers joining the college, Rev. Fr Thomas Kottarathil found time to groom them and encourage them to pursue their research activities and attend workshops and conferences often funding their trips. He made it a point to ask them for a summary of what they gained at the meets irrespective of the subjects. He ingrained deep love for the college in them. Father was a voracious reader and retained in his memory the quintessence of the thoughts in the books he devoured. This made his speeches illuminating. I accompanied him to a few book fairs to select books for the main and department libraries. It was a joy to see his passion for books.


One of the dreams Rev. Fr Thomas Kottarathil left unfinished was the campus stadium. Its transformation into a fully operational sports complex should someday come true with internationally approved track, field, gallery, floodlights, gymnasium, clinic and rest rooms. It could be a fitting memorial to the late principal, who instilled a sense of ownership and pride in many of us.

I remember a trip with Rev. Father to the military hospital at Pangode, where one of our teachers was recuperating after a spell of brain fever. Her husband the colonel described in detail how they almost lost her to the clutches of death and pulled her up from the abyss. Father quickly grabbed a chair near the bed, sat down, peered into the tired but smiling teacherís eyes and asked,î Sally, could you give me that brink experience.î I thought it was an excess of scientific inquiry. On the way back he said, ìI could see that she wanted to give her version. It was a sign of her recovery!î

Rev. Dr Thomas Kottarathil was in every sense an asset to the Malankara Syrian Catholic Church and community. When he left the college many of us hoped that the Church would elevate him to higher duties, which could help him steer the destiny of the college. Before anything of that nature happened he was called to his heavenly abode. The loss was tragic, deeply disturbing and devoid of any logic. Yet the silver lining was that he left behind a shining model to illumine the path of his successors.




www.malankaralibrary.com



അലീറ്റാ അജയ്

# പഞ്ചാര അപ്പച്ചൻ

# ഞങ്ങളുടെ വരകളിലൂടെ....



ജിബിൻ ജെ. കളിക്കൽ



ലിയോ ആന്റണി ജോർജ്ജ്

www.malankaralibrary.com



ജനനം 13-09-1936

പൗരോഹിത്യ
സ്വീകരണം 03-10-1961

നിത്യതയിലേക്ക്
ചേർക്കപ്പെട്ടത് 26-12-1991

www.malankaralibrary.com

സ്നേഹസ്മരണികയുടെ

പ്രവർത്തനങ്ങളുമായി

സഹകരിച്ച

ഏവർക്കും

ഹൃദയം നിറഞ്ഞ

# നന്ദി

ചീഫ് എഡിറ്റർ